

# TRICHUR ARCHDIOCESAN BULLETIN

ARCHDIOCESE OF TRICHUR

83 YEARS OF PUBLICATION 1934-2017

JANUARY 2017

# പ്രാർത്ഥനാശംസകൾ

അതിരൂപത ബുള്ളറ്റിന്റെ

ചീഫ് എഡിറ്ററായി സ്തുത്യർഹമായ

സേവനം ചെയ്തുവന്നിരുന്ന

**റവ. ഫാ. ഫ്രാൻസീസ് ആലൂർ അച്ചനും**

അസോ. എഡിറ്ററായി സേവനം ചെയ്തുവന്ന

**റവ. ഫാ. ഡൊമിനിക് തലക്കോടനച്ചനും**

അതിരൂപതയുടെ നന്ദിയും

പുതിയതായി ചീഫ് എഡിറ്ററായി

ചാർജെടുത്ത

**റവ. ഫാ. നൈസൺ എലന്താനത്തച്ചന്**

അതിരൂപതയുടെ സ്വാഗതവും...

TRICHUR
ARCHDIOCESAN
# Bulletin

പുസ്തകം : 84
മാർച്ച് 2017
ലക്കം : 3

*Imprimatur*
(Sd)

**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***

**Fr. Nysson Alanthanath**

**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

## ഈ ലക്കത്തിൽ


- ❖ സർക്കുലർ 5
- ❖ ഇടയലേഖനം 15
- ❖ സർക്കുലർ 24
- ❖ കച്ചേരികാര്യം 32
- ❖ അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ –മാർച്ച് 48
- ❖ സഹായമെത്രാന്റെ പരിപാടികൾ – മാർച്ച് 49
- ❖ നാളാഗമം 51
- ❖ നാമകരണ നടപടികൾ 54
- ❖ സാമ്പത്തിക കാര്യാലയം 55
- ❖ വൈദികർ 58
- ❖ സന്യസ്തർ 61
- ❖ സ്ഥാപനങ്ങൾ 67
- ❖ സാന്ത്വനം 101
- ❖ സംഘടനകൾ 105

Ref: 3003 /K 35/OL/KCBC/DS

10.2.2017

# ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച നോമ്പുകാലസന്ദേശം - 2017

*വചനം ഒരു ദാനമാണ്, മറ്റു വ്യക്തികൾ ഒരു ദാനമാണ്*

പ്രിയ സഹോദരീസഹോദരന്മാരേ,

നോമ്പുകാലം ഒരു പുതിയ തുടക്കമാണ്. മരണത്തിൻമേൽ ക്രിസ്തുനേടിയ വിജയമാകുന്ന ഉത്ഥാനം എന്ന ലക്ഷ്യത്തിലേക്കു നയിക്കുന്ന പാതയാണ്. മാനസാന്തരപ്പെടാൻ ഈ കാലം നമ്മെ നിർബന്ധിക്കുന്നു. "പൂർണഹൃദയത്തോടെ" (ജോയേൽ 2:12) ദൈവത്തിലേക്ക് പിന്തിരിയാനും മന്ദത ഉപേക്ഷിച്ച് കർത്താവുമായുള്ള സൗഹൃദബന്ധത്തിൽ വളരാനും ക്രൈസ്തവരോട് അത് ആവശ്യപ്പെടുന്നു. നമ്മെ ഒരിക്കലും ഉപേക്ഷിക്കാത്ത വിശ്വസ്തനായ സുഹൃത്താണ് യേശുക്രിസ്തു. നമ്മൾ പാപം ചെയ്യുമ്പോഴും അവിടന്ന് നമ്മുടെ തിരിച്ചുവരവിനായി ക്ഷമാപൂർവം കാത്തിരിക്കുന്നു. ക്ഷമാപൂർവകമായ ആ പ്രതീക്ഷ വഴി ക്ഷമിക്കാനുള്ള അവിടത്തെ സന്നദ്ധത നമുക്കു വ്യക്തമാക്കിത്തരുന്നു (cf Homily, 8 January 2016).

സഭ നല്കുന്ന വിശുദ്ധീകരണ മാർഗങ്ങളിലൂടെ ആധ്യാത്മിക ജീവിതം ആഴപ്പെടുത്താൻ അനുകൂലമായ കാലമാണ് നോമ്പുകാലം. ഉപവാസം, പ്രാർത്ഥന, ധർമ്മദാനം എന്നിവയാണ് വിശുദ്ധീകരണ മാർഗങ്ങൾ. എല്ലാറ്റിന്റെയും അടിസ്ഥാനമായിട്ടുള്ളത് ദൈവവചനമാണ്. ദൈവവചനം കേൾക്കാനും അതിനെപ്പറ്റി കൂടുതൽ ആഴത്തിൽ ചിന്തിക്കാനും നോമ്പുകാലത്തു നാം ക്ഷണിക്കപ്പെടുന്നു. ഇവിടെ സമ്പന്നനായ മനുഷ്യന്റെയും ലാസറിന്റെയും ഉപമയെപ്പറ്റി ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു (cf ലൂക്കാ 16:19-31). അർത്ഥ

പൂർണമായ ഈ കഥയിൽ നിന്ന് നമുക്കു പ്രചോദനം സ്വീകരിക്കാം. കാരണം, യഥാർത്ഥ സന്തോഷവും നിത്യജീവനും നേടാൻ നാം എന്താണു ചെയ്യേണ്ടതെന്ന് ആ ഉപമ പഠിപ്പിക്കുന്നു. ആത്മാർത്ഥമായി മാനസാന്തരപ്പെടാൻ അത് ആഹ്വാനം ചെയ്യുന്നു.

**1. അന്യവ്യക്തി ഒരു ദാനമാണ്**

ആ ഉപമ തുടങ്ങുന്നത് പ്രധാനപ്പെട്ട രണ്ടു കഥാപാത്രങ്ങളെ അവതരിപ്പിച്ചുകൊണ്ടാണ്. ദരിദ്രനായ മനുഷ്യനെപ്പറ്റി കൂടുതൽ വിവരങ്ങൾ നല്കുന്നുണ്ട്. അയാൾ കഷ്ടതയിൽപ്പെട്ട് നില്ക്കാൻപോലും കഴിവില്ലാതായവനാണ്. അയാൾ സമ്പന്നന്റെ പടിവാതുക്കൽക്കിടന്ന് സമ്പന്നന്റെ മേശയിൽ നിന്നു വീഴുന്ന അപ്പകഷണങ്ങൾ തിന്നു കഴിയുന്നു. അയാളുടെ ശരീരം മുഴുവനും വ്രണമാണ്. പട്ടികൾ വന്ന് അയാളുടെ മുറിവുകൾ നക്കിക്കൊണ്ടിരുന്നു (cf വാ. 20-21). വലിയ കഷ്ടതയുടെ ചിത്രമാണിത്. നിർഭാഗ്യവാനും സഹതാപത്തിന് അർഹനുമായ ഒരു മനുഷ്യനെ അതു ചിത്രീകരിക്കുന്നു.

ആ ദരിദ്രൻ ലാസർ എന്നു വിളിക്കപ്പെടുന്നുവെന്ന കാര്യം പരിഗണിക്കുമ്പോൾ ചിത്രം കൂടുതൽ നാടകീയമായിത്തീരുന്നു. വാഗ്ദാനങ്ങൾ നിറഞ്ഞവൻ എന്നാണ് ആ പേരുകൊണ്ട് ഉദ്ദേശിക്കുന്നത്. ആ പേരിന്റെ വാച്യാർത്ഥം "ദൈവം സഹായിക്കുന്നു" എന്നാണ്. ഈ കഥാപാത്രം അജ്ഞാതമല്ല. അയാളുടെ സവിശേഷതകൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. സ്വന്തം ചരിത്രമുള്ള വ്യക്തിയായി അയാൾ കാണപ്പെടുന്നു. അയാൾ സമ്പന്നന് പ്രായോഗികമായി അദൃശ്യനാണെങ്കിലും പരിചയക്കാരനായി അയാളെ നാം കാണുകയും അറിയുകയും ചെയ്യുന്നുണ്ട്. അയാൾ ഒരു മുഖമാണ്. ആ നിലയിൽ ഒരു ദാനമാണ്,

അമൂല്യനിധിയാണ്. സമൂദായഭ്രഷ്ടനെന്ന നിലയാണ്, വസ്തുനിഷ്ഠമായി അയാൾക്കുള്ളതെങ്കിലും ദൈവം സ്നേഹിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുന്ന ഒരു മനുഷ്യനാണ് (cf Homily, 8 January 2016).

മറ്റു വ്യക്തികൾ ഒരു ദാനമാണെന്ന് ലാസർ നമ്മെ പഠിപ്പിക്കുന്നു. ആളുകളുമായുള്ള ശരിയായ ബന്ധം അവരുടെ മൂല്യത്തെ നന്ദി

പൂർവം അംഗീകരിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്. സമ്പന്നന്റെ വാതിൽ പ്പടിക്കൽ കിടക്കുന്ന ദരിദ്രൻ പോലും ഒരു ശല്യമല്ല. പിന്നെയോ മാനസാന്തരത്തിനും മാറ്റത്തിനുംവേണ്ടിയുള്ള വിളിയാണ്. നമ്മുടെ ഹൃദയത്തിന്റെ വാതിലുകൾ തുറക്കാൻ ഈ ഉപമ ഒന്നാമതായി നമ്മെ പഠിപ്പിക്കുന്നു. കാരണം, ഓരോ വ്യക്തിയും ഒരു ദാനമാണ്. ആ വ്യക്തി നമ്മുടെ അയൽക്കാരനായാലും അറിയപ്പെടാത്ത ദരിദ്രനായാലും ഒരു ദാനമാണ്. ആവശ്യത്തിൽപ്പെട്ട എല്ലാവരെയും തിരിച്ചറിയാനും അവരിൽ യേശുവിന്റെ മുഖം കാണാനുംവേണ്ടി വാതിലുകൾ തുറക്കാനുള്ള സമുചിതമായ സമയമാണ് നോമ്പുകാലം. ഓരോ ദിവസവും ഇത്തരത്തിലുള്ളവരെ നാം കണ്ടുമുട്ടുന്നുണ്ട്. സ്വീകരണവും ആദരവും സ്നേഹവും അർഹിക്കുന്ന ഒരു ദാനമാണ് നാം ഓരോ ദിവസവും കണ്ടുമുട്ടുന്ന ഓരോ ജീവിതം. ജീവനെ സ്വാഗതം ചെയ്യാനും സ്നേഹിക്കാനും, പ്രത്യേകിച്ച് അത് ദുർബലവും മുറിപ്പെടാവുന്നതുമാണെങ്കിൽ, നമ്മുടെ കണ്ണുകൾ തുറക്കാൻ ദൈവവചനം നമ്മെ സഹായിക്കുന്നു. പക്ഷേ, അങ്ങനെ ചെയ്യുന്നതിന്, സുവിശേഷം സമ്പന്നനെപ്പറ്റി പറയുന്നതെന്താണെന്ന് ഗൗരവപൂർവം പരിഗണിക്കണം.

**2. പാപം നമ്മെ ബന്ധിക്കുന്നു**

സമ്പന്നനായ മനുഷ്യനോടു ബന്ധപ്പെട്ട വൈരുധ്യങ്ങൾ ഉപമയിൽ പൂർണമായി വിവരിച്ചിട്ടുണ്ട് (cf വാ. 19). ലാസറിനുള്ളതുപോലെ ഒരു പേര് സമ്പന്നനില്ല. അയാൾ വെറുതെ "സമ്പന്നനായ മനുഷ്യൻ" എന്നുമാത്രം വിളിക്കപ്പെടുന്നു. അയാളുടെ സമ്പത്തിന്റെ അതിസമൃദ്ധി അയാളുടെ അനിയന്ത്രിതവും അമിതച്ചെലവുള്ളതുമായ വസ്ത്രങ്ങളിൽത്തന്നെ കാണാവുന്നതാണ്. ചെമന്നപട്ട് വെള്ളിയെക്കാളും സ്വർണത്തെക്കാളും വിലകൂടിയതായിരുന്നു. അതുകൊണ്ട് അത് അവയെല്ലാം ദേവന്മാർക്കും (cf ജറ 19:9), രാജാക്കന്മാർക്കും (cf ന്യായാ 8:26) മാത്രം ഉപയോഗിക്കാവുന്നവയായിരുന്നു. മൃദുലവസ്ത്രം അതു ധരിക്കുന്നവന് മിക്കവാറും വിശുദ്ധരുടെ ഭാവം നല്കിയിരുന്നു. അയാൾ സ്വന്തം സമ്പത് സമൃദ്ധിയെ പ്രദർശിപ്പിക്കാൻ ശീലമായിട്ടുള്ളവനായിരുന്നുവെന്നതു വ്യക്തമാണ്. അത് അയാൾ എല്ലാദിവസവും പ്രദർശിപ്പിക്കുകയും ചെയ്തു. അയാൾ

“എന്നും സുഭിക്ഷമായി ഭക്ഷിച്ച് ആനന്ദിക്കുകയും ചെയ്തിരുന്നു” (cf വാ.19) അയാളിൽ പാപംകൊണ്ടുള്ള ഭൂഷണത്തെ നമുക്കു നാടകീയമായി കാണാൻ കഴിയും. അത് അനുക്രമമായ മൂന്നു ഘട്ടങ്ങളിലൂടെ പുരോഗമിക്കുന്നു. ധനമോഹം, പൊള്ളയായ സ്വയം ആത്മാഭിമാനം, അഹങ്കാരം എന്നിവയാണ് ആ ഘട്ടങ്ങൾ (cf Homily, 20 Sept. 2013).

വിശുദ്ധ പൗലോസ് അപ്പസ്തോലൻ ഇങ്ങനെ പഠിപ്പിക്കുന്നു: “ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിവേര്” (1 തിമോ 6:10). അതാണ് അഴിമതിയുടെ കാരണം, അസൂയ, മത്സരം, സംശയം എന്നിവയുടെ ഉറവിടവും അതാണ്. പണത്തിന് നമ്മുടെമേൽ ആധിപത്യം പുലർത്താൻ കഴിയും. സ്വേഛാധിപത്യപരമായ വിഗ്രഹമായിത്തീരാൻപോലും കഴിയും (cf സുവിശേഷത്തിന്റെ സന്ദേശം 55). നന്മ ചെയ്യാനും മറ്റുള്ളവരുമായുള്ള ഐക്യദാർഢ്യം കാണിക്കാനും നമ്മെ സേവിക്കുന്ന ഒരു ഉപകരണമായിരിക്കേണ്ടതാണു പണം. പക്ഷേ അത് അതിനുപകരം നമ്മെയും മുഴുവൻ ലോകത്തെയും സ്നേഹിക്കാൻ ഇടം തരാത്തതും സമാധാനത്തെ തടയുന്നതുമായ സ്വാർത്ഥതയുടെ യുക്തിയിൽ കെട്ടിയിടും.

അങ്ങനെ സമ്പന്നനെ അയാളുടെ അത്യാഗ്രഹം ശൂന്യനാക്കുന്നുവെന്ന് ഈ ഉപമ കാണിച്ചുതരുന്നു. അയാളുടെ വ്യക്തിത്വം തനിക്ക് എന്തുചെയ്യാൻ കഴിയുമെന്ന് മറ്റുള്ളവരെ കാണിക്കുന്നതിൽ, പ്രദർശനങ്ങളിൽ, പ്രകാശിപ്പിക്കപ്പെടുന്നു. എന്നാൽ അയാളുടെ ബാഹ്യശോഭ അയാളുടെ ആന്തരികശൂന്യതയെ മറച്ചുവയ്ക്കുന്നു. അയാളുടെ ജീവിതം ബാഹ്യപ്രകടനത്തിന്റെ തടവുകാരനാണ്, അസ്തിത്വത്തിന്റെ ഏറ്റവും ഉപരിപ്ലവവും ക്ഷണഭംഗുരവുമായ വശങ്ങളുടെ തടവുകാരനാണ് (cf ibid, 62).

അയാളുടെ ധാർമ്മികാധഃപതനത്തിന്റെ ഏറ്റവും അടിയിലെ ചവിട്ടുപടി അഹങ്കാരമാണ്. സമ്പന്നനായ ആ മനുഷ്യൻ രാജാവിനെപ്പോലെ വേഷങ്ങൾ അണിയുന്നു, ഒരു ദൈവത്തെപ്പോലെ പെരുമാറുന്നു. കേവലം മരണമുള്ളവനാണ് താനെന്ന് അയാൾ മറക്കുന്നു. സമ്പത്തിനോടുള്ള സ്നേഹത്താൽ ജീർണിച്ചവർക്ക് അവരുടെ തന്നെ അഹംഭാവമല്ലാതെ മറ്റൊന്നുമില്ല. തങ്ങൾക്കു ചുറ്റുമുള്ളവരെ

അവർ കാണുന്നില്ല. പണത്തോടുള്ള ഒട്ടിച്ചേരൽ ഒരുതരം അന്ധത യാണ്. വിശന്നും മുറിവേറ്റും തന്റെ വാതിൽപ്പിടിക്കൽ കിടക്കുന്ന ദരിദ്രനെ സമ്പന്നൻ കാണുന്നേയില്ല.

ഈ കഥാപാത്രത്തിലേക്കു നോക്കുമ്പോൾ നമുക്കു മനസ്സിലാകും എന്തുകൊണ്ടാണ് സുവിശേഷം ഇത്ര കർക്കശമായി ദ്രവ്യാഗ്രഹത്തെ ശപിക്കുന്നതെന്ന്: "രണ്ട് യജമാനന്മാരെ സേവിക്കാൻ ആർക്കും കഴി യുകയില്ല. ഒന്നുകിൽ ഒരുവനെ ദ്വേഷിക്കുകയും അപരനെ സ്നേഹി ക്കുകയും ചെയ്യും; അല്ലെങ്കിൽ ഒരുവനെ ബഹുമാനിക്കുകയും അപ രനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും മാമ്മോനെയും ഒരേ സമയം സേവിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല" (മത്താ 6:24).

**3. വചനം ഒരു ദാനമാണ്**

സമ്പന്നനെയും ലാസറിനെയും കുറിച്ചുള്ള സുവിശേഷം ഈസ്റ്റ റിനായി നന്നായിട്ട് ഒരുങ്ങാൻ നമ്മെ സഹായിക്കുന്നു. വിഭൂതി ബുധ നാഴ്ചയിലെ ലിറ്റർജി സമ്പന്നന്റേതിനോടു തികച്ചും സമാനമായ ഒരനുഭവത്തിലേക്കു നമ്മെ ക്ഷണിക്കുന്നുണ്ട്. വൈദികർ തലയിൽ ചാരം പുരട്ടുമ്പോൾ ഈ വാക്കുകൾ ആവർത്തിക്കുന്നു: "നീ പൊടി യാണെന്നും പൊടിയിലേക്കു പിന്തിരിയുമെന്നും ഓർക്കുക". സമ്പ ന്നനും ദരിദ്രനും മരിച്ചു. ആ ഉപമയിലെ വലിയ ഭാഗവും സംഭവി ക്കുന്നത് മരണാനന്തരജീവിതത്തിലാണ്. രണ്ടു കഥാപാത്രങ്ങളും ഒരു വസ്തുത പെട്ടെന്ന് തിരിച്ചറിയുന്നു. "നാം ഈ ലോകത്തിലേക്ക് ഒന്നും കൊണ്ടുവന്നില്ല. ഇവിടെ നിന്ന് ഒന്നും കൊണ്ടുപോകാനും നമുക്കു സാധിക്കുകയില്ല" എന്നതാണ് ആ വസ്തുതത.

മരണാനന്തരജീവിതത്തിൽ എന്തു സംഭവിക്കുന്നുവെന്നും നമ്മൾ കാണുന്നു. സമ്പന്നൻ അവസാനം അബ്രാഹത്തോടു സംസാരിക്കു ന്നു. അബ്രാഹത്തെ അയാൾ "പിതാവേ" എന്നു വിളിക്കുന്നു (ലൂക്കാ 16:24-27). താൻ ദൈവജനത്തിലെ അംഗമാണെന്ന് സൂചിപ്പിക്കാനാ ണത്. ഈ വിശദീകരണം അയാളുടെ ജീവിതത്തെ കൂടുതൽ വൈരു ദ്ധ്യമുള്ളതാക്കുന്നു. കാരണം ആ നിമിഷംവരെ തനിക്ക് ദൈവത്തോ ടുള്ള ബന്ധം അയാൾ സൂചിപ്പിച്ചിട്ടില്ല. യഥാർത്ഥത്തിൽ അയാളുടെ ജീവിതത്തിൽ ദൈവത്തിന് സ്ഥാനമുണ്ടായിരുന്നില്ല. അയാളുടെ ഏകദൈവം അയാളായിരുന്നു.

മരണാനന്തര ജീവിതത്തിലെ പീഡനങ്ങൾക്കിടയിൽ മാത്രമാണ് ആ സമ്പന്നൻ ലാസറിനെ തിരിച്ചറിയുന്നത്. തന്റെ സഹനം കുറയ്ക്കാൻ ആ ദരിദ്രൻ ഒരു തുള്ളി വെള്ളം കൊടുക്കണമെന്ന് അയാൾ ആഗ്രഹിക്കുന്നു. അയാൾക്ക് ചെയ്യാൻ കഴിയുമായിരുന്നതും എന്നാൽ ഒരിക്കലും ചെയ്യാതിരുന്നതുമായ ഒരു കാര്യത്തോടു സമാനമായ ഒരു കാര്യമാണ് ലാസറിനോട് അയാൾ ഇപ്പോൾ ആവശ്യപ്പെടുന്നത്. അബ്രാഹം സമ്പന്നനോടു പറയുന്നു: "മകനേ, നീ ഓർമ്മിക്കുക, നിനക്ക് ജീവിതകാലത്ത് എല്ലാ സുഖസൗകര്യങ്ങളും ലഭിച്ചിരുന്നു. ലാസറിനോ കഷ്ടതകളും. ഇപ്പോൾ അവൻ ഇവിടെ ആനന്ദിക്കുകയും നീ വേദന അനുഭവിക്കുകയും ചെയ്യുന്നു" (വാക്യം 25). സമ്പന്നൻ പറഞ്ഞ തടസ്സവാദങ്ങളെ എല്ലാം എതിർത്തുകൊണ്ട് അബ്രാഹം പറയുന്നു: "മോശയും പ്രവാചകന്മാരും പറയുന്നത് അവർ കേൾക്കുന്നില്ലെങ്കിൽ മരിച്ചവരിൽ നിന്ന് ഒരുവൻ ഉയിർത്താലും അവർക്ക് ബോധ്യമാകുകയില്ല" (വാക്യം 31).

അങ്ങനെ, സമ്പന്നന്റെ യഥാർത്ഥപ്രശ്നം വെളിവാകുന്നു. ദൈവവചനം കേൾക്കുന്നതിൽ പരാജയപ്പെട്ടു എന്നതാണ് അയാളുടെ എല്ലാ കഷ്ടതകളുടെയും അടിസ്ഥാനം. ദൈവത്തിന്റെ വചനം കേൾക്കാത്തതിന്റെ ഫലമായി അയാൾ ദൈവത്തെ ഒട്ടും സ്നേഹിച്ചില്ല. അയൽക്കാരനെ കൂടുതൽ കൂടുതൽ പുഛരിക്കുകയും ചെയ്തു. ദൈവവചനം സജീവവും സുശക്തവുമാണ്; ഹൃദയങ്ങളെ മാനസാന്തരപ്പെടുത്താനും അവയെ ദൈവത്തിലേക്ക് തിരിച്ചുകൊണ്ടു ചെല്ലാനും കഴിവുള്ളതാണ്. നമ്മൾ ദൈവവചനമാകുന്ന ദാനത്തിനെതിരേ ഹൃദയവാതിൽ അടയ്ക്കുമ്പോൾ നമ്മുടെ സഹോദരീസഹോദരന്മാരാകുന്ന ദാനത്തിനെതിരേ ഹൃദയവാതിൽ അടയ്ക്കുകയാണ്.

പ്രിയസുഹൃത്തുക്കളേ, ക്രിസ്തുവായുമുള്ള നമ്മുടെ ബന്ധം പുതുക്കാൻ, അവിടത്തെ വചനത്തിലും കൂദാശകളിലും നമ്മുടെ അയൽക്കാരിലും ജീവിച്ചുകൊണ്ട് അവിടന്നുമായുള്ള നമ്മുടെ ബന്ധം പുതുക്കാൻ, അനുകൂലമായ കാലമാണ് നോമ്പുകാലം. നാല്പതുദിവസത്തെ ഉപവാസകാലത്ത് പ്രലോഭകന്റെ വഞ്ചനകളെ കീഴടക്കിയ കർത്താവ്, നമ്മൾ സഞ്ചരിക്കേണ്ട വഴി കാണിച്ചുതരുന്നു.

മാനസാന്തരത്തിലേക്കുള്ള യഥാർത്ഥ യാത്രയിൽ പരിശുദ്ധാത്മാവ് നമ്മെ നയിക്കാൻ ഇടയാകട്ടെ. അങ്ങനെ ദൈവവചനമാകുന്ന ദാനം തിരിച്ചറിയാനും നമ്മെ കുരുടന്മാരാക്കുന്ന പാപത്തിൽ നിന്ന് വിശുദ്ധീകരിക്കപ്പെട്ടവരാകാനും ആവശ്യത്തിൽപ്പെട്ട നമ്മുടെ സഹോദരീസഹോദരന്മാരിൽ സന്നിഹിതനായിരിക്കുന്ന ക്രിസ്തുവിനുവേണ്ടി സേവനം ചെയ്യാനും നമുക്കു കഴിയട്ടെ.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സഭാപരമായ സംഘടനകൾ നടത്തുന്ന നോമ്പുകാല ക്യാപെയ്നു കളിൽ പങ്കുചേർന്നുകൊണ്ടും അങ്ങനെ നമ്മുടെ ഏക മനുഷ്യകുടുംബത്തിൽ കണ്ടുമുട്ടലിന്റെ സംസ്കാരത്തെ അനുകൂലിച്ചുകൊണ്ടും ഈ ആധ്യാത്മിക നവീകരണത്തോട് വിശ്വസ്തത കാണിക്കാൻ ഞാൻ എല്ലാ വിശ്വസികളെയും പ്രോത്സാഹിപ്പിക്കുന്നു. നമുക്ക് ഓരോരുത്തർക്കും പരസ്പരം പ്രാർത്ഥനാസഹായം നല്കാം. അങ്ങനെ ക്രിസ്തുവിന്റെ വിജയത്തിൽ പങ്കുചേർന്നുകൊണ്ട് ദുർബലർക്കും ദരിദ്രർക്കുമായി നമ്മുടെ വാതിലുകൾ തുറക്കാം. അപ്പോൾ ഈസ്റ്ററിന്റെ സന്തോഷം അനുഭവിക്കാനും അതിൽ പൂർണമായി പങ്കുചേരാനും നമുക്കു കഴിയും.

വത്തിക്കാനിൽ നിന്ന്, 18 ഒക്ടോബർ 2016

**ഫ്രാൻസിസ് മാർപാപ്പ**

Ref: 3005/K-5/KCBC/OL/DS

15.2.2017

# മാർച്ച് 4 – ഫാ. ടോം ഉഴുന്നാലിൽ എസ്.ഡി.ബി. ബന്ദിയാക്കപ്പെട്ടതിന്റെ വാർഷിക ദിനാചരണം

യേശുവിൽ സഹോദരീസഹോദരന്മാരേ,

ഇന്ന് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ, പ്രത്യേകിച്ചും മധ്യ പൂർവരാജ്യങ്ങളിൽ, ക്രൈസ്തവ സഹോദരങ്ങൾ അതിക്രൂരമായി പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണെന്നുള്ള വസ്തുത എല്ലാവർക്കും അറിവുള്ളതാണല്ലോ. പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പായും ആഗോളസഭയും നാൾക്കുനാൾ വർധിച്ചുവരുന്ന ക്രൈസ്തവ പീഡനങ്ങളിൽ വളരെയധികം ഉത്ക്കണ്ഠാകുലരാണ്. യുദ്ധവും കലഹവും മൂർധന്യാവസ്ഥയിൽ എത്തിനില്ക്കുന്ന സിറിയ, യെമൻ മുതലായ രാജ്യങ്ങളിൽ ഏറ്റവുമധികം നിഷ്ഠൂരമായി കൊലയ്ക്കും മൃഗീയമായ പീഡനങ്ങൾക്കും ഇരകളായിക്കൊണ്ടിരിക്കുന്നത് ആ രാജ്യങ്ങളിലെ ക്രൈസ്തവ സഹോദരങ്ങളാണ്.

ലോകമനസ്സാക്ഷിയെയും അതിലുപരിയായി, ഇന്ത്യയിലെ ക്രൈസ്തവ സമൂഹത്തെയും അതിയായി നടുക്കിയ ദാരുണ സംഭവമാണല്ലോ യെമൻ എന്ന രാജ്യത്തെ ഏദനിൽ മദർ തെരേസ സഹോദരികൾ നടത്തിവന്നിരുന്ന അഗതി മന്ദിരത്തിൽ ഭീകരർ നടത്തിയ ആക്രമണം. രണ്ടായിരത്തിപതിനാറ് മാർച്ച് 4-ാംതീയതി ഇന്ത്യൻ സമയം രാവിലെ 8.45-ന് നടത്തിയ ഭീകരാക്രമണത്തിന് ഇരയായത് നാലു മദർതെരേസ സഹോദരികളും അവരുടെ 12 ജോലിക്കാരുമാണ്. ഏദനിലെ പള്ളി വികാരിയും സിസ്റ്റേഴ്സിന്റെയും പ്രവാസി കത്തോലിക്കരുടെയും ആത്മീയ പിതാവുമായ സലേഷ്യൻ വൈദികൻ ഫാ. ടോം ഉഴുന്നാലിൽ അച്ചനെ പരിശുദ്ധ കുർബാനയ്ക്കുശേഷം പ്രാർത്ഥിച്ചുകൊണ്ടിരിക്കേ സിസ്റ്റേ

ഴ്സിന്റെ ചാപ്പലിൽനിന്ന് തീവ്രവാദികൾ തട്ടിക്കൊണ്ടുപോകുകയും ചെയ്തു.

യെമനിലെ സഭകളുടെ ചുമതലയുള്ള അബുദാബി ബിഷപ്പ് അഭിവന്ദ്യ പോൾ ഹിൻഡർ പിതാവ് ഈ സംഭവം നടന്ന ഉടൻതന്നെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായെ അറിയിക്കുകയും പരിശുദ്ധ പിതാവ് നൂൺഷ്യോവഴി യു എ ഇ ഗവണ്മെന്റിനോട് ഭീകരാക്രമണത്തിൽനിന്ന് അത്ഭുതകരമായി രക്ഷപ്പെട്ട സിസ്റ്റർ സാലിയെ അവിടെ നിന്ന് രക്ഷപ്പെടുത്താനും ടോമച്ചന്റെ മോചനത്തിനായുമുള്ള എല്ലാ നടപടികളും സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുയുണ്ടായി. അതിൻപ്രകാരം സിസ്റ്റർ സാലിയെ സംഭവസ്ഥലത്തുനിന്ന് രക്ഷപ്പെടുത്തി സുരക്ഷിത സ്ഥലത്ത് എത്തിക്കുകയും, തുടർന്ന് അവരുടെ ജോർദ്ദനിലെ കോൺവെന്റിലേക്ക് മാറ്റുകയും ചെയ്തു.

ടോമച്ചന്റെ മോചനത്തിനായി പ്രാർത്ഥനകളും മറ്റെല്ലാ ശ്രമങ്ങളും വിവിധ തലങ്ങളിൽ ഗവണ്മെന്റും സഭയും നടത്തിക്കൊണ്ടിരിക്കുകയാണല്ലോ. എങ്കിലും ഇതുവരെയും അദ്ദേഹത്തെക്കുറിച്ച് മാധ്യമങ്ങളിൽ വരുന്ന വിവരങ്ങൾക്കുപരിയായി വ്യക്തമായ ഒരു ധാരണയും ഇല്ലായെന്നത് ഏറെ വേദനാജനകമാണ്. അദ്ദേഹത്തിന്റെ മോചനത്തിനായി ഇന്ത്യൻ ഗവണ്മെന്റും യു എ ഇ ഗവണ്മെന്റും വത്തിക്കാനും ഭാരതസഭയും സലേഷ്യൻ കോൺഗ്രിഗേഷനും കൂട്ടായ ശ്രമങ്ങൾ നടത്തിവരികയാണ്. സിബിസിഐയുടെ നേതൃത്വത്തിൽ ഇന്ത്യൻ സഭാസമൂഹവും ടോമച്ചൻ അംഗമായുള്ള സലേഷ്യൻ സഭയുടെ ബാംഗ്ലൂർ പ്രോവിൻസും ഗവണ്മെന്റുമായി നിരന്തരം ബന്ധപ്പെട്ട് പ്രധാനമന്ത്രി, വിദേശകാര്യമന്ത്രി, മുഖ്യമന്ത്രിഎന്നിവരുമായി നിരന്തരമായ കൂടിക്കാഴ്ചകൾ നടത്തി എത്രയും വേഗം അച്ചന്റെ മോചനം ഉറപ്പാക്കാൻ അഭ്യർത്ഥിക്കുകയുണ്ടായി. എല്ലാ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുന്നതായി അവർ ഉറപ്പ് നല്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ഈ വരുന്ന മാർച്ച് മാസം 4-ാംതീയതി ടോമച്ചൻ ബന്ദിയാക്കപ്പെട്ടിട്ട് ഒരുവർഷം തികയുകയാണ്. നമ്മുടെ ഭാഗത്തു നിന്ന് അച്ചന്റെ മോചനത്തിനായി എല്ലാ ശ്രമങ്ങളും ഊർജിതപ്പെടുത്തേണ്ടിയിരിക്കുന്നു. ആയതിനാൽ മാർച്ച് 4-ാംതീയതി ഏറ്റവും ഉചിതമായി അനുസ്മരിക്കുവാനായി കേരള കത്തോലിക്കാസഭ എടുത്ത തീരുമാനങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

കേരള ക്രൈസ്തവ സഭയുടെ നേതൃത്വത്തിൽ മാർച്ച് 4-ന് വൈകുന്നേരം 5 മണിക്ക് എറണാകുളം ടൗൺ ഹാളിൽ വച്ച് പ്രാർത്ഥനാസമ്മേളനവും അനുസ്മരണ കൂട്ടായ്മയും നടത്താൻ തീരുമാനിച്ചിരിക്കുന്നു. അന്നേദിവസം എല്ലാ ഇടവകകളിലും ടോം അച്ചന്റെ മോചനത്തിനായി പ്രാർത്ഥനാശുശ്രൂഷ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു. എറണാകുളം ടൗൺ ഹാളിൽ സംഘടിപ്പിക്കുന്ന പ്രാർത്ഥനയിലും യോഗത്തിലും വൈദികരും സന്ന്യസ്തരും, വിശ്വാസികളും, പ്രത്യേകിച്ച് അടുത്ത പ്രദേശങ്ങളിൽ നിന്നുമുള്ളവർ, പങ്കെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഏവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

**ആർച്ചുബിഷപ് മോസ്റ്റ് റവ. ഡോ. എം. സൂസ പാക്യം**
പ്രസിഡന്റ്, കെസിബിസി

---

NB: 2017 ഫെബ്രുവരി 19-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയാ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്. .

510/ 2017
14.02.2017 P-1

# ഇടയലേഖനം

## ആൻഡ്രൂസ് താഴത്ത്

ഈശോയിൽ സ്നേഹമുള്ള പ്രിയ ബഹു.വൈദികരേ, ബഹു. സമർപ്പിതരേ, പ്രിയ സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

ജീവിതനവീകരണത്തിനായി സഭാമാതാവ് നമ്മെ ഒരുക്കുന്ന വലിയ നോമ്പിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. നിങ്ങ ൾക്കേവർക്കും അനുഗ്രഹദായകമായ നോമ്പുകാലവും ഉത്ഥാന ത്തിന്റെ സന്തോഷവും ആശംസിക്കുന്നു. ഫ്രാൻസിസ് മാർപ്പാപ്പ 2017ലെ നോമ്പുകാലത്തേക്കായി നൽകിയ സന്ദേശത്തിൽ ഇപ്ര കാരം പറയുന്നു. "നോമ്പുകാലം ഒരു പുതിയ തുടക്കമാണ്. മര ണത്തിന്മേൽ ക്രിസ്തു നേടിയ വിജയമാകുന്ന ഉത്ഥാനം എന്ന ലക്ഷ്യത്തിലേക്ക് നയിക്കുന്ന പാതയാണ്. മാനസാന്തരപ്പെടാൻ ഈ കാലം നമ്മെ നിർബന്ധിക്കുന്നു. "പൂർണ്ണഹൃദയത്തോടെ" (ജോയേൽ 2:12) ദൈവത്തിലേക്ക് തിരിയാനും മന്ദത ഉപേക്ഷിച്ച് കർത്താവുമായുള്ള സൗഹൃദബന്ധത്തിൽ വളരാനും ക്രൈസ്തവരോട് അത് ആവശ്യപ്പെടുന്നു". ഉപവാസം, പ്രാർത്ഥന, ധർമ്മ ദാനം എന്നിങ്ങനെ സഭ നൽകുന്ന വിശുദ്ധീകരണ മാർഗങ്ങളി ലൂടെ ആധ്യാത്മിക ജീവിതത്തിൽ ആഴപ്പെടുവാനുള്ള അനുകൂ ല അവസരമാണ് നോമ്പുകാലം. എല്ലാറ്റിന്റേയും അടിസ്ഥാനമാ യ ദൈവവചനം ശ്രവിക്കുവാനും അതിനെപ്പറ്റി കൂടുതൽ ആഴ ത്തിൽ ചിന്തിക്കാനും നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു." "തിരു വചനം ദൈവപിതാവ് നമുക്കു നല്കുന്ന ഒരു സമ്മാനമാണ്; മറ്റു വ്യക്തികളും പിതാവ് നല്കുന്ന ദാനമാണെന്ന്" (The word is a gift. Other persons are a gift) നാം അറിയണം. ഈ നോമ്പുകാ

ലത്തിലെ ഓരോ ദിനവും ദൈവവചനത്താൽ അന്തരംഗം പവിത്രീകരിക്കുന്നതിനും അനുരഞ്ജന അരൂപിയാൽ ബന്ധങ്ങൾ വിശുദ്ധീകരിക്കുന്നതിനും നമുക്കും നമ്മുടെ കുടുംബങ്ങൾക്കും അനുഗ്രഹം ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഇന്നത്തെ കാലഘട്ടത്തിൽ വിശ്വാസത്തിൽ അധിഷ്ഠിതമായ നവീകരണം അടിസ്ഥാനപരമായി ആവശ്യമായിരിക്കുന്നത് കുടുംബത്തിലാണ്. സഭയുടെ സാർവ്വത്രികമതബോധനം പറയുന്നതുപോലെ (CCC 2207) "കുടുംബം സാമൂഹ്യജീവിതത്തിന്റെ പ്രഥമ കോശമാണ്.'' വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പായുടെ വീക്ഷണത്തിൽ 'സഭയുടെയും സമൂഹത്തിന്റെയും ഭാവി നിർണ്ണയിക്കുന്നത് കുടുംബമാണ്'. അതുകൊണ്ട് കുടുംബത്തെക്കുറിച്ച് ഈ കാലഘട്ടത്തിൽ നാം ഗൗരവപൂർവം ചിന്തിക്കണം. നമ്മുടെ അതിരൂപതാ അസംബ്ലിയിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങൾ നിർണ്ണയിക്കുന്നതിനായി ഇടവകകൾ, ഫൊറോനകൾ, വൈദിക-സന്യാസ-സംഘടന സമിതികൾ തുടങ്ങിയ തലങ്ങളിൽ നടത്തിയ സർവ്വേയിൽ ദൈവജനം ഏറ്റവുമധികം മുൻഗണന നല്കിയത് കുടുംബത്തിനാണ്. ഈ സർവ്വേയിൽ മുൻഗണനാക്രമത്തിൽ രണ്ടാമതായി വന്നത് വിശ്വാസത്തിന്റെ സാക്ഷ്യവും കൈമാറ്റവും എന്ന വിഷയമാണ്. അതിനാൽ നമ്മുടെ അടുത്ത അതിരൂപതാ അസംബ്ലിയിൽ "കുടുംബവും വിശ്വാസ സാക്ഷ്യവും" എന്ന പ്രമേയം ചർച്ച ചെയ്യുവാൻ നാം ആഗ്രഹിക്കുന്നു.

സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാനഘടകമായ കുടുംബം ഇന്ന് ഏറെ വെല്ലുവിളികൾ നേരിടുന്നു. അതുകൊണ്ടാണ് ഫ്രാൻസിസ് മാർപ്പാപ്പ 2014ലും 2015ലും കുടുംബത്തെ കുറിച്ച് ചർച്ച ചെയ്യാൻ മാത്രം രണ്ട് സിനഡുകൾ വിളിച്ചു കൂട്ടിയതും അവയിൽനിന്നും ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് "സ്നേഹത്തിന്റെ സന്തോഷം" എന്ന പ്രബോധനരേഖ 2016 മാർച്ച് 19ന് പ്രസിദ്ധീകരിച്ചതും. ഈ രേഖയെക്കുറിച്ച് നമ്മുടെ പാസ്റ്ററൽ കൗൺസിൽ, കുടുംബപ്രേഷിതത്വകേന്ദ്രം (Family Apostolate Centre), വിശ്വാസപരിശീല

നകേന്ദ്രം (DBCLC), സമർപ്പിതകുടുംബങ്ങൾ (LOAF) എന്നിവയുടെ നേതൃത്വത്തിൽ നല്ല പഠനങ്ങൾ നടന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. ഇതെ വിഷയംതന്നെ ഏഷ്യൻ മെത്രാൻ സമിതിയും (FABC) സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയും ചർച്ചാവിഷയമാക്കിയത് ഇതിന്റെ പ്രാധാന്യം പരിഗണിച്ചുകൊണ്ടാണ്. 2016ലെ റോമൻ സിനഡിലും കൊളംബോയിൽ നടന്ന ഏഷ്യൻ അസംബ്ലിയിലും നമ്മുടെ സഭയെ പ്രതിനിധീകരിക്കുവാനും നമ്മുടെ അതിരൂപതയുടെ പശ്ചാത്തലത്തിൽ നമ്മുടെ കുടുംബങ്ങളെ കുറിച്ചും കുടുംബ പ്രേഷിതത്വത്തെ കുറിച്ചും പ്രബന്ധങ്ങൾ അവതരിപ്പിക്കുവാനും എനിക്ക് അവസരം ലഭിച്ചതിൽ ദൈവത്തിന് നന്ദി പറയുന്നു.

ഇന്നത്തെ സമൂഹം പൊതുവേ അസ്വസ്ഥമാണ്. എല്ലാദിവസവും നാം കേൾക്കുന്നത് തീവ്രവാദ പ്രവർത്തനങ്ങൾ, സമരങ്ങൾ, കൊലപാതങ്ങൾ, കുട്ടികളെയും സ്ത്രീകളെയും ദുരുപയോഗം ചെയ്യൽ, സാമ്പത്തികഅതിക്രമങ്ങൾ, അഴിമതികൾ, അക്രമരാഷ്ട്രീയം, അധാർമ്മികപ്രവർത്തികൾ തുടങ്ങിയ വാർത്തകളാണ്. ഇവയുടെ സ്വാധീനം കുറച്ചൊക്കെ നമ്മുടെ സ്ഥാപനങ്ങളിലും ഇടവകകളിലും പ്രതിഫലിക്കുന്നതായി കാണുന്നുണ്ട്. എല്ലാത്തിനെയും എതിർക്കുന്ന മനോഭാവവും മൂല്യച്യുതിയും പലയിടങ്ങളിലും പ്രകടമാകുന്നു. ഈ അസ്വസ്ഥതകളുടെ അടിസ്ഥാനകാരണങ്ങൾ അന്വേഷിച്ച് ചെല്ലുമ്പോൾ  അടിവേരുകൾ കുടുംബങ്ങളിലാണെന്ന് മനസ്സിലാക്കാൻ സാധിക്കും. പോളണ്ടിലെ ഔഷ് വിച്ച് എന്ന നാസി തടങ്കൽ പാളയത്തിൽ കുരുതി കഴിച്ച ലക്ഷകണക്കിന് മനുഷ്യരുടെ തലമുടി പറിച്ചെടുത്ത് ചവിട്ടിയുണ്ടാക്കാൻ ഒരു വലിയ ഹാളിൽ കൂട്ടിയിട്ടിരിക്കുന്നതും അവിടെ കൊന്ന കുഞ്ഞുങ്ങളുടെ ചെരുപ്പുകൾ മറ്റൊരു ഹാളിൽ കൂട്ടിയിട്ടിരിക്കുന്നതും പോളണ്ട് സന്ദർശന വേളയിൽ ഞാൻ കണ്ടിട്ടുണ്ട്. നാസി നേതാവായ  ഹിറ്റ്ലറുടെ ക്രൂരതയുടെ മാഞ്ഞുപോകാത്ത പ്രതീകങ്ങളാണവ. ഹിറ്റ്ലർ ഇത്രയധികം ക്രൂരനാകാൻ കാരണം അയാൾ വളർന്നു വന്ന കുടുംബത്തിലെ അസ്വസ്ഥവും സ്നേഹരഹിതവുമായ  പശ്ചാത്തലമാണ്.

അതിരൂപതാ അസംബ്ലിയുടെ വിഷയനിർണ്ണയത്തിനായി നടത്തിയ സർവ്വേയിൽ നിന്ന് ഉരുത്തിരിഞ്ഞ ഏതാനും വെല്ലുവിളികളും പരിഹാരനിർദ്ദേശങ്ങളും അസംബ്ലിക്ക് മുന്നൊരുക്കമായി നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

1. **വിശ്വാസതകർച്ച**യാണ് കുടുംബങ്ങൾ നേരിടുന്ന ഒന്നാമത്തെ വെല്ലുവിളി. ക്രിസ്തു വിഭാവനം ചെയ്ത കുടുംബം എന്താണെന്ന്, തിരുവചനത്തിന്റെ വെളിച്ചത്തിൽ ഗ്രഹിക്കാൻ കഴിവില്ലാത്ത തലമുറ വളർന്നു വരുന്നു . 'തന്റെ ഛായയിലും സാദൃശ്യത്തിലും' 'പുരുഷനും സ്ത്രീയുമായി ദൈവം മനുഷ്യനെ സൃഷ്ടിച്ചത്' (ഉത്. 1:26; മത്താ. 19:4-6) അവിഭാജ്യമായ കുടുംബത്തിലെ സ്നേഹത്തിന്റെ സന്തോഷം അനുഭവിക്കാനാണ്. 'ഭാര്യയും ഭർത്താവും' 'സ്നേഹത്തിലും ജീവൻ നൽകുന്നതിലും 'സ്വയം സമർപ്പിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന സ്വാഭാവികസമൂഹമാണ് കുടുംബം' (CCC 2207). "വിവാഹവും കുടുംബവും ലക്ഷ്യം വയ്ക്കുന്നത് വധുവരന്മാരുടെ നന്മ, സന്താനോത്പാദനം, സന്താനങ്ങളുടെ വിദ്യാഭ്യാസം എന്നിവയാണ്" (CCC 2201). വിശ്വാസത്തിന്റെ ഈ അടിസ്ഥാന കാഴ്ചപ്പാട് നഷ്ടപ്പെടുമ്പോൾ വിശ്വാസവും കുടുംബജീവിതവും തമ്മിൽ ബന്ധമില്ലാതെ വരുന്നു. ഇതിന്റെ പരിണിതഫലങ്ങളാണ് വിവാഹമോചനം, വിവാഹം കൂടാതെയുള്ള കൂടിതാമസം, മക്കളെ വേണ്ടെന്നു വയ്ക്കൽ, അണുകുടുംബങ്ങൾ, വിവാഹേതരബന്ധങ്ങൾ, ഗർഭഛിദ്രം, മക്കൾക്ക് സ്നേഹവും സാമീപ്യവും കൊടുക്കാൻ പറ്റാത്ത അവസ്ഥ തുടങ്ങിയ സ്ഥിതിവിശേഷങ്ങൾ. ഇത്തരം വെല്ലുവിളികൾ നമ്മുടെ സമൂഹത്തിലും സർവ്വസാധാരണമായിക്കൊണ്ടിരിക്കുന്നു. ശരിയായ വിശ്വാസകൈമാറ്റം നടക്കാത്തതിനാൽ നമ്മുടെ പല കുടുംബങ്ങളിലും ഇന്ന് വിശ്വാസഭ്രംശം സംഭവിക്കുന്നു എന്നതിന്റെ ലക്ഷണങ്ങളാണ് ഏറിവരുന്ന മിശ്രവിവാഹങ്ങൾ, വിശ്വാസത്യാഗം, സാത്താൻസേവ, സെക്റ്റുകളുടെ വളർച്ച തുടങ്ങി നമ്മെ അസ്വസ്ഥതപ്പെടുത്തുന്ന തകർച്ചകൾ.

വിശ്വാസ തകർച്ചയെ തടയാനായി നമ്മുടെ കുടുംബങ്ങളിൽ കുടുംബ പ്രാർത്ഥനയ്ക്കും വിശ്വാസ പോഷണത്തിനുതകുന്ന

കുടുംബാചാരങ്ങൾക്കും നാം പ്രാധാന്യം കൊടുക്കണം. മാർതോമാ ക്രൈസ്തവരുടെ വലിയ പൈതൃകങ്ങളാണ് അവ എന്ന കാര്യം നാം വിസ്മരിക്കരുത്. കുടുംബസുവിശേഷത്തിന്, അതായത് തിരുവചനം വായിക്കുകയും ജീവിക്കുകയും പകർന്നു കൊടുക്കുകയും ചെയ്യുന്നതിന്, കുടുംബങ്ങൾ പ്രാധാന്യം നൽകണം. വിശ്വാസപരമായ കാര്യങ്ങൾ പഠിക്കുന്നതിനും ആരാധനക്രമജീവിതത്തിലൂടെ പ്രസാദവരാവസ്ഥയിൽ നിലനിൽക്കുന്നതിനും മക്കളെ പരിശീലിപ്പിക്കുന്ന വേദികളാകണം കുടുംബങ്ങൾ.

**2. കുടുംബ ബന്ധങ്ങളിലെ തകർച്ച**യാണ് കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന രണ്ടാമത്തെ വെല്ലുവിളി. ഭാര്യാഭർത്താക്കന്മാരുടെ പരസ്പര ബന്ധത്തിലും തങ്ങളെ യോജിപ്പിച്ച ദൈവത്തോടും തങ്ങളുടെ സ്നേഹത്തിന്റെ ഫലമായി അവർക്ക് ദൈവം നൽകുന്ന മക്കളോടുമുള്ള അവരുടെ ബന്ധത്തിലും വിള്ളലുകൾ ഏറി വരുന്നു. ഈ പശ്ചാത്തലത്തിൽ ഫ്രാൻസിസ് പാപ്പ പറയുന്നതുപോലെ അനുരഞ്ജനത്തിനുള്ള വേദികൾ ഒരുക്കുന്നതിനും അജപാലനസഹഗമനത്തിനുള്ള (Pastoral Accompaniment) കർമ്മപരിപാടികൾ ആവിഷ്കരിക്കുന്നതിനും നാം സജീവ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു.

ഫാമിലി അപ്പസ്തോലേറ്റ്, പ്രോ-ലൈഫ് മൂവ്മെന്റ്, ഹോം മിഷൻ (സമർപ്പിതരുടെയും വൈദികരുടെയും അത്മായപ്രേഷിതരുടെയും ഭവനസന്ദർശനം), കുടുംബകൺവെൻഷനുകൾ, കുടുംബകൂട്ടായ്മ, വാർഷികധ്യാനങ്ങൾ, കൗൺസിലിംഗ് സെന്ററുകൾ തുടങ്ങിയ സംവിധാനങ്ങളെ ഫലപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്തുവാൻ നമുക്കു സാധിക്കണം. കുടുംബപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇടവകതലത്തിൽ അനുരഞ്ജനസമിതികൾക്ക് രൂപം കൊടുക്കണം. കുമ്പസാരത്തിലൂടെ അനുരഞ്ജനത്തിന് ആവശ്യമായ കൃപാവരവും ഉൾവെളിച്ചവും സിദ്ധിക്കുമെന്ന സത്യത്തെക്കുറിച്ച് നാം തികച്ചും ബോധ്യമുള്ളവരാകണം. കൂടുതൽ മക്കളുള്ള കുടുംബങ്ങളെ സഹായിക്കാനുള്ള പദ്ധതികൾ നാം വിഭാവനം ചെയ്യണം.

'സ്നേഹത്തിന്റെ സന്തോഷ'ത്തിൽ സൂചിപ്പിച്ചതുപോലെ കുടുംബങ്ങൾ മറ്റു കുടുംബങ്ങളെ സുവിഷേശവത്കരിക്കുന്ന ഉപാധികളാകണം. ഇക്കാര്യത്തിൽ LOAF എന്ന പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. വിവാഹഒരുക്ക ക്ലാസ്സിനു പുറമേ നവദമ്പതികൾക്കും വിവാഹത്തിന്റെ ആദ്യവർഷങ്ങളിൽ ആയിരിക്കുന്നവർക്കും കുടുംബത്തിൽ സ്നേഹത്തിന്റെ സന്തോഷം നിലനിർത്താൻ ഉതകുന്ന സെമിനാറുകൾ ഉണ്ടാകേണ്ടതാണ്. പേരന്റിംഗ്, കുടുംബബജറ്റ്, അടുക്കളത്തോട്ടം, കുടുംബസമയം (ടി.വി., ഇന്റർനെറ്റ്, ഫോൺ തുടങ്ങിയവ ഓഫ് ചെയ്ത് കുടുംബാംഗങ്ങൾക്ക് സല്ലപിക്കാനും പ്രാർത്ഥിക്കാനും മാത്രമായി നീക്കിവയ്ക്കുന്ന പ്രത്യേക സമയം) തുടങ്ങിയവ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

കുട്ടികളുടെ പരിശീലനത്തിൽ മാതാപിതാക്കൾക്കു പുറമേ അപ്പാപ്പനും അമ്മാമ്മയും സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഈ കാര്യത്തെക്കുറിച്ച് കഴിഞ്ഞ സിനഡിൽ പ്രത്യേക പരാമർശം ഉണ്ടായി. പ്രായമായവരെ പരിഗണിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന ഒരു സംസ്കാരം കുട്ടികളിൽ നാം വളർത്തണം.

**3. കുടുംബ മൂല്യങ്ങളുടെ തകർച്ച**യാണ് കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രധാന വെല്ലുവിളി. വ്യക്തി കേന്ദ്രീകൃതവാദം (Individualism), ആപേക്ഷികതാവാദം (Relativism), ഉപഭോഗവാദം (Consumerism), സുഖഭോഗചിന്ത (Hedonism) തുടങ്ങിയവയാണ് കുടുംബമൂല്യങ്ങളുടെ തകർച്ചയ്ക്ക് പ്രധാനമായും കാരണമാകുന്നതെന്ന് റോമിൽ നടന്ന മെത്രാന്മാരുടെ സിനഡിൽ പ്രത്യേകം പ്രതിപാദിക്കപ്പെട്ടു . മക്കൾ കുറവായ കുടുംബത്തിൽനിന്നു വളരുന്ന പലരും സ്വാർത്ഥരും സ്വേച്ഛാധിപതികളുമായിത്തീരുന്നു. അത്തരക്കാരിൽ താൻ പറയുന്നതു മാത്രമേ ശരിയുള്ളൂ എന്ന ചിന്ത കൂടി വരുന്നു. മാതാപിതാക്കൾക്ക് മക്കളെ തിരുത്താൻ പറ്റാത്തവിധം അവരിൽ താൻപോരിമവാദം കൂടുന്നു. ത്യാഗത്തിന്റെയും സഹനത്തിന്റെയും അർത്ഥം അവർക്ക് അന്യമാകുന്നതിനാൽ ചെറിയ വെല്ലുവിളി

കളും പ്രതിസന്ധികളും വരുമ്പോൾ വൈകാരിക പക്വതയില്ലാത്തവരും മനസ്സു തളർന്നവരുമായി അവർ കാണപ്പെടുന്നു. മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനും അന്യരെ ബഹുമാനിക്കുവാനുമുള്ള കഴിവ് അവരിൽ കുറയുന്നു.

ജീവിതത്തിന്റെ ലക്ഷ്യം തിന്നുക, കുടിക്കുക, സുഖിക്കുക എന്നിവ മാത്രമാണെന്ന തെറ്റായ ധാരണയാണ് വിവാഹബന്ധങ്ങൾ പലതും തകരാൻ കാരണമാകുന്നത്. പല വിവാഹങ്ങളും പരാജയപ്പെടുവാനുള്ള കാരണം മാതാപിതാക്കളുടെ സ്വാർത്ഥതയാണെന്ന് ഈ അടുത്തകാലത്ത് നടന്ന സർവ്വെ ഫലങ്ങൾ വെളിപ്പെടുത്തുന്നു. കുടുംബത്തിന്റെ സന്തോഷം സാക്ഷാൽക്കൃതമാകുന്നത് ദമ്പതികളുടെ പരസ്പരമുള്ള ത്യാഗപൂർണ്ണമായ സമർപ്പണത്തിലാണ്. സ്നേഹത്തിന്റെ ഫലമായി മക്കളെ ജനിപ്പിക്കുന്നതിനും അവരെ ശരിയായ രീതിയിൽ വളർത്തുന്നതിനും ആവശ്യമായ സംയമനവും സഹിഷ്ണുതയും പ്രകടമാക്കുന്ന മാതാപിതാക്കളാണ് ഉത്തമകുടുംബങ്ങൾക്ക് രൂപം നല്കുന്നത്. അവരിലാണ് സ്നേഹത്തിന്റെ സന്തോഷം പൂർണ്ണമാകുക. പരി. മറിയത്തെയും വി. യൗസേപ്പിതാവിനെയും പോലെ ദൈവഹിതത്തിന് പൂർണ്ണമായും വിട്ടുകൊടുക്കുക എന്നതാണ് അതിനുള്ള മാർഗ്ഗം. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തിൽ നിത്യമായി വിലയം പ്രാപിക്കുമ്പോഴാണ് ജീവിതത്തിന്റെ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നത് എന്ന ബോധ്യം കുടുംബദർശനത്തെ പൂർണ്ണമാക്കും.

വ്യക്തികളിൽ കരുണയുടെ ഭാവം ആരംഭിക്കേണ്ടത് കുടുംബത്തിലാണ്. കാരുണ്യ പ്രവർത്തികൾ ചെയ്യാൻ മാതാപിതാക്കൾ മക്കളെ പ്രോത്സാഹിപ്പിക്കണം. കരുണയുടെ ജൂബിലിവർഷത്തിൽ നമ്മുടെ അതിരൂപത വളരെ ഉദാരമായി സഹകരിച്ചതിൽ നമുക്ക് അഭിമാനിക്കാം. വിവിധ ഇടവകകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും സംഘടനകളിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് ജൂബിലിവർഷത്തിൽ നമ്മുടെ അതിരൂപത ഏകദേശം 91 കോടി രൂപ പാവപ്പെട്ടവർക്കായി ചെലവഴിക്കുകയുണ്ടായി.

തുടർന്നും കരുണയുടെ പ്രവർത്തികൾ നമ്മുടെ മുഖമുദ്രയാകണം.

സമ്പൂർണ്ണ കുടുംബനവീകരണം ലക്ഷ്യമാക്കി നമ്മുടെ അതിരൂപതയുടെ കീഴിലുള്ള ആബാ ധ്യാനകേന്ദ്രത്തിൽ 2017 മാർച്ച് 19 മുതൽ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ നേതൃത്വത്തിൽ താമസിച്ചുള്ള ധ്യാനം ആരംഭിക്കുന്നു. എല്ലാ മാസവും ഒന്നാമത്തെയും മൂന്നാമത്തെയും ഞായറാഴ്ച്ചകളിൽ വൈകീട്ട് 4 മണിക്ക് ആരംഭിക്കുന്ന ധ്യാനം വ്യാഴാഴ്ച രാവിലെ 7 മണിക്ക് അവസാനിക്കുന്നു. ആരംഭ ഘട്ടത്തിൽ 60 പേർക്കായിരിക്കും ധ്യാനിക്കാനുള്ള സൗകര്യം ഉണ്ടായിരിക്കുക. എല്ലാ വ്യാഴാച്ചകളിലും രാവിലെ 9.30 മുതൽ വൈകീട്ട് 3:30 വരെ ആബാ ധ്യാനകേന്ദ്രത്തിൽ ഏകദിനധ്യാനം ഉണ്ടായിരിക്കുന്നതാണ്. കുടുംബനവീകരണത്തിനായി ആബാ ധ്യാനകേന്ദ്രത്തിലെ ധ്യാനങ്ങൾ എല്ലാവരും പ്രയോജനപ്പെടുത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

പ്രിയ സഹോദരീസഹോദരന്മാരേ, അതിരൂപതയുടെ അടുത്ത അസംബ്ലിക്കുള്ള ഒരുക്കം കുടുംബത്തിൽ നിന്ന് ആരംഭിക്കുവാൻ ഞാൻ നിങ്ങളെ ക്ഷണിക്കുകയാണ്. എങ്ങനെ നമ്മുടെ കുടുംബങ്ങളെ മാതൃകാകുടുംബങ്ങളാക്കാമെന്ന് നിങ്ങൾ ചർച്ച ചെയ്ത് നിങ്ങളുടെ നിർദ്ദേശങ്ങൾ അതിരൂപതാകേന്ദ്രത്തിലേക്ക് അയയ്ക്കുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. മാതൃകാകുടുംബജീവിതം നയിച്ച വിശുദ്ധരെ കുടുംബങ്ങൾക്ക് പരിചയപ്പെടുത്തികൊടുക്കുന്നതും നല്ലതാണ്. മെത്രാന്മാരുടെ സിനഡിന്റെ ഇടയ്ക്ക് 2015 ഒക്ടോബർ 18ന് ഫ്രാൻസിസ് പാപ്പ വി. കൊച്ചുത്രേസ്യയുടെ മാതാപിതാക്കളായ മാർട്ടിനെയും സെലിനെയും വിശുദ്ധരായി പ്രഖ്യാപിച്ചത് ഈ ഉദ്ദേശ്യത്തോടുകൂടെയാണ്.

നോമ്പിന്റെ ഈ കാലഘട്ടത്തിൽ നമുക്കു മാത്രമല്ല, പ്രകൃതി വേണ്ടി കൂടിയും നാം പ്രാർത്ഥിക്കാൻ കടപ്പെട്ടവരാണ്. വരൾച്ച നേരിടുന്ന ഈ കാലഘട്ടത്തിൽ മഴയ്ക്കുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്താൻ ഞാൻ ആഹ്വാനം ചെയ്യുന്നു. പ്രാർത്ഥനയുടെയും പ്രായശ്ചിത്തത്തിന്റെയും പരോപകാരത്തിന്റെയും

പ്രവൃത്തികളിലൂടെ ഈ നോമ്പുകാലത്ത് നമ്മുടെ കുടുംബങ്ങളെ നവീകരിക്കുവാൻ നമുക്ക് പരിശ്രമിക്കാം. മാർപ്പാപ്പ പറഞ്ഞതു പോലെ കുടുംബത്തിന്റെ നവീകരണം സഭയുടെ നവീകരണമാണ്. നിങ്ങൾ എനിക്കുവേണ്ടിയും നമ്മുടെ അതിരൂപതയ്ക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

നിങ്ങൾക്കേവർക്കും മുൻകൂട്ടി ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം നിങ്ങളുടെ വത്സലപിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത

മെത്രാപ്പോലീത്ത

---

N.B. ഈ ഇടയലേഖനം മാർച്ച് 5-ാം തിയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബ്ബാന മദ്ധ്യേ വായിക്കേണ്ടതാണ്.

**+ AT**

540/2017 C- 1
17.02.2017

## സർക്കുലർ

# ദൈവവിളിവാരം

വീണ്ടുമൊരു അദ്ധ്യയന വർഷത്തിന് പരിസമാപ്തിയാവുകയാണ്. സ്കൂൾ വിദ്യാഭ്യാസം കഴിയുന്നതോടെ തങ്ങളുടെ ഭാവി ജീവിതത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടത് അനിവാര്യതയാണെന്ന ബോദ്ധ്യമില്ലാത്തവർ വിരളമായിരിക്കും. അവധാനതയോടെ ജീവിതത്തിന് രൂപവും ഭാവവും കൊടുക്കാൻ പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ, നമ്മെക്കുറിച്ച് ദൈവം മനസ്സിൽ സൂക്ഷിക്കുന്ന പദ്ധതിയുമായി അവയ്ക്ക് ഇണക്കമുണ്ടോ എന്ന് ഓരോരുത്തരും അന്വേഷിക്കണം. ദൈവത്തിന്റെ പദ്ധതികളും നമ്മുടെ പദ്ധതികളും ഒന്നായിത്തീരുന്ന അവസ്ഥയിലാണ് ജീവിതം ധന്യമായി തീരുക. അതിനാൽ പ്രാർത്ഥനയിൽ ദൈവത്തോടൊപ്പമായിരുന്ന് ആത്മീയ ചിന്തകളുമായി സംവദിച്ചുവേണം ഓരോരുത്തരും തങ്ങളുടെ ജീവിതത്തിലെ നിർണ്ണായക തീരുമാനങ്ങളെടുക്കാൻ എന്ന് ഓർമ്മിപ്പിക്കുന്നു. ജീവിതാന്തസ്സ് തെരഞ്ഞെടുക്കുന്നതിനെപ്പറ്റി ചിന്തിക്കുമ്പോൾ നമ്മുടെ ചിന്ത തീർത്തും മാനുഷികമാകരുത്. മറിച്ച് ദൈവികമാകണമെന്നു ചുരുക്കം. തന്റെ ചിന്ത തികച്ചും മാനുഷികമായപ്പോൾ ഈശോ പത്രോസ് ശ്ലീഹായെ ഗുണദോഷിച്ചത് (മത്തായി 16 : 21-23) നമുക്ക് മറക്കാതിരിക്കാം.

ചെറുപ്പക്കാരുടെ വിശ്വാസ ജീവിതം, ദൈവവിളി വിവേചിച്ചറിയൽ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പ്രാർത്ഥനാപൂർവ്വം പരിചിന്തനം ചെയ്യാൻ മെത്രാന്മാരുടെ ഒരു സാധാരണ സിനഡ് സംഘടിപ്പിക്കാനുള്ള ഒരുക്കങ്ങൾ തിരുസ്സഭയിൽ ആരംഭിച്ചിരിക്കുന്ന വേളയിലാണ് ഈ വർഷത്തെ ദൈവവിളി വാരാചരണത്തിനായി നമ്മുടെ അതിരൂപത തയ്യാറെടുക്കുന്നത്. അതിനാൽ പൂർവ്വാധികം തീക്ഷ്ണതയോടെ ജീവിതാന്തസ്സ് തെരഞ്ഞെടുക്കേണ്ട ഘട്ടത്തിലെത്തിയിട്ടുള്ള എല്ലാ ചെറുപ്പക്കാരെയും കർത്തൃസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കാം.

ഭാവി ജീവിതത്തെക്കുറിച്ച് ചിന്തിക്കുന്ന ഇളംതലമുറയോട് 'കരിയർ ഗൈഡൻസ്' പശ്ചാത്തലത്തിൽ മാത്രം സംസാരിക്കുന്ന പ്രവണത ഇന്ന് പ്രബലപ്പെടുന്നുണ്ടോ എന്ന് നാം സംശയിക്കണം. ആവോളം സുഖസന്തോഷങ്ങൾ അനുഭവിക്കാൻ സാധിക്കുന്നതാണ് ജീവിതത്തിലെ നേട്ടം എന്ന വികലധാരണക്ക് നമ്മുടെയിടയിലും വേരോട്ടമു

ണ്ടെന്നുള്ളത് നമ്മെ ഭയപ്പെടുത്തണം. ജീവിതത്തിന്റെ ലൗകിക-ബൗദ്ധിക ഭദ്രത ഉറപ്പാക്കാൻ സഹായിച്ചേക്കാവുന്ന കാര്യങ്ങളിലേക്കുമാത്രം കുട്ടികളുടേയും യുവാക്കളുടേയും ശ്രദ്ധ ക്ഷണിച്ചാൽ പോരാ, മറിച്ച് അവരുടെ സന്തോഷം യഥാർത്ഥത്തിൽ പൂർണ്ണമാക്കാൻ കഴിയുന്ന ദൈവത്തിന്റെ സ്വരത്തിന് കാതോർക്കാൻ അവരെ സഹായിക്കേണ്ട ചുമതല നമുക്ക് ഓരോരുത്തർക്കുമുണ്ട്. ദൈവവിളി വാരാചരണം ഈ ചുമതല നിർവ്വഹണത്തിന് നമുക്ക് ലഭിച്ചിരിക്കുന്ന നല്ലൊരു അവസരമാണ്.

മറ്റേത് ജ്ഞാനത്തേക്കാളും ശ്രേഷ്ഠമായത് ദൈവത്തെ കുറിച്ചുള്ള ജ്ഞാനമാണെന്നും മറ്റേതൊരു ഉദ്യോഗത്തെക്കാളും ഔന്നത്യമുള്ളത് കർത്താവിനെപ്രതിയുള്ള ശുശ്രൂഷയാണ് എന്നും നാമെല്ലാവരും മനസ്സിലാക്കണം. ജീവൻ നൽകിയ ദൈവത്തിനായി ജീവിതം സമർപ്പിക്കുന്നത് ഏറ്റവും ഉത്കൃഷ്ടമാണെന്ന തിരിച്ചറിവാണ് നാം തലമുറകൾക്ക് കൈമാറേണ്ടത്. സുവിശേഷമൂല്യങ്ങൾക്കനുസൃതമായ സമർപ്പിത ജീവിതം നയിച്ചിട്ടുള്ളവർ എത്രയോ അനുഗ്രഹങ്ങളാണ് തങ്ങളുടെ സഹജർക്ക് നേടികൊടുത്തിട്ടുള്ളത്. ഇനിയും അങ്ങനെ ജീവിക്കുന്നവരുടെ സാന്നിദ്ധ്യത്താൽ ഈ ഭൂമി അനുഗൃഹീതമാകേണ്ടതുണ്ട്. സുകൃതജീവതത്തോടു അഭിനിവേശമുള്ളവർ നമ്മുടെയിടയിൽ നിന്ന് ധാരാളമായി ഉയിരെടുക്കണം. സമർപ്പിത ദൈവവിളികളെ പരിപോഷിപ്പിക്കുന്ന സാഹചര്യങ്ങൾ ഭൗതികതയുടെ അതിപ്രസരമുള്ള ഇക്കാലത്ത് തുലോം കുറഞ്ഞുവരുകയും തളർത്തുന്ന ചുറ്റുപാടുകൾ വർദ്ധമാനമാവുകയും ചെയ്യുന്നത് നാം കണ്ടില്ലെന്ന് നടിക്കുന്ന ഏറെ അപകടകരമാണ്. സ്വാർത്ഥത വളരാനും ദൈവോന്മുഖതയും പരോന്മുഖതയും അന്യം നിന്നുപോകാനും സമർപ്പിത ജീവിതത്തോടുള്ള വൈമുഖ്യം കാരണമാകും.

കഴിഞ്ഞവർഷം 27 യുവാക്കളെ തന്റെ നിത്യപൗരോഹിത്യത്തിലേക്ക് പങ്കുചേർത്തും സന്യാസവ്രതയർപ്പണത്തിലൂടെ തനിക്ക് ആത്മാർപ്പണം നടത്തിയ യുവതികളെ തന്റെ സ്വന്തമായി സ്വീകരിച്ചും നമ്മുടെ അതിരൂപതയെ അനുഗ്രഹിച്ച ദിവ്യരക്ഷകന് കൃതജ്ഞതയർപ്പിച്ചുകൊണ്ട് 2017ലെ ദൈവവിളിവരാചരണത്തോടനുബന്ധിച്ചുള്ള കാര്യങ്ങളിലേക്ക് നിങ്ങളുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുന്നു. ഏപ്രിൽ 3 മുതൽ 8 ഉൾപ്പടെയുള്ള ദിവസങ്ങളാണ് ദൈവവിളിവാരമായി ആചരിക്കപ്പെടുന്നത്. ഈ ദിവസങ്ങളിൽ രാവിലെ 9.30 ഉച്ചതിരിഞ്ഞ് 3.30 വരെ തൃശ്ശൂർ

ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് പ്രാർത്ഥനാ ഉപവാസ യജ്ഞം നടക്കും SSLC/Plus Two പഠനം പൂർത്തിയാക്കിയിട്ടുള്ള വിദ്യാർത്ഥി- വിദ്യാർത്ഥിനികൾക്കായിട്ടുള്ള ദൈവവിളി ക്യാമ്പുകളും ഈ ദിവസങ്ങളിലാണ് സംഘടിപ്പിച്ചിട്ടുള്ളത്. ഏപ്രിൽ 3, 4 തിയതിക ളിൽ തൃശ്ശൂർ ഡി.ബി. സി. എൽ. സിയിൽ വച്ചായിരിക്കും പെൺകുട്ടി കൾക്കായുള്ള ക്യാമ്പ് നടക്കുക. ഏപ്രിൽ 3-4; 5-6; 7-8 എന്നീ തിയതി കളിൽ 3 ബാച്ചുകളായാണ് ആൺകുട്ടികൾക്കുള്ള ക്യാമ്പുകൾ ഒരു ക്കിയിട്ടുള്ളത്. മഡോണ നഗർ സെന്റ് മേരീസ് മൈനർ സെമിനാറിൽ വച്ചാണ് ആൺകുട്ടികൾക്കായുള്ള ക്യാമ്പുകൾ നടക്കുക. വിശദവിവ രങ്ങൾ അതിരൂപത വൊക്കേഷൻ ബ്യൂറോയിൽ നിന്ന് നിങ്ങളെ അറി യിക്കുന്നതായിരിക്കും.

ദൈവവിളി ക്യാമ്പുകളിൽ സംബന്ധിക്കുന്നതിന് കുട്ടികളെ ഒരുക്കി പറഞ്ഞയക്കുവാൻ ബഹു. വികാരിയച്ചന്മാരും കൊച്ചച്ചന്മാരും സിസ്റ്റേഴ്സും മതബോധന അദ്ധ്യാപകരും മാതാപിതാക്കളും സവി ശേഷമായി ശ്രദ്ധിക്കേണമെന്ന് അഭ്യർത്ഥിക്കുന്നു. ദൈവവിളിവാര ത്തിൽ നടക്കുന്ന പ്രാർത്ഥന- ഉപവാസയജ്ഞത്തിലും നിങ്ങളുടെ സാന്നിധ്യം ഉറപ്പാക്കാൻ താല്പര്യപ്പെടുന്നു. എല്ലാം കുടുംബങ്ങളിലും ജപമാല പ്രാർത്ഥനയുടെ സമയത്ത് ദൈവവിളിക്കായുള്ള പ്രാർത്ഥന കൂടി നടത്താൻ ഞാൻ സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു. സമർപ്പി തരുടെ മാതൃകയം നമ്മുടെ അതിരൂപതയുടെ മദ്ധ്യസ്ഥയുമായ പരി ശുദ്ധ അമ്മ നമ്മുടെ ഇളം തലമുറയെ പ്രചോദിപ്പിക്കട്ടെ എന്ന് പ്രാർത്ഥി ക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർഅതിരൂപത മെത്രാപ്പോലീത്ത

---

N.B. ഈ സർക്കുലർ മാർച്ച് 12-ാം തിയതി ഞായറാഴ്ച എല്ലാ പള്ളി കളിലും സ്ഥാപനങ്ങളിലും വി. കുർബ്ബാന മദ്ധ്യേ വായിക്കേണ്ടതാണ്.

**+ AT**

## സർക്കുലർ

# 40 മണിക്കൂർ ആരാധന

ഈശോയിൽ സ്നേഹമുള്ള പ്രിയ ബഹു. വൈദികരേ, ബഹു. സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ

എൽത്തുരുത്ത് സെന്റ് മേരീസ് ആശ്രമം 1866 - ൽ വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ സ്ഥാപിച്ചതാണ്. ഈ ആശ്രമ ദേവാലയത്തിൽ 1868 - ൽ ആരംഭിച്ച 40 മണിക്കൂർ ആരാധന മുടക്കം കൂടാതെ എല്ലാവർഷവും നടത്തിവരാറുള്ളതാണ്. അതിൽ പങ്കെടുക്കാനായി അവിഭക്ത തൃശ്ശൂർ അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ധാരാളം ഭക്തജനങ്ങൾ എൽത്തുരുത്തിൽ എത്തിച്ചേരുകയും അവിടെ താമസിച്ച് മൂന്നു ദിവസം ആരാധനയിൽ പങ്കെടുക്കുയും ചെയ്യുന്ന പതിവുണ്ടായിരുന്നു. എൽത്തുരുത്തിൽ 40 മണിക്കൂർ ആരാധന ആരംഭിച്ചതിന്റെ 150-ാം വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണ്.

ഈ ശതോത്തര സുവർണ്ണജൂബിലി വർഷത്തിൽ എൽത്തുരുത്ത് ഇടവകയിലെ 40 മണിക്കൂർ ആരാധന മാർച്ച് 24-ാംതിയതി രാവിലെ 6.30 ന് മാണ്ഡ്യാ രൂപതാദ്ധ്യക്ഷൻ മാർ ആന്റണി കരിയിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിക്കപ്പെടുന്ന സമൂഹബലിയോടെ ആരംഭിക്കുന്നു. 24,25,26 വെള്ളി, ശനി, ഞായർ ദിവസങ്ങളിലായി നടത്തുന്ന ആരാധന 26-ാം തിയ്യതി വൈകീട്ട് 4.30ന് നടത്തപ്പെടുന്ന ദിവ്യകാരുണ്യ പ്രദക്ഷിണം ദിവ്യകാരുണ്യ ആശീർവ്വാദം എന്നീ തിരുക്കർമ്മങ്ങളോടെ സമാപിക്കും ആരാധനക്ക് ഒരുക്കമായി മാർച്ച് 18-ാം തിയ്യതി ശനിയാഴ്ച മുതൽ 21-ാം തിയ്യതി ചൊവ്വാഴ്ച വരെയുള്ള ദിവസങ്ങളിൽ വൈകീട്ട് 5 മുതൽ 9 മണിവരെ ബ. ഡേവീസ് പട്ടത്തച്ചന്റെ നേതൃത്വത്തിൽ എൽത്തുരുത്തിൽ ദിവ്യകാരുണ്യ ബൈബിൾ കൺവെൻഷൻ നടത്തപ്പെടുന്നു. ആരാധനാ ദിവസങ്ങളിൽ കുമ്പസാരിക്കാനുള്ള സൗകര്യം ഉണ്ടായിരിക്കും.

40 മണിക്കൂർ ആരാധനയിലും ദിവ്യകാരുണ്യ കൺവെൻഷനിലും ദിവ്യകാരുണ്യ പ്രദക്ഷിണത്തിലും പങ്കുചേർന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ അതിരൂപതയിലെ എല്ലാവൈദികരെയും സന്യസ്ത

രെയും ദൈവജനത്തെയും ഞാൻ ആഹ്വാനം ചെയ്യുന്നു. ഇടവകകളിൽയിൽനിന്നും ജനങ്ങൾക്ക് എത്തിച്ചേരുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തുകൊടുക്കുന്നത് അഭികാമ്യമായിരിക്കും.

പ്രാർത്ഥനാശംസകളോടെ,

നിങ്ങളുടെവത്സലപിതാവ്



**മാർ ആൻഡ്രൂസ്താഴത്ത്**

തൃശ്ശൂർഅതിരൂപതമെത്രാപ്പോലീത്ത.

N.B. ഈ സർക്കുലറിലെ ആശയങ്ങൾ മാർച്ച് 12-ാം തിയ്യതി കുർബാന മദ്ധ്യേ അറിയിക്കേണ്ടതാണ്.

**+ AT**

## സർക്കുലർ

### 20-ാം പാലയൂർ മഹാതീർത്ഥാടനം 2017

മിശിഹായിൽ പ്രിയ വൈദികരെ സഹോദരി സഹോദരന്മാരെ,

ആഗോള സഭ 2018 ൽ യുവജന സിനഡിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ മഴക്കും ജലസമൃദ്ധിക്കും വേണ്ടിയുള്ള നിയോഗാർത്ഥം 20-ാം പാലയൂർ മഹാതീർത്ഥാടനം 2017 ഏപ്രിൽ 2ന് നടക്കുന്നു. മാർത്തോമ ക്രിസ്ത്യാനികളുടെ വിശ്വാസത്തിന്റെ ഈറ്റില്ലമായ പാലയൂരിലേക്ക് മഹാതീർത്ഥാടനം ആരംഭിച്ചിട്ട് 20 വർഷങ്ങൾ പിന്നിടുകയാണ്. ഓരോ നോമ്പുകാലവും ത്യാഗത്തിന്റെയും ജീവിത നവീകരണത്തിന്റെയും കാലഘട്ടമാണെന്ന് ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്യുന്നുണ്ട്. ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനവും പാലയൂർ കൺവെൻഷനും ദൈവകാരുണ്യം അനുഭവിച്ചറിയാനുള്ള ഒരു അവസരമാണ്. മാർച്ച് 10ന് പാലയൂർ കൺവെൻഷൻ ആരംഭിക്കുന്നു. സാധിക്കുന്നവരെല്ലാം ഇതിൽ പങ്കെടുക്കുവാൻ പരിശ്രമിക്കണം. ഏപ്രിൽ 2 ഞായറാഴ്ച്ചയാണ് പാലയൂർ മഹാതീർത്ഥാടനം. അതിന്റെ വിജയത്തിനായി വിവിധ കമ്മിറ്റികൾ ഊർജ്ജസ്വലമായി പ്രവർത്തിക്കുന്നുണ്ട്. മഹാതീർത്ഥാടനത്തിന് ഒരുക്കമായുള്ള ജാഗരണ പദയാത്രകളിൽ ധാരാളം പേർ പങ്കെടുക്കണമെന്നും നോമ്പിലെ വെള്ളിയാഴ്ചകളിൽ രാത്രി 9ന് പുത്തൻപള്ളിയിൽ നിന്നും ആരംഭിക്കുന്ന ജാഗരണപദയാത്രയിൽ തീർത്ഥാടകസംഘത്തിന്റെ കൂടെ യാത്ര ചെയ്യാൻ മുതിർന്നവരും യുവജനങ്ങളും ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഏപ്രിൽ 2-ലെ പാലയുർ മഹാതീർത്ഥാടനം കൂടുതൽ അച്ചടക്കമുള്ളതാക്കുവാനും അനുഗ്രഹപൂർണമാകുവാനും ചിലകാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു.

1. മുഖ്യപദയാത്ര രാവിലെ 7 മണിക്ക് ലൂർദ്ദ് ഭദ്രാസനദൈവാലയത്തിൽ നിന്നും ആരംഭിക്കുന്നു.മേഖല പദയാത്രകൾ വിവിധമേഖലകേന്ദ്രങ്ങളിൽ നിന്നും ആരംഭിക്കുന്നു.
2. പാലയൂർ മഹാതീർത്ഥാടനം നമ്മുടെ വിശ്വാസം പ്രഘോഷിക്കുവാനുള്ള അവസരമാണ്. എല്ലാവരും അച്ചടക്കത്തോടെ ഒരുമിച്ച് പ്രാർത്ഥനാപൂർവ്വം മുന്നോട്ട് പോകുമ്പോൾ അത് നമ്മുടെ വിശ്വാ

സത്തിന്റെ വലിയ സാക്ഷ്യമായിരിക്കും. അതിനാൽ തീർത്ഥാടന ത്തിന്റെ ഭക്തിയും ഭംഗിയും നിലനിറുത്താൻ എല്ലാവരും സഹകരി ക്കണം.

3. നമ്മുടെ തീർത്ഥാടനം മറ്റുള്ളയാത്രക്കാർക്ക് ഒരു വിധത്തിലും അസൗ കര്യം സൃഷ്ടിക്കാൻ ഇടയാക്കരുത്. അതിനാൽ കേന്ദ്രതലത്തിലും മേഖലാ തലങ്ങളിലും ട്രാഫിക് പോലീസും വൈദികരും വളണ്ടി യേഴ്സും നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ എല്ലാ വരും ശ്രദ്ധിക്കണം.

4. പദയാത്രവഴികളിൽ തീർത്ഥാടകർക്ക് വേണ്ടി ഭക്ഷണപാനീയങ്ങൾ ഒരുക്കുന്നതിന് ചില വ്യക്തികളും സ്ഥാപനങ്ങളും ഇടവകകളും കുടുംബകൂട്ടായ്മകളും കാണിക്കുന്ന നല്ല മനസ്സിനെ ഞാൻ അഭി നന്ദിക്കുന്നു. വിതരണം ചെയ്യുന്ന ലഘുഭക്ഷണങ്ങളും പാനീയങ്ങളും കേടുവരാതിക്കുവാനുള്ള സംവിധാനങ്ങൾ ഒരുക്കുവാൻ ബന്ധപ്പെ ട്ടവർ ശ്രദ്ധിക്കുമല്ലോ.

5. മുഖ്യപദയാത്ര കടന്നുപോകുന്ന അമലയിലും പാവറട്ടിയിലും തീർത്ഥാടകർക്ക് യഥാക്രമം പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം എന്നിവ നൽകുന്നു. പതിവുപോലെ ഈ വർഷവും പാവർട്ടി ഇടവക ഉച്ചഭക്ഷണം നൽകുന്നതിനുള്ള സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. അവ രുടെ ഔദാര്യത്തെയും സേവനസന്നദ്ധതയേയും ഞാൻ നന്ദിപൂർവ്വം അഭിനന്ദിക്കുന്നു.

6. പദയാത്ര കടന്നുപോകുന്ന വഴികളും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കേണ്ടത് തീർത്ഥാടകരുടെയും സംഘാടകരുടെയും ഉത്ത രവാദിത്വമാണ്. ശാരീരിക അസ്വസ്ഥകൾ അനുഭവപ്പെടുന്നവർക്ക് തീർത്ഥാടനവേളയിൽ ലഭ്യമാക്കാവുന്ന ആംബുലൻസുകളുടെ കോണ്ടാക്റ്റ് നമ്പരുകൾ വളണ്ടിയർ മാർ കൈവശം വെയ്ക്കേണ്ട താണ്.

7. പാവർട്ടിയിൽ നിന്നും പദയാത്ര പുനരാരംഭിക്കുന്നത് ഉച്ചകഴിഞ്ഞ് 12:30നാണ്. ആ സന്ദർഭത്തിലും എല്ലാവരും ഒരുമിച്ച് അച്ചടക്ക ത്തോടെ പദയാത്ര തുടരേണ്ടതാണ്.

8. മേഖല പദയാത്രകൾ പാലയൂരിൽ എത്തുമ്പോൾ എല്ലാവരും ഒരു മിച്ച് പ്രധാനവേദിയിലെത്തി പതാകകൾ കൈമാറേണ്ടതാണ്. തുടർന്ന് നടക്കുന്ന പൊതുസമ്മേളനത്തിലും വിശ്വാസപ്രഖ്യാപനത്തിലും, വി.

കുർബാനയിലും സജീവമായി പങ്കുചേരുവാൻ ഞാൻ ഏവരെയും ആഹ്വാനം ചെയ്യുന്നു.

9. അതിരൂപതയുടെ തീർത്ഥകേന്ദ്രമായ പാലയൂരിൽ ഈ വർഷം വിശ്വാസകവാടം ഒരുക്കിയിട്ടുണ്ട് അതിൽ ഒന്ന് പാലയൂർ ആണെന്ന് നിങ്ങൾക്ക് അറിവുള്ളതാണല്ലോ. പരി. പിതാവിന്റെ നിയോഗാർത്ഥം പ്രാർത്ഥിച്ച്, കുമ്പസാരിച്ച്, വിശ്വാസകവാടത്തിലൂടെ കടന്നുപോകുന്നവർക്ക് പൂർണദണ്ഡവിമോചനം ലഭിക്കുന്നതാണ്. അപ്രകാരം ചെയ്തുകൊണ്ട് ഈ വർഷത്തെ മഹാതീർത്ഥാടനം കൂടുതൽ അനുഗ്രഹപ്രദമാക്കുവാൻ ഞാൻ തൃശ്ശൂരിലെ എല്ലാ ക്രൈസ്തവവിശ്വാസികളെയും ആഹ്വാനം ചെയ്യുന്നു.

20-ാം പാലയൂർ മഹാതീർഥാടനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ കമ്മിറ്റി അംഗങ്ങൾക്കും മറ്റു നേതാക്കൾക്കും തീർത്ഥാടകർക്കും ദൈവാനുഗ്രഹവും പ്രാർത്ഥനയും ആശംസിക്കുന്നു.

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2017 മാർച്ച് 19ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.
+AT

# കച്ചേരിക്കാര്യങ്ങൾ

**1. ഓർമിക്കേണ്ട ദിവസങ്ങൾ**

മാർച്ച് 5 : **നോമ്പ് രണ്ടാം ഞായർ**
മൂന്ന് നോമ്പ്
12 : **നോമ്പ് മൂന്നാം ഞായർ**
18 : വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ
ജറുസലെമിലെ വി. സിറിൾ
19 : **നോമ്പ് നാലാം ഞായർ**
25 : മംഗളവാർത്താതിരുനാൾ
26 : **നോമ്പ് അഞ്ചാം ഞായർ**

**2. മാർച്ച് മാസത്തെ പരിപാടികൾ**

മാർച്ച് 03 : 07:30 pm സാമ്പത്തിക സമിതിയോഗം
11 : 10:00 am 17-ാം പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടനയോഗം
14 : 10:00 am ഫൊറോനവികാരിമാരുടെ യോഗം
: 02:30 pm സംഘടനകളുടെ ഡയറക്ടർമാരുടെ യോഗം
23 : 02:00 pm ചെറുപട്ടങ്ങൾ
30 : 10:00 am ആലോചനസമിതിയോഗം

**3. വലിയ ആഴ്ച :**

02.04.2017 : പാലയൂർ മഹാതീർത്ഥാടനം
09.04.2017 : ഓശാന ഞായർ
10.04.2017 : സമർപ്പിത വിശുദ്ധീകരണദിനം; മൂറോൻ കൂദാശ
13.04.2017 : പെസഹാവ്യാഴം
14.04.2017 : പീഡാനുഭവവെള്ളി : ഉപവാസദിനം
16.04.2017 : ഉയിർപ്പ് തിരുനാൾ

**3. സ്വാഗതം**

മറ്റു രൂപതകളിൽ സേവനത്തിനും ഉപരിപഠനത്തിനും ശേഷം തിരിച്ചു വന്നിരിക്കുന്ന അതിരൂപത വൈദികർക്കും അതിരൂപതയിൽ സേവനത്തിനായി എത്തിയിരിക്കുന്ന സന്യാസവൈദികർക്കും സ്വാഗതം.

ഫാ. ഡേവിസ് കണ്ണമ്പുഴ
ഫാ. ഡെമിൻ തറയിൽ
ഫാ. സാജൻ പിണ്ടിയാൻ
ഫാ. അൽജോ കരേരക്കാട്ടിൽ
ഫാ. അനിൽ അക്കര SDV
ഫാ. സിജോ തയ്യാലക്കൽ CMI
ഫാ. ജെറിഷ് അറക്കൽ CMI
ഫാ. ജിന്റോ കുറ്റൂക്കാരൻ CMI
ഫാ. അബിൻ കല്ലറക്കൽ CMI

**4. നന്ദി :**

അതിരൂപതയിലെ സേവനത്തിനുശേഷം തിരിച്ചുപോകുന്ന എല്ലാ ബഹു. വൈദികർക്കും അതിരൂപതയുടെ അകൈതവമായ നന്ദി.

ഫാ. ജോജു ചിരിയങ്കണ്ടത്ത് CMI
ഫാ. വിപിൻ കൊള്ളന്നൂർ SDV
ഫാ. ചാൾസ് തെക്കേതൊട്ടിയിൽ MSJ

**5. ആശംസ :**

അതിരൂപതയിൽ നിന്ന് സേവനത്തിനും പഠനത്തിനുമായി പോകുന്ന ബഹു. വൈദികർക്ക് അതിരൂപതയുടെ പ്രാർത്ഥനാനിർഭരമായ ആശംസകൾ

ഫാ. ജോൺസൻ കുണ്ടുകുളം (സാന്തോം മിഷൻ)
ഫാ. ജിയോമോൻ കല്ലേരി (സാന്തോം മിഷൻ)
ഫാ. ഷാജൻ ചീരമ്പൻ (സാന്തോം മിഷൻ)

**6. അഭിനന്ദനങ്ങൾ :**

റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും സഭാചരിത്രത്തിൽ ഡോക്ടറേറ്റ് നേടിയ ബഹു. തറയിൽ ഡെമിൻ അച്ചനും പാരിസിലെ കാത്തലിക് യൂണിവേഴ്സിറ്റിയിൽ നിന്നും Catechesis-ൽ ഡോക്ടറേറ്റ് നേടിയ ബഹു. പിണ്ടിയാൻ സാജൻ അച്ചനും ഫ്രാൻസിലെ തുളൂസിലെ കാത്തലിക് യൂണിവേഴ്സിറ്റിയിൽ നിന്നും ദൈവശാസ്ത്രത്തിൽ ലൈസൻഷിയേറ്റ് നേടിയ ബഹു. കരേരക്കാട്ടിൽ അൽജോ അച്ചനും അതിരൂപതയുടെ അഭിനന്ദനങ്ങൾ.

**7. വൈദികക്ഷേമനിധി :**

സ്ഥാപനങ്ങളിലും കോൺവെന്റുകളിലും സേവനം ചെയ്യുന്ന വൈദികർക്ക് വേണ്ടി വൈദികക്ഷേമനിധിയിലേക്ക് അടക്കേണ്ട വിഹിതങ്ങൾ മാർച്ച് 31-ന് മുമ്പ് അടച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സ്ഥാപനങ്ങളുടെയും കോൺവെന്റുകളുടെയും അധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**8. പാലയൂർ മഹാതീർത്ഥാടനം :**

2017 ഏപ്രിൽ 2-നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. തീർത്ഥാടനം വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം. ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസസമൂഹങ്ങളിലും അന്നേദിവസം പ്രത്യേക പരിപാടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

മുൻ വർഷങ്ങളിലെപ്പോലെ നോമ്പുകാലത്തെ വെള്ളിയാഴ്ചകളിൽ പാലയൂരിലേക്ക് ഇടവകകളുടേയും ഫൊറോനകളുടേയും നേതൃത്വത്തിൽ ജാഗരണതീർത്ഥാടനങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. ജാഗരണ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം താത്പര്യമെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**9. പട്ടങ്ങൾ :**

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി വൈദികപരിശീലനത്തിലായിരിക്കുന്ന ശെമ്മാശന്മാർ 2017 മാർച്ച് 23ന് കാറോയ, ഹെവ്പ്പദ്യാക്ക്ന, മ്ശംശാന പട്ടങ്ങൾ സ്വീകരിക്കുന്നു. അന്നേ ദിവസം ഉച്ചകഴിഞ്ഞ് 2:00ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ച് തിരുകർമ്മങ്ങൾ ആരംഭിക്കും. ബഹു. ശെമ്മാശ്ശന്മാരെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**10. ദൈവദർശൻ ക്യാമ്പുകൾ :**

ഈ വർഷവും വേനലവധി കാലത്ത് അതിരൂപതാവൈദികവിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഇടവകകളിൽ കുട്ടികൾക്കും യുവജനങ്ങൾക്കുമായി ദൈവദർശൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. 5 മുതൽ എ. സി. സി. ഉൾപ്പെടെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളെയാണ് ക്യാമ്പുകളിൽ പ്രതീക്ഷിക്കുന്നത്. മൂന്നു ദിവസങ്ങളിലായാണ് ക്യാമ്പുകൾ നടക്കുന്നത്. ക്യാമ്പുകൾ യഥാക്രമം തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ആരംഭിക്കുകയും ബുധൻ, ശനി ദിവസങ്ങളിൽ അവസാനിക്കുകയും ചെയ്യും. 2017 ഏപ്രിൽ 3 മുതൽ മെയ് 6 വരെയാണ് (വിശുദ്ധവാരം ഒഴികെ) ക്യാമ്പുകൾ ഇടവകകളിൽ നടത്താൻ സാധിക്കുക. ദൈവദർശൻ ക്യാമ്പ് നടത്താൻ ആഗ്രഹിക്കുന്ന ഇടവകകളിൽ ബഹു. അച്ചന്മാർ മൈനർ സെമിനാരി റെക്ടറച്ചനുമായി ബന്ധപ്പെടേണ്ടതാണ്.

**11. ദൈവവിളിവാരാചരണം :**

2017 ഏപ്രിൽ 3 മുതൽ 7 ഉൾപ്പെടെയുള്ള ദിവസങ്ങളിലാണ് നാം ദൈവവിളി വാരാചരണം നടത്തുന്നത്. ദൈവവിളിക്കുവേണ്ടി പ്രാർത്ഥിക്കാനും നല്ല ദൈവവിളികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും എല്ലാവരും പ്രത്യേകം താത്പര്യം കാണിക്കണം. പതിവുപോലെ തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് രാവിലെ 9:30 മുതൽ ഉച്ചതിരിഞ്ഞ് 3:30 വരെ പ്രാർത്ഥന

-ഉപവാസയജ്ഞം നടക്കും. സാധിക്കുന്ന എല്ലാവരും പങ്കെടുക്കുക. വിശദാംശങ്ങൾ നോട്ടീസിലൂടെ അറിയിക്കുന്നതാണ്.

**12. ദൈവവിളിക്യാമ്പുകൾ :**

എസ്. എസ്. എൽ. സി./പ്ലസ് ടു വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുംവേണ്ടി വെവ്വേറെ ദൈവവിളി ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. 2017 ഏപ്രിൽ 3, 4 തീയതികളിൽ ഡി. ബി. സി. എൽ. സി. യിൽ വച്ച് പെൺകുട്ടികൾക്കുള്ള ക്യാമ്പും 2017 ഏപ്രിൽ 3,4; 5,6; 7,8 എന്നീ തീയതികളിൽ മൂന്ന് ബാച്ചുകളിലായി മഡോണനഗർ മൈനർ സെമിനാരിയിൽ വച്ച് ആൺകുട്ടികൾക്കായുള്ള ക്യാമ്പുകളും നടത്തപ്പെടും. ദൈവവിളിയുടെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരെ പ്രത്യേകം പ്രോത്സാഹിപ്പിച്ച് ദൈവവിളി ക്യാമ്പുകളിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണം. വിശദാംശങ്ങൾ വൊക്കേഷൻ ബ്യൂറോയിൽ നിന്ന് അറിയിക്കുന്നതാണ്.

**13. പാസ്റ്ററൽ കൗൺസിൽ യോഗം:**

പതിനേഴാം പാസ്റ്ററൽ കൗൺസിലിന്റെ ഉദ്ഘാടനയോഗം മാർച്ച് 11 ശനിയാഴ്ച രാവിലെ 10.00 മണി മുതൽ ഡി. ബി. സി. എൽ. സി. യിൽ നടത്തുന്നു.

**14. കാരുണ്യനിധി കളക്ഷൻ:**

കാരുണ്യനിധിയിലേക്കുള്ള കളക്ഷൻ അടയ്ക്കാത്ത ഇടവകകൾ അത് അടയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**15. മിഷൻ സൺഡെ കളക്ഷൻ:**

2017 ലെ മിഷൻ സൺഡെ കളക്ഷൻ 2017 ആഗസ്റ്റ് 31-നുള്ളിൽ അതിരൂപത ഫിനാൻസ് ഓഫീസിൽ ഏല്പിക്കേണ്ടതാണ്. ആഗസ്റ്റ് 31-നുള്ളിൽ മിഷൻ സൺഡെ കളക്ഷൻ കൊടുക്കുന്ന പള്ളികളും സ്ഥാപനങ്ങളും മാത്രമെ സമ്മാനത്തിനു പരിഗണിക്കപ്പെടുകയുള്ളൂ.

**16. വൈദികരുടെ നിയമനം :**

**(a) തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ സ്ഥലമാറ്റം : പ്രാബല്യം 08-02-2017 മുതൽ**

001. **റവ. മോൺ. അക്കര ജോർജ്ജ്**: റിട്ടയർമെന്റ്; സീനിയർ റസിഡന്റ് പ്രീസ്റ്റ് കൊഴുക്കുള്ളി; കണ്ണംകുളങ്ങര വികാരി, കപ്ലോൻ സി. എസ്. സി. ഒഴിവായി.

002. **റവ. ഫാ. പെരൂട്ടിൽ സെബാസ്റ്റ്യൻ**: കണ്ണംകുളങ്ങര വികാരി, കപ്ലോൻ സി. എസ്. സി; വികാരി അരണാട്ടുകര; കപ്ലോൻ സി. എച്ച്. എഫ്. മഠങ്ങൾ ഒഴിവായി.

003. **റവ. ഫാ. മുളക്കൽ ജോൺ**: ആക്ടിംഗ് വികാരി അരണാട്ടുകര; കപ്ലോൻ സി. എച്ച്. എഫ്. മഠങ്ങൾ; തണ്ടിലം വികാരി, കപ്ലോൻ എസ്. ജെ. എസ്. എം. ഒഴിവായി.

004. **റവ. ഫാ. എടയാൽ ചാക്കോ**: തണ്ടിലം വികാരി, കപ്ലോൻ എസ്. ജെ. എസ്. എം.; വടൂക്കര വികാരി, കപ്ലോൻ സി. എച്ച്. എഫ്. ഒഴിവായി.

005. **റവ. ഫാ. വെട്ടത്ത് മാത്യു**: വടൂക്കര വികാരി, കപ്ലോൻ സി. എച്ച്. എഫ്.; അസി. പ്രൊക്യുറേറ്റർ, കപ്ലോൻ സി. എസ്. എം. ലൂർദ്ദ്നാഥ ഒഴിവായി.

006. **റവ. ഫാ. പാണാട്ടുപറമ്പിൽ ബാബു**: അരണാട്ടുകര വികാരി, കപ്ലോൻ സി. എച്ച്. എഫ്. മഠങ്ങൾ (w.e.f. 2017 March 15) ; റെക്ടർ മേരി മാത സെമിനാരി, എസ്. എസ്. ജെ. ഡബ്ല്യു. മഠത്തിൽ ദിവ്യബലി യർപ്പണം ഒഴിവായി (w.e.f. 2017 March 15).

007. **റവ. ഫാ. നീലങ്കാവിൽ ടോണി**: റെക്ടർ മേരിമാത സെമിനാരി, എസ്. എസ്. ജെ. ഡബ്ല്യു. മഠത്തിൽ ദിവ്യബലിയർപ്പണം (w.e.f. 2017 March 15).

008. **റവ. ഫാ. കൂനംപ്ലാക്കൽ ജെയ്സൻ**: വൈസ് റെക്ടർ മേരിമാത സെമി നാരി (w.e.f. 2017 March 18); റെക്ടർ സെന്റ് മേരീസ് മൈനർ സെമി നാരി, വൊക്കേഷൻ പ്രമോട്ടർ (w.e.f. 2017 March 18) ഒഴിവായി.

009. **റവ. ഫാ. തലക്കോടൻ ഡൊമിനിക്**: റെക്ടർ സെന്റ് മേരീസ് മൈനർ സെമിനാരി & വൊക്കേഷൻ പ്രമോട്ടർ (w.e.f. 2017 March 18); വൈസ് ചാൻസലർ കൂരിയ, എക്സിക്യൂട്ടീവ് എഡിറ്റർ ബുള്ളറ്റിൻ, കാരുണ്യ പ്രോജക്ട് ഓഫീസർ, സെക്രട്ടറി കരുണട്രസ്റ്റ്, കപ്ലോൻ യു. എം. ഐ. എന്നിവ (w.e.f. 2017 March 18) ഒഴിവായി.

010. **റവ. ഫാ. ഏലന്താനത്ത് നൈസൻ**: റസിഡന്റ് വൈസ് ചാൻസലർ കൂരിയ, എഡിറ്റർ ബുള്ളറ്റിൻ, കാരുണ്യ പ്രോജക്ട് ഓഫീസർ, സെക്ര ട്ടറി കരുണട്രസ്റ്റ്, അസോസിയേറ്റ് ഡയറക്ടർ പബ്ലിക് റിലേഷൻസ്, ഡയറക്ടർ സോഷ്യൽ ഹാർമണി & വിജിലൻസ്, പരിസ്ഥിതി സംര ക്ഷണം, കപ്ലോൻ സി. എസ്. എം. ലൂർദ്ദ്നാഥ; ഡയറക്ടർ സാവിയോ ഹോം ഒഴിവായി.

011. **റവ. ഫാ. കടവി ജിയോ**: ഡയറക്ടർ സാവിയോ ഹോം കൂടി; വൈസ് ചാൻസലർ, ഡയറക്ടർ യൂത്ത് മിനിസ്ട്രി & കെ. സി. വൈ. എം., ഡയറക്ടർ പ്രവാസി പ്രേഷിതത്വം, സോഷ്യൽ ഹാർമണി & വിജി ലൻസ്, പരിസ്ഥിതി സംരക്ഷണം, കപ്ലോൻ അസ്സീസി എഫ്. സി. സി. എന്നിവ ഒഴിവായി.

012. **റവ. ഫാ. കൂള ഡിറ്റോ**: അസിസ്റ്റന്റ് പ്രൊക്യുറേറ്റർ, ഡയറക്ടർ യൂത്ത് മിനിസ്ട്രി & കെ. സി. വൈ. എം. പ്രവാസി പ്രേഷിതത്വം, ദിവ്യബലി യർപ്പണം മണ്ണുത്തി സി. എച്ച്. എഫ്. മഠങ്ങൾ; വികാരി മുള്ളൂർക്കര, അസി. ബർസാർ & മാനേജർ മഹാജൂബിലി ട്രെയിനിംഗ് കോളേജ്. പാരലൽ കേളേജ്, സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ്, ലോക്കൽ മാനേജർ അതിരൂപത എസ്റ്റേറ്റ്, കപ്ലോൻ സി. എം. സി., എസ്. സി. സി. എന്നിവ ഒഴിവായി.

013. **റവ. ഫാ. അപ്പാടൻ ബാബു**: വികാരി മുള്ളൂർക്കര, അസി. ബർസാർ & മാനേജർ മഹാജൂബിലി ട്രെയിനിംഗ് കോളേജ്. പാരലൽ കേളേജ്, സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ്, ലോക്കൽ മാനേജർ അതിരൂപത എസ്റ്റേറ്റ്, കപ്ലോൻ സി. എം. സി., എസ്. സി. സി.; വികാരി ഏങ്ങണ്ടിയൂർ, കപ്ലോൻ ഇൻഫന്റ് ജീസസ് എഫ്. സി. സി. ഒഴിവായി.

014. **റവ. ഫാ. പുന്നശ്ശേരി ജെയ്സൻ**: വികാരി ഏങ്ങണ്ടിയൂർ, കപ്ലോൻ ഇൻഫന്റ് ജീസസ് എഫ്. സി. സി..; വികാരി കോടന്നൂർ, കപ്ലോൻ എസ്. എ. ബി. എസ്. ഒഴിവായി.

015. **റവ. ഫാ. തച്ചറാട്ടിൽ ജേക്കബ്**: വികാരി കോടന്നൂർ, കപ്ലോൻ എസ്. എ. ബി. എസ്.; വികാരി തൊയക്കാവ്, കപ്ലോൻ സി. എസ്. സി. ഒഴിവായി.

016. **റവ. ഫാ. അറാശ്ശേരി ജോസഫ്**: വികാരി തൊയക്കാവ്, കപ്ലോൻ സി. എസ്. സി.; വികാരി തലക്കോട്ടുകര, കപ്ലോൻ എഫ്. എസ്. എം. ഒഴിവായി.

017. **റവ. ഫാ. പാലത്തിങ്കൽ വർഗ്ഗീസ്**: വികാരി തലക്കോട്ടുകര, കപ്ലോൻ എഫ്. എസ്. എം.; വികാരി മുക്കാട്ടുകര, കപ്ലോൻ സി. എച്ച്. എഫ്. ഒഴിവായി.

018. **റവ. ഫാ. ചിറമ്മൽ ജോളി**: വികാരി മുക്കാട്ടുകര, കപ്ലോൻ സി. എച്ച്. എഫ്.; വികാരി കുണ്ടന്നൂർ, കപ്ലോൻ എഫ്. എം. ഡി. എ., യു. എം. ഐ. ഒഴിവായി.

019. **റവ. ഫാ. പനക്കൽ ജോജു**: വികാരി കുണ്ടന്നൂർ, കപ്ലോൻ എഫ്. എം. ഡി. എ., യു. എം. ഐ.; വികാരി വൈലത്തൂർ, കപ്ലോൻ എഫ്. സി. സി. ഒഴിവായി.

020. **റവ. ഫാ. ചിറമ്മൽ ഡേവിസ് (Jr.)**: വികാരി വൈലത്തൂർ, കപ്ലോൻ എഫ്. സി. സി.

021. **റവ. ഫാ. വല്ലൂരാൻ ജോസ്**: വികാരി & ഫൊറോന വികാരി മറ്റം, കപ്ലോൻ എഫ്, സി. സി.; വികാരി & ഫൊറോന വികാരി പുതുക്കാട്, കപ്ലോൻ സി. എം. സി., എസ്. എ. ബി. എസ്., എസ്. കെ. ഡി. ഒഴിവായി.

022. **റവ. ഫാ. പാലത്തിങ്കൽ പോൾസൺ**: വികാരി & ഫൊറോന വികാരി പുതുക്കാട്, കപ്ലോൻ സി. എം. സി.., എസ്. എ. ബി. എസ്., എസ്. കെ. ഡി.; വികാരി ഏനാമ്മാവ്, കപ്ലോൻ സി. എച്ച്. എഫ്. ഒഴിവായി.

023. **റവ. ഫാ. അരിമ്പൂർ ജോൺസൻ**: വികാരി ഏനാമ്മാവ്, കപ്ലോൻ സി. എച്ച്. എഫ്.; വികാരി പാവറട്ടി, കപ്ലോൻ സി. എം. സി., എസ്. എ. ബി. എസ്., സെന്റ് ആൻ എന്നിവ ഒഴിവായി.

024. **റവ. ഫാ. പൂവ്വത്തൂക്കാരൻ ജോസഫ്**: വികാരി പാവറട്ടി, കപ്ലോൻ സി. എം. സി., എസ്. എ. ബി. എസ്., സെന്റ് ആൻ; വികാരി & ഫൊറോന വികാരി കണ്ടശ്ശാംകടവ്, കപ്ലോൻ സി. എം. സി. ഒഴിവായി.

025. **റവ. ഫാ. വടക്കൂട്ട് ജെയിംസ്**: വികാരി & ഫൊറോന വികാരി കണ്ട ശ്ശാംകടവ്, കപ്ലോൻ സി. എം. സി.; വികാരി തിരൂർ, കപ്ലോൻ എഫ്. സി. സി. ഒഴിവായി.

026. **റവ. ഫാ. പനംകുളം ഡേവിസ്:** വികാരി തിരൂർ, കപ്ലോൻ എഫ്. സി. സി.; വികാരി & ഫൊറോന വികാരി മറ്റം, കപ്ലോൻ എഫ്. സി. സി. ഒഴിവായി.

027. **റവ. ഫാ. തൈക്കാടൻ ജോൺ പോൾ**: ഭാഷാപഠനത്തിനായി അവധി, താമസം ക്രൈസ്റ്റ് വില്ല; വികാരി വരടിയം, കപ്ലോൻ സി. എസ്. സി., ഒ. പി. ഒഴിവായി.

നോമ്പുകാലത്ത് നാം കൂടുൽ സമയം പ്രാർത്ഥിക്കണം. കുരി ശിന്റെ വഴി നടത്തുന്നത് നല്ല ഭക്താഭ്യാസമാണ്. ബൈബിൾ വായി ക്കാനും സമയം കണ്ടെത്തെണം. ഫ്രാൻസീസ് മാർപാപ്പ നോമ്പുകാ ലത്തിന്റെ അടിസ്ഥാനമായി പറയുന്നത് ദൈവവചനമാണ്. പരീക്ഷ യിൽ ഉന്നതവിജയത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം, വരൾച്ച കൊണ്ട് വേദനിക്കുന്ന നമ്മുടെ നാട്ടിൽ മഴക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണം. ഫ്രാൻസീസ് മാർപാപ്പ തന്റെ നോമ്പുകാല സന്ദേശ ത്തിൽ ധനവാന്റേയും, ലാസറിന്റെയും ഉപമ വിശദ്ധീകരിച്ചുകൊണ്ട് (ലൂക്ക 16:19–31) മറ്റുള്ളവരെ സഹായിക്കേണ്ടതിന്റെ ആവശ്യകത ഊന്നി പറയുന്നു. പാപ്പ പറയുന്നു: "വചനം ഒരു ദാനമാണ്, മറ്റു വ്യക്തികൾ ഒരു ദാനമാണ്". ലാസർ എന്ന പേരിന്റെ അർത്ഥം "ദൈവം സഹായി ക്കുന്നു" എന്നാണ്. സ്വയം ദൈവമാക്കിയ ധനവാനു ദൈവസഹായം

കിട്ടിയില്ല. ഈ ധനവാൻ ലാസറിനെ സഹായിച്ചിരുന്നെങ്കിൽ ദൈവ സഹായം കിട്ടുമായിരുന്നു.

പ്രിയ കുട്ടികളെ നോമ്പുകാലത്ത് നിങ്ങൾക്ക് പാവപ്പെട്ടവർക്ക് എന്തു ചെയ്യാൻ സാധിക്കുമെന്ന് നിങ്ങൾ ധ്യാനിക്കണം. മത്തായി 25:40 നിങ്ങൾ മനഃപാഠമാക്കണം. നിങ്ങൾക്ക് ഈസ്റ്ററിന്റെ ആശംസകൾ നേരുന്നു. പരീക്ഷകളിൽ നല്ല വിജയം നേടാൻ ഞാൻ പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

**ചോദ്യങ്ങൾ:**

1. ഫ്രാൻസിസ് മാർപാപ്പയുടെ സന്ദേശത്തിൽ പറയുന്നതനുസരിച്ച് നോമ്പുകാലം എന്നാൽ എന്ത്?
2. സീറോ മലബാർ സഭയിൽ 50 നോമ്പ് കർത്താവിന്റെ നാൽപതു ദിവസത്തെ ഉപവാസവുമായി ബന്ധപ്പെടുത്തി കണക്കാക്കുന്നത് ഏങ്ങനെ?
3. മത്തായിയുടെ 6-ാം അദ്ധ്യായത്തിൽ കാണുന്ന നോമ്പുകാല ചൈതന്യം ഏവ?
4. നിങ്ങൾ ഏങ്ങനെയാണ് ഈ നോമ്പുകാലം ആചരിക്കുവാൻ ഉദ്ദേശിക്കുന്നത്?

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

മിശിഹായിൽ വത്സലപിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

അതിരൂപതയിൽ ഫെബ്രുവരി 12, 19, 26 എന്നീ തിയതികളിൽ മതബോധന വാർഷിക പരീക്ഷകൾ നന്നായി നടത്തുവാൻ സഹായിച്ച എല്ലാ വൈദികരെയും മതബോധന പ്രധാനാധ്യാപകരെയും മറ്റു എല്ലാ അധ്യാപകരെയും നന്ദിയോടെ ഓർക്കുന്നു. വിശ്വാസപരിശീലനം തുടർപരിശീലനമാണ്. വിശ്വാസപരിശീലനത്തിന് തുടർച്ചയുണ്ടാകാവുന്നവിധത്തിൽ അവധിക്കാല ദിവസങ്ങളിലും കുട്ടികൾക്കും യുവാക്കൾക്കും മാതാപിതാക്കൾക്കും വിശ്വാസപ്രബോധന ക്ലാസ്സുകളും പരിപാടികളും ഇടവകതലത്തിൽ സംഘടിപ്പിക്കുവാൻ വികാരിയച്ചന്മാരോടൊപ്പം മതാധ്യാപകരും ശ്രദ്ധിക്കുമല്ലോ.

## 1. Service Award Day – 26th January 2017

ഈ വർഷത്തെ Service Award Day സമുചിതമായി ആഘോഷിച്ചു. അതിരൂപതാ ചാൻസലർ വെ.റവ. ഫാ. മാത്യു കുറ്റിക്കോട്ടയിൽ നടത്തിയ ആമുഖപ്രഭാഷണത്തിനുശേഷം അധ്യാപകർ അനുഭവങ്ങൾ പങ്കുവച്ചു. അതിരൂപതയിലെ നവവൈദികരുടെ കാർമ്മികത്വത്തിൽ നടത്തിയ ദിവ്യബലിയോടുകൂടി അധ്യാപകർ കത്തിച്ച തിരികളുമായി പ്രതിജ്ഞയെടുത്തു.

ഉച്ചക്കുശേഷം അവാർഡ്ദാന പൊതുസമ്മേളനം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു. അതിരൂപതാ വികാരി ജനറാൾ പെ. ബഹു. മോൺ. തോമസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ചു. ബഹു. ഡയറക്ടർ ഫാ. റാഫേൽ ആക്കാമറ്റത്തിൽ സ്വാഗതം നേർന്നു. കറസ്പോണ്ടൻസ് തിയോളജി കോഴ്സ് പൂർത്തിയാക്കിയവർ, മതാധ്യാപകർക്കുള്ള ആപ്റ്റിറ്റ്യൂഡ് പരീക്ഷയിലെ റാങ്ക് ജേതാക്കൾ, സീറോ മലബാർ മതബോധനകമ്മീഷൻ തെരഞ്ഞെടുത്ത 12-ാം ക്ലാസ്സിലെ പ്രതിഭകൾ, സർവ്വീസ് അവാർഡിനർഹരായ അധ്യാപകർ, ബെസ്റ്റ് മോഡൽ യൂണിറ്റ്, മോഡൽ യൂണിറ്റുകൾ എന്നിവർക്ക് സർട്ടിഫിക്കറ്റുകളും പുരസ്കാരങ്ങളും ആർച്ച്ബിഷപ് നല്കി ആദരിച്ചു. മതബോധനകമ്മീഷൻ സെക്രട്ടറി ശ്രീ. എ. എം. ജയ്സൻ മാസ്റ്റർ, മതബോധന അതിരൂപതാ പി. ടി. എ. പ്രസിഡന്റ് ശ്രീ. സീജോ ചിറക്കേക്കാരൻ എന്നിവർ ആശംസകൾ നേർന്നു. മതാദ്ധ്യാപക പ്രതിനിധി ശ്രീ. റാഫേൽ ചേലപ്പാടൻ, പ്രതിഭകളായ കുമാരി റോസ് മുട്ടത്ത്, കുമാരി മെർളിൻ കെ. മൈക്കിൾ എന്നിവർ മറുപടിപ്രസംഗങ്ങൾ നടത്തി. അസി. ഡയറക്ടർ റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ ഏവർക്കും നന്ദി രേഖപ്പെടുത്തി. അസി. ഡയറക്ടർ ഫാ. ടെൻസ് കുന്നപ്പിള്ളി, ഓഫീസ് സെക്രട്ടറി ശ്രീ. പി. എം സേവ്യർമാസ്റ്റർ, റവ. സി. ഫെമി നീലങ്കാവിൽ എഫ്. സി. സി. എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി. 700 ഓളം പേർ സമ്മേളനത്തിൽ പങ്കെടുത്തു.

**2. ഹെഡ്മാസ്റ്റർമാരുടെ കോൺഫ്രൻസ് :**

ഫെബ്രുവരി 5 ഞായർ 2:30 PM ന് ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് ആയിരുന്നു. പരീക്ഷാ നടത്തിപ്പ്, സ്കോളർഷിപ്പ് പരീക്ഷ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് സവിസ്തരം ചർച്ച ചെയ്തു.

**3. കേന്ദ്രീകൃത മൂല്യനിർണ്ണയം**

2016 - 2017അദ്ധ്യയനവർഷത്തിലെ Std. XII, ACC വാർഷിക പരീക്ഷയുടെ കേന്ദ്രീകൃത മൂല്യ നിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബന്ധമായും മതബോധനകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. **2017 മാർച്ച് 4 & 5, ശനി, ഞായർ; മാർച്ച് 11 & 12, ശനി, ഞായർ 9.30 am - 4.30 pm**

**4. Scholarship Examinations**

**a) School Catechism & Moral Science –8th April 2017 Saturday 02 pm - 04 pm**

***Examination Centres:***

| | | |
|---|---|---|
| 1. Eravu | - | St. Joseph’s Eng. HSS |
| 2. Mammiyur | - | Little Flower CGHSS |
| 3. Ollur | - | St. Mary’s CGHS |
| 4. Palakkal | - | Aided LPS |
| 5. Thrissur | - | Basilica, Mathanikethan |
| 6. Thrissur East | - | St. Clare’s CGHSS |
| 7. Wadakkanchery | - | St. Pius X CUPS |

**b) Sunday Catechism – 22nd April 2017 Saturday 02 pm - 04 pm**

*Sunday Scholarship Examination Centres:*

| | |
|---|---|
| 1. Chelakkara | St. Mary’s Church |
| 2. Cheroor | St. Francis Xavier’s Church |
| 3. Cherpu | St. Antony’s Church |
| 4. Eravu | St. Theresa’s Church |
| 5. Mannampetta | Mary Immaculate Church |
| 6. Mannuthy | St. Antony’s Church |
| 7. Ollur | St. Mary’s CGHS |
| 8. Palakkal | St. Mathew’s Church |
| 9. Pavaratty | Christ King, C. G. H.S. |

| | |
|---|---|
| 10.Peramangalam | St. Mary's Church |
| 11.Thrissur Cathedral | St. Mary's UPS, Lourdes Cathedral |
| 12.Thrissur Dolours | Mathanikethan, Thrissur Dolours Basilica |
| 13.Wadakkanchery | Clelia Barbieri Holy Angels Eng. Medium High School |
| 14.West Fort (Thrissur) | St. Anne's Church |

**പ്രത്യേകപുസ്തകം (Additional Portion)**

Stds. IV to VII വിദ്യാർത്ഥികൾക്ക് പ്രത്യേകപുസ്തകം ഈ വർഷത്തെ സ്കോളർഷിപ്പ് പരീക്ഷക്ക് താഴെ പറയുന്നവയാണ്.

| | |
|---|---|
| for Std. IV | വി. അൽഫോൻസ (Non-detailed Book of Std. V) |
| for Std. V | വി. കുരിയാക്കോസ് ഏലിയാസ് (Non-detailed Book of Std.VI) |
| for Std. VI | വി. ഡൊമിനിക് സാവിയോ (Non-detailed Book of Std. VII ) |
| for Std. VII | വി. മരിയ ഗൊരേത്തി (Non-detailed Book of Std. VIII. |

Stds. VIII to XI വിദ്യാർത്ഥികൾക്ക് 'കത്തോലിക്കാസഭ' മാസിക ഒക്ടോബർ മുതൽ ഫെബ്രുവരി ഉൾപ്പടെയുള്ള ലക്കങ്ങളിലെ 'ദർശനം' എന്ന ഭാഗത്തുനിന്നും. *വിശദവിവരങ്ങൾക്ക് Please See Annual Programme Pages 42, 43.*

സ്കോളർഷിപ്പ് പരീക്ഷക്ക് 8 ദിവസം മുമ്പ് മുതൽ മതബോധനകേന്ദ്രത്തിൽ നിന്നും ഹാൾ ടിക്കറ്റ്സ് വാങ്ങികൊണ്ടുപോകേണ്ടതാണ്. പ്രധാനാധ്യാപകൻ അതിൽ ഒപ്പുവച്ചതിനുശേഷം മാത്രമാണ് കുട്ടികൾക്ക് കൈമാറേണ്ടത്.

**5. Intensive Catechism** - ദൈവദർശൻ 2017 (ACC വിദ്യാർത്ഥികൾക്കും കൂടി)

ഏപ്രിൽ, മെയ് മാസങ്ങളിൽ യൂണിറ്റിൽ നടത്തുന്ന ദൈവദർശൻ ക്യാമ്പിൽ ACC വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തുന്ന വിധമാണ് ക്രമീകരിച്ചിട്ടുള്ളത്. വിശദവിവരങ്ങൾക്ക് പെ. ബഹു. മൈനർ സെമിനരി റെക്ടറുമായി ബന്ധപ്പെടുക: ഫോൺ : 0487 - 2420891, 2423196

കുട്ടികളുടെ ധ്യാനത്തിന് ചിൽഡ്രൻസ്മിനിസ്റ്ററിയെയും സമീപിക്കാവുന്നതാണ്. **Director Ph. 2325336**

**6. Std. X, XI, XII Duplicate Register**

യൂണിറ്റുകളിൽ ഇപ്പോഴുള്ള രജിസ്റ്റർ തീരുന്നതുവരെ ഉപയോഗിക്കുക. പുതിയ രജിസ്റ്റർ ബുക്ക്സ്റ്റാളിൽ ലഭ്യമാണ്. മുമ്പുള്ളത് തീർന്നാൽ പുതിയ രജിസ്റ്റർ വാങ്ങി ഉപയോഗിച്ചു തുടങ്ങാവുന്നതാണ്. ഒരു യൂണിറ്റിലെ വളരെ പ്രധാനപ്പെട്ടരേഖയാണ് ഡൂപ്ളിക്കേറ്റ് രജിസ്റ്റർ എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. Std. X, XI, XII ലെ വിവരങ്ങളാണ് പ്രധാനമായും എഴുതേണ്ടത്. 12-ാം ക്ലാസ്സിലെ വാർഷിക പരീക്ഷക്ക് രജിസ്റ്റർ ചെയ്യുന്നവരുടെ വിവരങ്ങൾ എഴുതിയാൽ മതി.

**7. സർവ്വീസ് അവാർഡ് സർട്ടിഫിക്കറ്റ്**

25, 35, 45, 50 വർഷത്തെ സർവ്വീസ് അവാർഡുകാർക്ക് വത്തിക്കാനിൽ നിന്നും ലഭിച്ച Papal Blessing -നു പുറമെ, അവശ്യവിവരങ്ങൾ രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റും വേണമെന്നുള്ളവർ മതബോധനകേന്ദ്രവുമായി ബന്ധപ്പെടുക. തയ്യാറാക്കി നൽകുന്നതാണ്.

സ്നേഹപൂർവ്വം,

**Fr. Tens Kunnappilly**
**Fr. Jijo Kappilamnirappel**
Asst. Directors

**Fr. Raphael Akkamattathil**
Director

## INSTITUTE OF THEOLOGY, TRICHUR

(Phone : 0091-0487- 2333245)

E-mail: Institute.of.theology@gmail.com

**Correspondence Theology**:

കറസ്പോണ്ടൻസ് തിയോളജി കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർക്ക് 2017 ജനുവരി 26 ന് ഡി. ബി. സി. എൽ. സി. യിൽ നടന്ന സർവ്വീസ് അവാർഡ്ദിന സമ്മേളനത്തിൽ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് സർട്ടിഫിക്കറ്റുകൾ നല്കി. വിജയികളായ എല്ലാവർക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ.

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ മാർച്ച് 12, 26 എന്നീ ഞായറാഴ്ചകളിൽ രണ്ടു മണി മുതൽ അഞ്ചു മണി വരെ ആയിരിക്കും.

സ്നേഹപൂർവ്വം,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ** (ഡയറക്ടർ)

# മേരിമാതാ മേജർ സെമിനാരി

**എക്യുമെനിക്കൽ മീറ്റ് 2017 (22/01/2017)**

ആഗോള ക്രൈസ്തവ സമൂഹം ജനുവരി 18 മുതൽ ഒരാഴ്ചക്കാലം സഭൈക്യവാരമായി ആചരിച്ചു. സഭകൾ തമ്മിലുള്ള ഐക്യവും സൗഹൃദവും വളർത്തുക. ഏകമനസായി ക്രിസ്തുവിനുവേണ്ടി പ്രേഷിത പ്രവർത്തനങ്ങളിൽ ഏർപ്പെടുക, തിന്മയുടെ ശക്തികളെ ഒന്നിച്ചു നേരിടുക എന്നീ നിയോഗങ്ങൾ മുൻനിർത്തികൊണ്ട് തൃശ്ശൂർ എക്യുമെനിക്കൽ കൂട്ടായ്മയുടെ നേതൃത്വത്തിൽ സെമിനാരിയിൽ സഭൈക്യവാര ശുശ്രൂഷകൾ നടത്തി. അതിന്റെ ഭാഗമായി ജനുവരി 22ന് വിവിധ സഭകളുടെ പ്രതിനിധികൾ സെമിനാരിയിൽ വച്ചു നടത്തിയ എക്യുമെനിക്കൽ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുത്തു. സെമിനാരിയ റെക്ടർ ഫാ. ബാബു പാണാട്ടുപറമ്പിൽ ഏവരേയും സ്വാഗതം ചെയ്യുകയും പ്രാർത്ഥനകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. തുടർന്ന് കൽദായ സഭയെ പ്രതിനിധീകരിച്ച് ഫാ. ആന്റണി കൈതാരൻ വചനസന്ദേശം നൽകുകയും ചെയ്തു.

**റിപ്പബ്ലിക് ദിനം (ജനുവരി 26)**

ഈ വർഷത്തെ റിപ്പബ്ലിക് ദിനം മേരിമാതാ സെമിനാരിയിലും ഉചിതമായി ആചരിച്ചു. പട്ടിക്കാട് ഫൊറോനാ വികാരിയായ പെ. ബഹു. ജോൺസൺ അന്തിക്കാട്ടച്ചന്റെ മുഖ്യകാർമ്മികതയിലുള്ള വി. കുർബ്ബാനയ്ക്കു ശേഷം ദേശീയ പതാക ഉയർത്തി. വൈദിക വിദ്യാർത്ഥികളിലെ ദേശസ്നേഹം വളർത്തികൊണ്ട് അദ്ദേഹം റിപ്പബ്ലിക് ദിന സന്ദേശം നൽകി. വിദ്യാർത്ഥികളെ പ്രതിനിധീകരിച്ച് ഒന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥിയായ ബ്രദർ ജിൻസ് കണ്ണാടിപാറ സന്ദേശം നൽകി. ഉച്ചതിരിഞ്ഞ് നടത്തിയ പൊതുയോഗത്തിൽ ബഹുമാന്യനായ ഇപ്പോഴത്തെ തൃശ്ശൂർ ഡി. സി. സി. വൈ. പ്രസിഡന്റ് ശ്രീ. ജോസ് സി. വള്ളൂർ യോഗം ഉദ്ഘാടനം ചെയ്യുകയും സദസ്സിനെ അഭിസംബോധന ചെയ്തു സംസാരിക്കുകയും ചെയ്തു. ബഹു. ഫ്രീജോ പാറയ്ക്കലച്ചൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ബ്രദർ അരുൺ പടിഞ്ഞാറേ ആനിശ്ശേരിയിൽ പ്രസംഗിച്ചു. തുടർന്ന് കൊഴുക്കുള്ളി, കുരിയച്ചിറ, കൂട്ടാല ഇടവകകളിലെ കൊച്ചുമിടുക്കന്മാർ സെമിനാരി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ മനോഹരമായ കലാപരിപാടികൾ അവതരിപ്പിച്ചുകൊണ്ട് റിപ്പബ്ലിക് ദിനാഘോഷം മനോഹരമാക്കി.

**Beats 2017 & Food Fest (ജനുവരി 28)**

സെമിനാരിയിലെ സംഗീതസന്ധ്യ "Beats 2017" എന്ന പേരിൽ വളരെയേറെ വർണ്ണശബളമായി ജൂൺ 28ന് വൈകുന്നേരം നടത്തപ്പെട്ടു. വൈദിക വിദ്യാർത്ഥികളുടെ സംഗീത അഭിരുചികളെ പരിപോഷിപ്പിക്കുന്നതിനു

വേണ്ടിയും അവരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനു വേണ്ടിയും ബ്ര. പ്രമോദിന്റെ നേതൃത്വത്തിൽ സെമിനാരി ക്വയർ നടത്തിയ സംഗീത സന്ധ്യ ഏറെ അഭിനന്ദനാർഹമായി. സെമിനാരിയിലെ 40 ഓളം ഗായകർ നടത്തിയ പ്രാർത്ഥനാ ഗാനത്തോടെ സംഗീതസന്ധ്യ ആരംഭിച്ചു. കീ ബോർഡ് വയലിൻ, റിതംപാഡ്, തുടങ്ങിയ ആറോളം വാദ്യോപകരണങ്ങൾ സംഗീത നിശയ്ക്ക് ഇമ്പമേകി. ഈ സംഗീത നിശയുടെ ഏറ്റവും വലിയ പ്രത്യേകത യായിരുന്നു, വൈദികരെല്ലാവരും ചേർന്ന് ആലപിച്ച സംഘഗാനം. മുൻവർഷങ്ങളിലേതുപോലെ സംഗീത സന്ധ്യയോടനുബന്ധിച്ച് Food Fest നടത്തുകയുണ്ടായി. വൈദിക വിദ്യാർത്ഥികൾ തയ്യാറാക്കിയ സ്വാദിഷ്ടമായ ഭക്ഷണവും ഇമ്പമുള്ള ഗാനങ്ങളും ഈ സന്ധ്യയെ അവിസ്മരണീയമാക്കി.

**വൈദീക കൂട്ടായ്മയുമായി സൗഹൃദ മത്സരങ്ങൾ (ജനുവരി)**

തൃശ്ശൂർ അതിരൂപതയിലെയും എറണാകുളം അതിരൂപതയിലെയും വൈദിക കൂട്ടായ്മകളുമായി ഫുഡ്ബോൾ, ബാസ്ക്കറ്റ് ബോൾ മത്സരങ്ങൾ സെമിനാരിയിൽ സംഘടിപ്പിച്ചു. ജ്യേഷ്ഠ സഹോദരങ്ങളുമായി നടത്തിയ സൗഹൃദമത്സരങ്ങൾ ജയപരാജയങ്ങളെക്കാൾ പുതിയ സൗഹൃദങ്ങളും സ്നേഹബന്ധങ്ങളും വളർത്തുന്നിനുള്ള നല്ല അവസരങ്ങളായി. മത്സരിക്കാൻ വന്ന വൈദികർക്ക് പഴയ ഓർമ്മകൾ അയവിറക്കാനും പരിശീലനത്തിലായിരിക്കുന്ന കുഞ്ഞനുജന്മാരുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാനുമുള്ള അവസരമായിരുന്നു. അതോടൊപ്പം തങ്ങളെ വൈദിക ജീവിതത്തിലേക്ക് ഒരുക്കിയ ഗുരുഭൂതരെ കാണുവാനും പരിചയം പുതുക്കുവാനുമുള്ള അവസരമായിരിക്കുന്നു അത്.

**ചെറുപട്ടങ്ങൾ സ്വീകരിക്കുവാനുള്ള ഒരുക്കം (ഫെബ്രുവരി 2)**

പൗരോഹിത്യസ്വീകരണത്തിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് അതിനുമുന്നോടിയായ് സ്വീകരിക്കുവാൻ ഇരിക്കുന്ന കാറോയ, ഹെവ്പദ്യാക്ക്ന, മ്ശംശാന തുടങ്ങിയ ചെറുപ്പട്ടങ്ങൾക്കായുള്ള ഒരുക്കങ്ങൾ തുടങ്ങി. ബാച്ചടിസ്ഥാനത്തിൽ വ്യത്യസ്ത ചാപ്പലുകളിലായി ബഹു. വൈദികരുടെ നേതൃത്വത്തിൽ വിവിധ പട്ടങ്ങളുടെ സ്വീകരണത്തിനായി ദൈവശാസ്ത്ര വിചിന്തനങ്ങളുമായി വി. കുർബ്ബാനയോടുകൂടി ഒരുങ്ങിക്കൊണ്ടിരിക്കുന്നു.

**സ്നേഹോത്സവം Follow up (ഫെബ്രുവരി 4)**

ഡിസംബർ മാസത്തിൽ സ്നേഹോത്സവം നടത്തിയ ഇടവകകളിൽ ബഹു. വൈദികരുടെ നേതൃത്വത്തിൽ ബ്രദേഴ്സ് ഒരിക്കൽ കൂടി പോവുകയും ഭവനങ്ങൾ സന്ദർശിച്ചു പ്രാർത്ഥിക്കുകയും ചെയ്തു.

ഇരു ഇടവകകളിലും വൈകീട്ട് 5 മണിക്ക് സെമിനാർ വൈദികരുടെ കാർമ്മികത്വത്തിൽ ബലിയർപ്പിച്ച് ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി

പറയുകയും ഇടവക ജനത്തിന് പ്രാർത്ഥനാ ചൈതന്യത്തിൽ നിലനിൽക്കുവാനുള്ള അനുഗ്രഹം യാചിക്കുകയും ചെയ്തു.

**ഊട്ടുസദ്യ (ഫെബ്രുവരി 12)**

സെമിനാരി കുടുംബവും പരിസര നിവാസികളും തമ്മിലുള്ള പരസ്പര സ്നേഹവും സന്തോഷവം പങ്കിടുവാനായി ഫെബ്രുവരി 12ന് സെമിനാരിയിൽ ഊട്ടുസദ്യ നടത്തുകയുണ്ടായി സമീപത്തുള്ള 100ലധികം കുടുംബങ്ങൾ പങ്കുചേർന്നു. ഏവർക്കും സന്തോഷകരമായ അനുഭവമായിരുന്നു ഊട്ടുസദ്യ

**8. സെമിനാരി കുടുംബത്തിലേക്ക് സ്വാഗതം**

മേരിമാത സെമിനാരി സ്റ്റാഫിലേക്ക് പുതിയതായി സ്ഥലം മാറി വന്നിരിക്കുന്ന ബഹു. സൈജോ തൈക്കാട്ടിലച്ചനും ആന്റണി കുരുതുകുളങ്ങര അച്ചനും റെക്ടറച്ചന്റെ നേതൃത്വത്തിൽ സെമിനാരി കടുംബം ഹൃദ്യമായ സ്വാഗതമരുളി. നെല്ലങ്കര പള്ളിയിൽ വികാരിയായരുന്ന സൈജോ അച്ചൻ മേരിമാതാ സെമിനാരിയിൽ വിസിറ്റിംഗ് പ്രൊഫസറായി സേവനമനുഷ്ടിച്ചിരുന്നു. ബഹുമാനപ്പെട്ട ആന്റണിയച്ചൻ തിരുവില്വാമലയിലുള്ള സെമിനാരിയിൽ ആത്മീയ പിതാവും ഇടവകയുടെ വികാരിയായും സേവനമനുഷ്ഠിക്കുകയായിരുന്നു. ബഹുമാനപ്പെട്ട അച്ചന്മാരുടെ സെമിനാരിയിലെ സാന്നിദ്ധ്യം സെമിനാരിക്ക് അനുഗ്രഹപ്രദവും ദൈവത്തിന് പ്രീതികരവുമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ആശംസിക്കുന്നു.

## Individual Patron Membership

1. റവ. ഫാ. വികാർ & പാരിഷ്നേഴ്സ്, സെന്റ് തോമസ് ചർച്ച്, അരണാട്ടുകര.
2. ശ്രീ. നവീൻ ആന്റണി, എ. അറങ്ങാശ്ശേരി ഹൗസ്, പേരാമംഗലം
3. ശ്രീ. പി. കെ. തോമസ്, പുന്നോലിപറമ്പിൽ ഹൗസ്, കൊമ്പിടിഞ്ഞാമാക്കൽ.

## Individual Benefactor Membership

1. ശ്രീ. എൻ. പി. തോമസ്, നീലങ്കാവിൽ ഹൗസ്, മരത്താക്കര
2. ശ്രീ. സെനി ജെ. പൂവ്വത്തുക്കാരൻ പൂവ്വത്തുക്കാരൻ ഹൗസ്, ചെങ്ങാലൂർ
3. ശ്രീമതി എൽസി. ജോസ്, ചിറമ്മൽ ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ
4. ശ്രീ ഡേവീസ് & പോളി, മൂക്കൻ ഹൗസ്, ഒളരിക്കര

## Individual Well wisher Membership

1. ശ്രീ. ഫെമിൻ ഫ്രാൻസിസ്, തറയിൽ ഹൗസ്, ഒളരിക്കര
2. ശ്രീമതി അനില ജോസഫ്, ചേറൂർ

**ഫാ. ബാബു പാണാട്ടുപറമ്പിൽ,**
റെക്ടർ

# പറോക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്,

## മേരിമാതാ മേജർ സെമിനാരി തൃശ്ശൂർ

**നാലാമത് സാമൂഹിക-അജപാലന പഠനപദ്ധതി ആരംഭിക്കുന്നു**

നമ്മുടെ അതിരൂപതയിലെ സാമൂഹിക-അജപാലന ഗവേഷണകേന്ദ്രമായ പറോക്കിന്റെ നേതൃത്വത്തിൽ നാലാമത്തെ സാമൂഹിക അജപാലന പഠനപദ്ധതി ആരംഭിക്കുന്നു. നമ്മുടെ ഇടവകകളെയും കുടുംബങ്ങളെയും ഈ കാലഘട്ടത്തിലെ സങ്കീർണമായ സാമൂഹിക, സാംസ്കാരിക സാഹചര്യങ്ങളിൽ വിശ്വാസം ജീവിക്കുവാൻ പ്രാപ്തരാക്കുക; അതുവഴി അജപാലന ശുശ്രൂഷയെ ജീവത്താക്കാൻ ഇടവകയെ സഹായിക്കുക; ദൈവജനത്തിന്റെ നെടുവീർപ്പുകൾക്കും ചോദ്യങ്ങൾക്കുമുള്ള ഉത്തരമായി അജപാലന ശുശ്രൂഷയെ പരിവർത്തനപ്പെടുത്തുക; ഈ ശൈലിക്കാവശ്യമായ രീതിശാസ്ത്രം (Methodology) വളർത്തിയെടുക്കുക എന്നിവയാണ് .

ഈ രീതിശാസ്ത്രം സ്വായത്തമാക്കി ഇടവകകളിൽ അജപാലന ശുശ്രൂഷ നിർവ്വഹിക്കാനാഗ്രഹിക്കുന്ന വൈദികർക്കായി പരിശീലനക്കളരി മേരിമാതാ മേജർ സെമിനാരിയിൽ വച്ച് മാർച്ച് 22, 23 തിയതികളിൽ (ബുധൻ, വ്യാഴം) രാവിലെ 10 മണിമുതൽ ഉച്ചകഴിഞ്ഞ് 4 മണിവരെ നടത്തപ്പെടുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മാർച്ച് 10-ാം തിയതിക്കുമുമ്പ് അറിയിക്കുമല്ലോ.

**ഫാ. ആന്റണി കുരുതുകുളങ്ങര** (Mob.9249889351)
**ഫാ. ഇ. ജെ. തോമസ് SJ** (Mob. 9495118338)
പറോക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
(E-mail: paroc.marymatha@gmail.com)

PH : 2420891

# സെന്റ് മേരീസ് മൈനർ സെമിനാരി

**റിപ്പബ്ലിക് ദിനാചരണം**

ഇന്ത്യയുടെ 67-ാം റിപ്പബ്ലിക് ദിനത്തിൽ ബഹു. ഫാ. ടെറിൻ മുള്ളക്കര സെമിനാരിയിൽ വിശുദ്ധ ബലിയർപ്പിച്ച് വചനസന്ദേശം നൽകി. വിശുദ്ധ കുർബ്ബാനയ്ക്കുശേഷം ബഹു. ടെറിനച്ചൻ തന്നെ ദേശീയപതാക ഉയർത്തുകയും റിപ്പബ്ലിക് ദിന സന്ദേശം നല്കുകയും ചെയ്തു.

**സൗഹൃദസന്ദർശനം, സൗഹൃദമത്സരം**

ജനുവരി 26-ാം തിയതി നമ്മുടെ മൈനർ സെമിനാരിക്കാരായ 26 പേർ ഇരിങ്ങാലക്കുട സെന്റ്പോൾസ് മൈനർ സെമിനാരിയിലേക്ക് സൗഹൃദസന്ദർശനം നടത്തി. തദവസരത്തിൽ സംഘടിപ്പിക്കപ്പെട്ട വോളിബോൾ സൗഹൃദമത്സരത്തിൽ വിജയം കരസ്ഥമാക്കിയ ഇരിങ്ങാലക്കുട മൈനർ സെമിനാരി ടീമിനെ ഹാർദ്ദമായി അഭിനന്ദിച്ച് അവരുടെ സന്തോഷത്തിൽ സെമിനാരി കുടുംബം പങ്കുചേർന്നു.

**മാതാപിതാക്കളുടെ സംഗമം**

ഈ അദ്ധ്യയനവർഷം മൈനർ സെമിനാരി പരിശീലനം പൂർത്തിയാക്കുന്ന 32 വൈദികവിദ്യാർത്ഥികളുടെയും മാതാപിതാക്കൾ ജനുവരി 28-ാം തിയതി ഇവിടെ ഒത്തുചേർന്നു. മോൺ. ജോർജ്ജ് കോമ്പാറയുടെ കാർമ്മികത്വത്തിൽ വിശുദ്ധ ബലിയർപ്പിച്ച് ദൈവത്തിന് നന്ദിയർപ്പിച്ചു. അന്നേ ദിവസം നടത്തപ്പെട്ട കൂട്ടായ്മയിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സന്നിഹിതനായിരുന്നു. പരിശീലനവുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് മാതാപിതാക്കളുമായി അഭിവന്ദ്യപിതാവ് ആശയവിനിമയം നടത്തി.

**മോഡൽ പരീക്ഷകൾ**

പ്ലസ് വൺ, പ്ലസ് ടു പഠിച്ചുകൊണ്ടിരിക്കുന്ന സെമിനാരിക്കാരുടെ മോഡൽ പരീക്ഷകൾ ഫെബ്രുവരി 4 മുതൽ 20 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ നടന്നു.

**മാസധ്യാനം**

2017 ഫെബ്രുവരിയിലെ മാസധ്യാനം 10, 11 തിയതികളിൽ നടന്നു. മൈനർ സെമിനാരിക്കാർക്ക് ധ്യാനചിന്തകൾ നൽകിയത് ബഹു. ജസ്റ്റിൻ എലുവത്തിങ്കലച്ചനും റീജൻസി ബ്രദേഴ്സിനും ഡിഗ്രി പഠിച്ചുകൊണ്ടിരിക്കുന്ന സെമിനാരിക്കാർക്കും ധ്യാനചിന്തകൾ പങ്കുവച്ചത് ബഹു. ബ്രദർ ജോസ് താഞ്ചനുമായിരുന്നു.

**യാത്രയപ്പ് കൂട്ടായ്മ**

മൈനർ സെമിനാരി പരിശീലനം പൂർത്തിയാക്കി പരിശീലനത്തിന്റെ

അടുത്ത ഘട്ടങ്ങളിലേക്ക് പ്രവേശിക്കുന്ന 32 വൈദികവിദ്യാർത്ഥികൾക്കും ഫെബ്രുവരി 20-ാം തിയതി സെമിനാരി കുടുംബം യാത്രയപ്പ് നൽകി. അന്നേ ദിവസം ഉച്ചയ്ക്ക് നടന്ന കൂട്ടായ്മയിൽ അധ്യാപകൻ തങ്ങളുടെ ആശംസ കൾ അവർക്ക് കൈമാറി. വൈകീട്ട് സെമിനാരി കുടുംബം ഒന്നുചേർന്ന് ഈ പരിശീലന ഭവനത്തോട് യാത്ര പറഞ്ഞിറങ്ങുന്ന എല്ലാ വൈദിക വിദ്യാർത്ഥി കളോടുമുള്ള തങ്ങളുടെ കൃതജ്ഞതയും കടപ്പാടുകളും അനുസ്മരിച്ച് അവർക്ക് എല്ലാവിധ ദൈവാനുഗ്രഹങ്ങളും ആശംസിച്ചു. നന്മനിറഞ്ഞ ഓർമ്മ കളുടെ സന്തോഷമനുഭവിക്കാൻ കഴിഞ്ഞ നിമിഷങ്ങളായിരുന്നു യാത്രയയപ്പ് കൂട്ടായ്മയുടേത്.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. കെ. എ. ഫ്രാൻസീസ്, കറുകയിൽ ഹൗസ്, ദിൻഹ റോഡ്, നെല്ലിക്കുന്ന്,
2. ശ്രീ. റിജോ ജോസഫ്, ഒലക്കേങ്കിൽ ഹൗസ്, ഇരിങ്ങപ്പുറം, ഗുരുവായൂർ
3. റവ. ഫാ. സാജൻ പിണ്ടിയാൻ, തൃശ്ശൂർ അതിരൂപത
4. ശ്രീ. പി. ജെ സെബാസ്റ്റ്യൻ, പുതുശ്ശേരി ഹൗസ്, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
5. സെന്റ് തോമസ് ചർച്ച്, അരണാട്ടുകര, തൃശ്ശൂർ
6. ശ്രീ. ആൽഫിൻ വർഗ്ഗീസ് ആളൂർ, ആളൂർ ആറ്റത്ര ഹൗസ്, 'ലോഗോസ് വിയ്യൂർ
7. ശ്രീ. ജയ്വിൻ ജേക്കബ് വർഗ്ഗീസ്, ആളൂർ ആറ്റത്ര ഹൗസ്, 'ലോഗോസ്' വിയ്യൂർ
8. ശ്രീ. ജേക്കബ് ടി.ഡി. തട്ടിൽ മണ്ടി ഹൗസ്, സെന്റ് ജോസഫ്സ് സ്ട്രീറ്റ്, കാഞ്ഞാണി
9. ശ്രീ. ടി. പി. ജെയിംസ്, തെക്കേക്കര ഹൗസ്, മനക്കൊടി
10. സെന്റ് മേരീസ് ഫൊറോന പള്ളി, കണ്ടശ്ശാംകടവ്, തൃശ്ശൂർ

ഈശോയുടെ ഇടയധർമ്മത്തിൽ പങ്കുചേരാൻ ഒരുങ്ങുന്ന വൈദികവി ദ്യാർത്ഥികളെ പ്രാർത്ഥനകൊണ്ടും അർത്ഥംകൊണ്ടും സഹായിക്കുന്ന ഏവർക്കും ദൈവാനുഗ്രഹങ്ങൾ സമൃദ്ധമായി ലഭിക്കട്ടെ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# പാലയൂർ മാർതോമ അതിരൂപതാ തീർത്ഥകേന്ദ്രം

പാലയൂർ – മാർതോമ അതിരൂപത തീർത്ഥാടനകേന്ദ്രത്തിൽ 20–ാം മത് പാലയൂർ മഹാതീർത്ഥാടനത്തോടനുബന്ധിച്ചുള്ള ബൈബിൾ കൺവെൻഷനും (സൗഖ്യദായക ശുശ്രൂഷയും) മാർച്ച് 10 വെള്ളി മുതൽ 14 ചൊവ്വ വരെയുള്ള ദിവസങ്ങളിൽ വൈകീട്ട് അഞ്ചു മണി മുതൽ ഒൻപതു മണി വരെ നടത്തുന്നു. എരുമേലി കിംഗ് ജീസസ് മിനിസ്ട്രി നയിക്കുന്ന കൺവെൻഷനിൽ ബ്രദർ സാബു ആറുതൊട്ടിയിൽ, ഫാ. അബ്രാഹം കാടിയക്കുഴി എന്നിവർ നേതൃത്വം നൽകും. മാർച്ച് 10 വൈകീട്ട് അഞ്ചിന് അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം നിർവ്വഹിക്കും. ദിവ്യബലി, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, കുമ്പസാരം, കൗൺസലിംഗ്, സൗഖ്യദായക ശുശ്രൂഷ എന്നിവ ഉണ്ടായിരിക്കും. മാർച്ച് 14 ന് വൈകീട്ട് ബിഷപ്പ് മാർ റാഫേൽ തട്ടിൽ സമാപനസന്ദേശം നല്കും.

**റവ. ഫാ. ജോസ് പുന്നോലിപ്പറമ്പിൽ**
റെക്ടർ, അതിരൂപത തീർത്ഥകേന്ദ്രം, പാലയൂർ

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ... ആചരിക്കാൻ – 2017 മാർച്ച്**

മാർച്ച് 8 – ബുധൻ – ലോക വനിതാ ദിനം
മാർച്ച് 19 – ഞായർ – വി. യൗസേപ്പിതാവിന്റെ മരണതിരുനാൾ
മാർച്ച് 22 – ബുധൻ – ലോക ജലദിനം
മാർച്ച് 23 – വ്യാഴം – ലോക കാലാവസ്ഥ ദിനം
മാർച്ച് 25 – ശനി – മംഗളവാർത്ത തിരുനാൾ
മാർച്ച 27 – തിങ്കൾ – വിഭൂതി (ഉപവാസദിനം)

**2. സ്ഥലമാറ്റ അപേക്ഷകൾ**

അദ്ധ്യാപകർ സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ മാനേജരച്ചന്മാരുടെ ഒപ്പോടുകൂടി 2017 മാർച്ച് 31ന് വൈകീട്ട് 5 മണിക്ക് മുമ്പായി കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. രണ്ട് അദ്ധ്യയന വർഷം പൂർത്തിയായവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**3. മെയിന്റനൻസ് ഗ്രാന്റ്**

മെയിന്റനൻസ് ഗ്രാന്റ് ലഭിക്കുന്നതിനുള്ള അപേക്ഷകൾ തയ്യാറാക്കി സമയത്തിന് വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ ഹാജരാക്കി ട്രഷറിയിൽ അടച്ച് സംഖ്യകിട്ടുന്നതിനുള്ള ക്രമീകരണങ്ങൾ പ്രധാനദ്ധ്യാപകർ ചെയ്യേണ്ടതാണ്.

**4. ഉദയം – 2017**

പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി കണക്ക്, സാമൂഹ്യപാഠം എന്നീ വിഷയങ്ങൾക്കായി നടത്തിയ പ്രത്യേക പഠന പരിശീല പരിപാടി വിജയകരമായി സമാപിച്ചു. തൃശ്ശൂർ, പുതുക്കാട്, ഏനമ്മാവ്, എന്നീ മൂന്നു വിദ്യാലയങ്ങളിലായി ജനുവരി 7, 14, 21, 28 എന്നീ തിയതികളിലാണ് ഈ പഠനപരിശീലന പരിപാടി നടന്നത്. പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും വിജയാശംസകൾ നേരുന്നു; ത്യാഗപൂർവ്വം അവർക്കു പരിശീലനം നൽകിയ എല്ലാ അദ്ധ്യാപകർക്കും പ്രത്യേകം നന്ദി പറയുന്നു.

## 5. LEAST LEAVE – LIST OF STAFF MEMBERS - 2016.

| Sl. No. | Name | Designation | Days | School |
|---|---|---|---|---|
| 1. | Thomas M.J. | HSST-Commerce | Nil | St. Joseph's H.S.S., Avinissery |
| 2. | Jelips Paul K. | HSA | Nil | St. Sebastian's H.S., Mannamangalam |
| 3. | Jayadevan K.R. | HSA | Nil | St. Sebastian's H.S., Mannamangalam |
| 4. | Jesy P.C. | UPSA | Nil | St. Thomas C.H.S.S., Thrissur |
| 5. | Joisy K.K. | LPSA | Nil | St. Mary's U.P.S., Lourdes, Thrissur |
| 6. | Sinesh K.V. | Lab Assistant | Nil | C.J.M.A.H.S.S., Varandarappilly |
| 7. | Mini N.J. | Junior Urdu | Nil | Matha H.S., Mannampetta |
| 8. | Preetha Jose C. | Junior Hindi | 1 | R.C.U.P.S., Kottapadi |
| 9. | Sheeba C.B. | Junior Sanskrit | 1 | R.C.U.P.S., Kottapadi |
| 10. | Lucy T.O. | UPSA | 2½ | St. Thomas C.H.S.S., Thrissur |
| 11. | Mercy N.T. | UPSA | 2½ | St. Raphael's U.P.S., Kallur |
| 12. | Gincy Jose K. | Full Time Menial | 2½ | St. Antony's H.S.S., Ammadam |
| 13. | Thressiama T.O. | HSA-English | 3 | St. Antony's H.S.S., Pazhuvil |
| 14. | Tessy C.C. | LPSA | 3 | St. Mary's U.P.S., Lourdes, Thrissur |
| 15. | Sophy V.K. | LPSA | 3 | R.C.U.P.S., Kottapadi |
| 16. | Bijil C.J. | Lab Assistant | 3 | St. Joseph's H.S.S., Avinissery |
| 17. | Anto P.G. | HSA | 3½ | C.J.M.A.H.S.S., Varandarappilly |
| 18. | Thankamma K.V. | UPSA | 3½ | St. Antony's U.P.S., Kodannur |
| 19. | Ruby E.K. | LPSA | 3½ | St. Sebastian's H.S., Chittattukara |
| 20. | Lucy E.J. | LPSA | 4 | St. Joseph's L.P.S., Pavaratty |
| 21. | Shiny E.D. | LPSA | 4 | St. Thomas C.G.S, Kanjany |
| 22. | Babu K.J. | Headmaster | 4½ | St. Joseph's L.P.S., Pavaratty |
| 23. | Ouseph T.V. | HSST-English | 4½ | St. Joseph's H.S.S., Avinissery |

## CORPORATE EDUCATIONAL AGENCY, ARCHDIOCESE OF TRICHUR - RETIREMENT LIST – 2016-2017

| Sl. No. | Name | Designation | Date of Birth | Subject | School from where the retirement effects | Parent school |
|---|---|---|---|---|---|---|
| 1. | Daisy C.V. | Headmistress | 10/03/61 | - | St. Thomas H.S.S., Thope, Thrissur | H.S. Mannamangalam |
| 2. | K.P. Moli | Headmistress | 01/05/61 | - | Tharakan's H.S., Aranattukara | H.S.S. Avinissery |
| 3. | Joseph C.K. | Headmaster | 29/06/61 | - | St. Antony's H.S.S., Pudukad | H.S. Chittattukara |
| 4. | Jessy K.J. | Headmistress | 28/07/60 | - | St. Raphael's U.P.S., Kallur | H.S.S. Velupadam |
| 5. | Philo Antony I. | Headmistress | 20/08/60 | - | St. Ignatius U.P.S., Manalur | H.S. Mannamangalam |
| 6. | Florence Joseph C. | Headmistress | 21/03/61 | - | A.U.P.S., Vendore | H.S. Mannamangalam |
| 7. | Agnes K.J. | Headmistress | 03/05/61 | - | St. Thomas U.P.S., Kooanmmuchi | H.S.S. Parappur |
| 8. | Rani Joseph Theketh | Headmistress | 29/01/61 | - | Little Flower L.P.S., Ponnore | L.P.S. Parappur |
| 9. | Elsy K.D. | Headmistress | 20/04/61 | - | St. Antony's L.P.S., Varandarappilly | H.S.S. Vallachira |
| 10. | Sherly C.V. | HSST (Junior) | 03/05/61 | Hindi | St. Thomas C.H.S.S., Thrissur | H.S.S. Thiroor |
| 11. | Roseena K.A. | HSST (Junior) | 27/05/61 | Mathematics | St. Thomas C.H.S.S., Thrissur | H.S.S. Vallachira |
| 12. | C.M. Jessy | HSA | 11/10/60 | Malayalam | St. Joseph's H.S., Enamakkal | H.S.S. Vallachira |
| 13. | Loosy M.K. | HSA | 04/09/60 | Physical Science | Matha H.S., Mannampetta | H.S.S. Vallachira |
| 14. | Graci K.P. | HSA | 19/04/61 | Physical Science | St. Thomas H.S.S. Thiroor | General |
| 15. | Tressy Thomas V. | HSA | 01/06/61 | Physical Science | St. Joseph's H.S., Enamakkal | H.S. Mannampetta |
| 16. | Raju Davis T. | HSA | 26/05/61 | Mathematics | C.J.M.A.H.S.S., Varandarappilly | H.S.S. Avinissery |
| 17. | Licy C.K. | HSA | 31/05/61 | Mathematics | Matha H.S. Mannampetta | H.S. Mannampetta |
| 18. | Elsi K.L. | HSA | 01/07/61 | Mathematics | St. Joseph's H.S., Enamakkal | U.P.S. Kundannur |
| 19. | Mary Paul K. | HSA | 01/08/60 | Social Science | St. Thomas H.S.S., Engandiyur | H.S.S. Vallachira |
| 20. | Emily P.L. | HSA | 21/05/61 | Social Science | St. Antony's H.S.S., Pudukad | L.P.S. Vendore |
| 21. | Gracy E.O. | HSA | 26/06/61 | Social Science | St. Thomas H.S.S. Thope, Thrissur | H.S.S. Velupadam |
| 22. | Kochuthressia P.C. | HSA | 15/08/60 | Hindi | St. Thomas H.S.S., Engandiyur | H.S.S. Thiroor |
| 23. | P.P. Mary | HSA | 25/05/61 | Hindi | St. Antony's H.S.S., Pudukad | H.S.S. Avinissery |
| 24. | Albert T.S. | HSA | 30/05/61 | Hindi | St. Sebastian's H.S., Mannamangalam | U.P.S. Poovathur |
| 25. | Molly Davis | UPSA | 07/09/60 | - | St. Antony's H.S.S., Puthenpeedika | H.S.S. Puthenpeedika |
| 26. | Sheela K.A. | UPSA | 04/11/60 | - | Tharakan's H.S., Aranattukara | H.S.S. Avinissery |
| 27. | Juju M.J. | UPSA | 06/03/61 | - | C.J.M.A.H.S.S., Varandarappilly | H.S.S. Varandarappilly |
| 28. | Rosy P.J. | UPSA | 20/04/61 | - | St. F.X.R.C.U.P.S., Vatanappally | U.P.S. Vatanappally |
| 29. | Mercy E.C. | UPSA | 01/05/61 | - | St. John's H.S.S., Parappur | H.S.S. Mayannur |
| 30. | Kochumary P.O. | UPSA | 02/05/61 | - | St. John's H.S.S., Parappur | H.S.S. Parappur |
| 31. | Usha K.J. | UPSA | 14/05/61 | - | St. Mary's H.S., Chengaloor | H.S.S., Velupadam |
| 32. | Lucy Paul Ukkaran | UPSA | 17/05/61 | - | St. Thomas H.S.S., Thiroor | U.P.S. Vendore |

(Contd………………….. 2).

| Sl. No. | Name | Designation | Date of Birth | School from where the retirement effects | Parent school |
|---|---|---|---|---|---|
| 33. | Lilly A.M. | UPSA | 30/05/61 | St. Antony's H.S., Pazhuvil | H.S.S. Puthenpeedika |
| 34. | Elsy K.C. | UPSA | 31/05/61 | St. Antony's U.P.S., Poovathur | H.S.S. Puthenpeedika |
| 35. | Mercy Antony | UPSA | 11/06/61 | St. Thomas C.H.S.S., Thrissur | H.S. Aranattukara |
| 36. | Essabel Antony Ukkran | LPSA | 30/12/60 | St. John's L.P.S., Parappur | U.P.S. Kundannur |
| 37. | Selin A.I. | LPSA | 15/02/61 | St. John's L.P.S., Parappur | H.S.S. Thiroor |
| 38. | Joyasee P.L. | LPSA | 12/03/61 | St. Sebastian's H.S., Chittattukara | L.P.S. Mariapuram |
| 39. | Alphonsa M.F. | LPSA | 25/04/61 | St. Antony's U.P.S., Kodannur | H.S.S. Puthenpeedika |
| 40. | Mary A.P. | LPSA | 10/05/61 | St. Antony's L.P.S., Attupuram | H.S. Chittattukara |
| 41. | Joisy K.K. | LPSA | 28/05/61 | St. Mary's U.P.S. Lourdes, Thrissur | U.P.S. Thoyakkavu |
| 42. | Toshee Antony C. | LPSA | 29/05/61 | St. Jose A.L.P.S., Marathakara | L.P.S. Aranattukara |
| 43. | Darly Francis Thanikkal | LPSA | 31/05/61 | St. Jose A.L.P.S., Marathakara | L.P.S. Marathakara |
| 44. | Sheela Sebastian M. | LPSA | 21/06/61 | C.A.L.P.S., Chevoor | L.P.S. Chevoor |
| 45. | Bardy Anto T. | Junior Hindi | 23/04/61 | C.J.M.A.H.S.S., Varandarappilly | H.S.S. Varandarappilly |
| 46. | Nancy C.A. | Junior Sanskrit | 28/05/61 | C.J.M.A.H.S.S., Varandarappilly | U.P.S. Mukkattukara |
| 47. | Veronikka C.P. | Junior Sanskrit | 30/05/61 | St. Francis Xavier's R.C.U.P.S., Vatanappally | H.S.S. Pudukad |
| 48. | K.M. Suharabi | Junior Urdu | 26/10/60 | St. Xavier's U.P.S., Velur | U.P.S. Velur |
| 49. | Sudha M. | Music | 16/06/61 | St. John's H.S.S., Parappur | H.S.S. Parappur |
| 50. | Sheela Mary C. | Needle Work | 26/05/61 | St. Joseph's H.S., Enamakkal | H.S. Chittattukara |
| 51. | Anto T.D. | Clerk | 15/05/61 | C.J.M.A.H.S.S., Varandarappilly | H.S.S. Puthenpeedika |
| 52. | Jose V.A. | Clerk | 20/05/61 | St. Antony's H.S.S. Pazhuvil | H.S.S. Pazhuvil |
| 53. | Thomas P.P. | Clerk | 30/05/61 | St. Antony's H.S.S., Puthenpeedika | H.S.S. Ammadam |
| 54. | Losson Mathew V. | Clerk | 27/07/61 | St. Thomas H.S.S., Engandiyur | U.P.S. Kottapadi |
| 55. | Pushpa E.V. | Clerk | 30/10/61 | St. Antony's H.S.S., Pudukad | H.S.S. Thiroor |
| 56. | Antony E.S. | Office attendant | 05/05/61 | St. Thomas H.S.S., Vallachira | H.S.S. Vallachira |
| 57. | Pauly P.D. | Office attendant | 15/05/61 | St. Xavier's H.S., Chevoor | H.S. Chevoor |
| 58. | Francis V.O. | Office attendant | 28/05/61 | St. Thomas C.H.S.S., Thrissur | H.S.S. Parappur |

Note: 1. Parent school means:
(a) School from where the Nomination is received or (b) School at which the teacher on worked as on 31-3-1971.
2. Nomination facility in present school is only applicable to this Archdiocese.
3. The school can't enjoy the Nomination facility if there is division fall in previous years.
4. If the retirement vacancy arises in the protected post, the school will not enjoy the Nomination facility.
5. The final list of Nomination will be published only after the Managers' Meeting.
6. Irregularities on parent school will be clarified at the time of Managers' Meeting, if any.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
കോർപ്പറേറ്റ് മാനേജർ

# മഹാജൂബിലി ട്രെയ്നിംഗ് കോളേജ്

**വിനോദയാത്ര സംഘടിപ്പിക്കട്ടെ**

മുള്ളൂർക്കര : മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിലെ 2015–2017 അദ്ധ്യായന വർഷ ബി.എഡ്. വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടെയും നേതൃത്വത്തിൽ വിനോദയാത്ര സംഘടിപ്പിക്കപ്പെട്ടു. കാസർകോഡ്, കണ്ണൂർ, വയനാട് എന്നിവിടങ്ങളിലെ പ്രഥമ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കായി നാലുദിവസം നീണ്ടുനിൽക്കുന്ന യാത്ര സംഘടിപ്പിച്ചു.

**പ്രാരംഭവിദ്യാലയാനുഭവം സമാപിച്ചു.**

മുള്ളൂർക്കര: മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിലെ 2016–2018 അദ്ധ്യയന വർഷ വിദ്യാർത്ഥികളുടെ പ്രാരംഭ വിദ്യാലയാനുഭവം സമാപിച്ചു. വിവിധ സ്കൂളുകളിലായി 16.01.2017നു തുടങ്ങിയ പരിശീലനം 20.01.2017നാണ് സമാപിച്ചത്.

**വിനോദയാത്ര സംഘടിപ്പിച്ചു**

മുള്ളൂർക്കര : മുള്ളൂർക്കര മഹാജൂബില ട്രെയ്നിംഗ് കോളേജിലെ 2016–2018 അദ്ധ്യായന വർഷി ബി.എഡ്. വിദ്യാർത്ഥികളും അദ്ധ്യാപകരും ചേർന്ന് 25.01.2017 ബുധനാഴ്ച വിനോദയാത്ര സംഘടിപ്പിച്ചു. രാവിലെ മുള്ളൂക്കര പള്ളിമുറ്റത്തുനിന്നും ആരംഭിച്ച് പോത്തുണ്ടി ഡാം, നെല്ലിയാമ്പതി എന്നിവിടങ്ങളിൽ സന്ദർശിച്ച് വൈകീട്ടോടെ തിരിച്ചെത്തി.

**ചൈൽഡ് ലൈൻ കൗൺസിലിങ്ങ് ക്ലാസ്സ് സംഘടിപ്പിച്ചു.**

മുള്ളൂർക്കര : മുള്ളൂർക്കര മഹാജൂബിലി ട്രൈയ്നിംഗ് കോളേജിൽ ചൈൽഡ് ലൈൻ കൗൺസിലിങ്ങ് ക്ലാസ്സ് 27.01.2017ന് സംഘടിപ്പിക്കപ്പെട്ടു. ചൈൽഡ് ലൈൻ കൗൺസിങ്ങ് ഉദ്യോഗസ്ഥനായ ജൈംസ് ആയിരുന്നു ചടങ്ങിന് നേതൃത്വം നൽകിയത്. കോളേജ് പ്രിൻസിപ്പാൾ ഫാ. ചാക്കോ ചിറമ്മേൽ സ്വാഗതം പറഞ്ഞ ചടങ്ങിൽ ഫെമിൻ ജോസ് നന്ദിപറയുകയും ചെയ്തു.

**അദ്ധ്യാപകന് സ്വീകരണം നൽകി**

മുള്ളൂർക്കര : മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിൽ മാത്തമാറ്റിക്സ് വിഭാഗം അദ്ധ്യാപകൻ ശ്രീ. സുനിൽ–ന് കോളേജ് പ്രിൻസിപ്പാൾ റവ. ഡോ. ചാക്കോ ചിറമ്മേൽ – ന്റെ നേതൃത്വത്തിൽ സ്വീകരണം നൽകി.

**ബോധവൽക്കരണ പ്രതിജ്ഞ**

മുള്ളൂർക്കര : മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിൽ ഗാന്ധി ജയന്തിയോടനുബന്ധിച്ച് ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ

ബോധവൽക്കരണ പ്രതിജ്ഞ നടന്നു. കോളേജ് പ്രിൻസിപ്പാൾ റവ. ഡോ. ചാക്കോ ചിറമ്മലിന്റേയും കോളേജ് Anti Adat Club സെക്രട്ടറി അസി. പ്രൊ. സാനി കെ. തോമസ് ന്റേയും നേതൃത്വത്തിലായിരുന്നു പ്രതിജ്ഞ നടന്നത്.

**മാതൃകാസൂത്രണ ക്ലാസ്സ് സംഘടിപ്പിച്ചു**

മുള്ളൂർക്കര : മുള്ളൂർക്കര മഹാജബൂലി ട്രെയ്നിംഗ് കോളേജിലെ 2016-2018 അദ്ധ്യായന വർഷ ബി.എഡ് വിദ്യാർത്ഥികൾക്കായ് മാതൃകാപഠനാസൂത്രണ ക്ലാസ്സ് 2.2.17ന് സംഘടിപ്പിക്കപ്പെട്ടു. മുള്ളൂർക്കര എൻ. എസ്. എസ്. ഹയർസെക്കണ്ടറി സ്കൂളിൽ വച്ചായിരുന്നു ക്ലാസ്സ് നടത്തപ്പെട്ടത്.

**റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു**

മുള്ളൂർക്കര : മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിൽ റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസ്സ് 01.02.17ന് സംഘടിപ്പിച്ചു. ശ്രീവരി ഹോണ്ട യുടെ നേതൃത്വത്തിലായിരുന്നു ബോധവൽക്കരണ ക്ലാസ്സ്.

**സ്കിറ്റുകൾ അവതരിപ്പിച്ചു**

മുള്ളൂർക്കര : മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിൽ കേരള ശാസ്ത്ര സാഹിത്യപരിഷത്തിന്റെ ആഭിമുഖ്യത്തിൽ 02.02.17 വ്യാഴാഴാച സാമൂഹിക പ്രശ്നങ്ങളെ കുറിച്ചുള്ള സ്കിറ്റുകൾ സംഘടിപ്പിച്ചു. ചടങ്ങിൽ ശാസ്ത്ര സാഹിത്യ പരിഷത്ത് ഭാരവാഹികൾക്ക് കോളേജ് പ്രിൻസിപ്പാൾ നന്ദിപറയുകയും ചെയ്തു.

**ഫാ. ടിറ്റോ കൂളയ്ക്ക് യാത്രയയപ്പ് നൽകി**

മൂള്ളൂർക്കര : മുള്ളൂർക്കര മഹാജബൂലി ട്രെയ്നിംഗ് കോളേജ് അസി. മാനേജർ ഫാ. ടിറ്റോ കൂളയ്ക്ക് കോളേജ് വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും നേതൃത്വത്തിൽ 06.02.17 തിങ്കളാഴ്ച യാത്രയയപ്പ് നൽകി. കോളേജ് മാനേജർ റവ. മോൺ. തോമസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ റവ. ഡോ. ചാക്കോ ചിറമ്മേൽ സ്വാഗതം പറയുകയും ചെയ്തു. പ്രസ്തുത ചടങ്ങിൽ വിദ്യാർത്ഥികളും അദ്ധ്യാപകനും ഫാ. ടിറ്റോ കൂളയ്ക്ക് സ്നേഹോപഹാരങ്ങൾ അർപ്പിച്ചു.

**സ്വീകരണം**

മുള്ളൂർക്കര : മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിൽ അസി. മാനേജർ ആയ ഫാ. ബാബു അപ്പാടന് 09.02.17ന് വ്യാഴാഴ്ച സ്വീകരണം നൽകി.

**ഫാ.ഡോ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

**ഫാ. ബാബു അപ്പാടൻ**
അസി മാനേജർ

# THRISSUR EDUCATIONAL TRUST & Jyothi Engineering College

- **റിസർച്ച് മെത്തഡോളജി – അദ്ധ്യാപക പരിശീലനപരിപാടി** : ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗം റിസർച്ച് മെത്തഡോളജി എന്ന വിഷയത്തെ അധികരിച്ച് സംഘടിപ്പിച്ച ഹ്രസ്വകാലപരിശീലന പരിപാടി ജനുവരി 11 മുതൽ 15 വരെ നടന്നു. പ്രസ്തുത പരിശീലനപരിപാടിയുടെ ഉദ്ഘാടനം ഡോ. സി. കൃഷ്ണമോഹൻ (അസോ. പ്രൊഫസർ, ഐ.ഐ.ടി. ഹൈദ്രാബാദ്) നിർവ്വഹിച്ചു. അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. കെ കെ ബാബു, അസി. അഡ്മിനിസ്ട്രേറ്റർമാരായ എഞ്ചിനീയർ ബോബി പീറ്റർ, ഫ്രാൻസിസ് ജോർജ്ജ്, ഇല്ക്ട്രിക്കൽ എഞ്ചിനീയറിംഗ് വകുപ്പുമേധാവി പ്രൊഫ. രത്നൻ പി. എന്നിവർ പങ്കെടുത്ത് സംസാരിച്ചു. പ്രസ്തുത മേഖലയിലെ പ്രശസ്തരായ ഡോ. എം. ബാലഗോപാലൻ, ഡോ. ജെറിൻ, ശ്രീ. ഷിജോഹ്, ഡോ. ടി.ഡി. സുഭാഷ്, ശ്രീ. ബിജു സി.വി., ഡോ. അരുണാചലപെരുമാൾ, ഡോ. എസ്. സുനിത തുടങ്ങിയവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കും. കോളേജിലെ അദ്ധ്യാപകർക്കു പുറമേ വിവിധ കോളേജുകൾ സാങ്കേതികസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള നിരവധി അംഗങ്ങൾ പ്രസ്തുത പരിശീലനപരിപാടിയിൽ പങ്കെടുത്തു.

- **പ്രൈമാവെരാ & സ്റ്റാഡ് ത്രിദിനശില്പ** : ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, സിവിൽ എഞ്ചിനീയറിംഗ് വിഭാഗവും ഐ.എസ്.ടി.ഇ. യും സംയുക്തമായി ജനുവരി 10, 11, 12 തിയ്യതികളിലായി പ്രൈമാവെരാ & സ്റ്റാഡ് എന്ന വിഷയത്തിൽ സംഘടിപ്പിച്ച ത്രിദിനശില്പശാലയുടെ ഉദ്ഘാടനം കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ നിർവ്വഹിച്ചു. പ്രിൻസിപ്പൽ ഡോ. കെ കെ ബാബു അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം മേധാവി പ്രൊഫ. എസ്. രതീഷ് സ്വാഗതം ആശംസിച്ചു. പ്രസ്തുത മേഖലയിലെ പരിചയസമ്പന്നരായ ശ്രീ. ജിനേഷ് (പ്രൊജക്ട് മാനേജ്മെന്റ് കൺസൽട്ടന്റ്), പ്രൊഫ. എം.ജി. സിറിയക്, അസി. പ്രൊഫസർ നിസ്നി എം. അഷറഫ് തുടങ്ങിയവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്കുപുറമേ ലോകബാങ്ക് ധനസഹായത്തോടുകൂടിയുള്ള ജലനിധി പ്രൊജക്ടിലെ സാങ്കേതികവിദഗ്ദരും പ്രസ്തുത പരിശീലനപരിപാടിയിൽ പങ്കെടുത്തു.

▶▶ **അസ്ത്രജ്യോതി -2017 സംസ്ഥാനതല ക്വിസ് മത്സരം :** ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ടെക്ഫെസ്റ്റ് തരംഗ്-17ന്റെ ഭാഗമായി ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച സംസ്ഥാനതല ക്വിസ് മത്സരം അസ്ത്രജ്യോതി-2017 ജനുവരി 13ന് നടന്നു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ നിർവ്വഹിച്ചു. ഗ്രാമങ്ങളിലെ അർഹരായ കുട്ടികളെ കണ്ടെത്തി ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രോത്സാഹിപ്പിക്കുന്ന എന്ന ലക്ഷ്യത്തോടെ രൂപകല്പന ചെയ്തിരിക്കുന്ന അസ്ത്രജ്യോതി-2017ന്റെ ഒന്നാം സമ്മാനമായ 20,000 രൂപയും ജ്യോതിയിൽ സൗജന്യ ബി.ടെക് പഠനവും അലോക് പല്ലിശ്ശേരി, മുഹമ്മദ് ഹർഷാദ് (നാഷണൽ ഹൈസ്ക്കൂൾ, ഇരിങ്ങാലക്കുട) കരസ്ഥമാക്കി. രണ്ടാം സമ്മാനമായ 10,000 രൂപയും സൗജന്യ ബി.ടെക്. പഠനവും ജോൺസൺ ബാബു, ക്രിസ് ഫ്രാൻസിസ് (സെന്റ് പോൾസ് പബ്ലിക് സ്ക്കൂൾ, കുരിയച്ചിറ) എന്നിവരും മൂന്ന്, നാല്, അഞ്ച് സ്ഥാനക്കാർക്കുള്ള 5000, 3000, 2000 രൂപയുടെ ക്യാഷ് പ്രൈസും 50% ഫീസിളവോടെയുള്ള ബി.ടെക് പഠനവും ശ്രീറാം പി നായർ, ശ്രീരാജ് പി. (ചിന്മയ വിദ്യാലയ, തൃശൂർ), അഭിഷേക് കുമാർ എൻ എ, ക്രിസ്റ്റോ ബ്രൂസ് ടി (ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂൾ, എരുമപ്പെട്ടി), ജിഷ്ണു കെ. പി, സൂരജ് കൃഷ്ണ (ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂൾ, പെരിങ്ങോട്ടുകുറിശ്ശി) എന്നിവരും കരസ്ഥമാക്കി. പങ്കെടുത്ത മറ്റ് 53 സ്ക്കൂളുകളിൽ നിന്നുള്ള രണ്ടു വീതമുള്ള ടീം അംഗങ്ങൾക്ക് നാലുവർഷ ബി. ടെക് പഠനത്തിന് 40,000/- രൂപയുടെ സ്ക്കോളർഷിപ്പ് നല്കുന്നതുമാണ്.

തുടർന്ന് കോളേജ് വിദ്യാർത്ഥികൾക്കായി നടന്ന അസ്ത്ര ക്വിസ് മത്സരത്തിൽ ഒന്നാം സമ്മാനമായ 15,000 രൂപയും ട്രോഫിയും ദീപക് നന്ദകുമാർ (ഗവ. മെഡിക്കൽ കോളേജ്, തൃശൂർ), അബ്ദുൾ വഹീദ് പി.എ. (ഗവ. വിക്ടോറിയ കോളേജ്, പാലക്കാട്), രണ്ടാം സമ്മാനമായ 7000 രൂപ ഗോവിന്ദ് മേനോൻ, വെങ്കിട സുബ്രഹ്മണ്യൻ(ഗവ. എഞ്ചിനീയറിംഗ് കോളേജ്, തൃശൂർ), മൂന്നാം സമ്മാനമായ 3000 രൂപ അഭിജിത്ത് ബാലകൃഷ്ണൻ (ഐ.ഐ.എം, ഷില്ലോങ്), അഖിലേഷ് ബാലകൃഷ്ണൻ (മോഡൽ എഞ്ചിനീയറിംഗ് കോളേജ്, കൊച്ചി) എന്നിവർ കരസ്ഥമാക്കി. അസ്ത്ര ജ്യോതി 2017 വിജയികൾക്കുള്ള സമ്മാനദാനം അസിസ്റ്റന്റ് മാനേജർ ഫാ. ജിന്റോ പേരേപ്പാടൻ, പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു, അഡ്മിനിട്രേറ്റർ എഞ്ചിനീയർ തോമസ് മാത്യു, അസി. അഡ്മിനിട്രേറ്റർ എഞ്ചിനീയർ ബോബി പീറ്റർ, തരംഗ് 2017 കോഡിനേറ്റർ ഡോ. ഉഷ മേനോൻ എന്നിവർ നിർവ്വഹിച്ചു.

- **ഡിസൈൻ തിംങ്കിങ് ദ്വിദിനശില്പശാല**: വിദ്യാർത്ഥികളുടെ സൃഷ്ടിപരമായ സർഗ്ഗവൈഭവത്തെ ഉത്തേജിപ്പിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനും വേണ്ടി, എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി പ്രത്യേകം പ്രാധാന്യം നൽകി ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള ഡിസൈൻ എഞ്ചിനീയറിംഗ് എന്ന വിഷയത്തിൽ അദ്ധ്യാപകരെ പ്രഗത്ഭരാക്കുന്നതിനുവേണ്ടി ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് വിഭാഗവും ഐ.എസ്.ടി.ഇ., ഐ.ഇ.ഡി.സി. അസോസിയേഷനുകളുടേയും സംയുക്താഭിമുഖ്യത്തിൽ ഡിസൈൻ തിങ്കിംഗ് എന്ന വിഷയത്തിൽ ദ്വിദിന പരിശീലനപരിപാടി സംഘടിപ്പിച്ചു. തദവസരത്തിൽ ശ്രീ. രോഹിതം രാധാകൃഷ്ണൻ ശില്പശാല നയിച്ചു. കോളേജ് മാനേജർ മോൺ. തോമസ് കാക്കശ്ശേരി അദ്ധ്യക്ഷം വഹിച്ച സമാപനചടങ്ങിൽ അസി. മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, പ്രിൻസിപ്പൽ ഡോ. കെ. കെ. ബാബു, അഡ്മിനിട്രേറ്റർ തോമസ് മാത്യു, കമ്പ്യൂട്ടർ സയൻസ് വിഭാഗം മേധാവി ഡോ. സി.കെ. രാജു, എന്നിവർ പങ്കെടുത്ത് സംസാരിച്ചു. പ്രസ്തുത പരിപാടിയിൽ കോഡിനേറ്റർ ഡയന ഡേവിസ് നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

- **പ്രധാനമന്ത്രി കൗശൽ വികാസ് യോജന – അസിസ്റ്റന്റ് ഇലക്ട്രീഷൻ** : ഗ്രാമ ങ്ങളിലെ തൊഴിൽര ഹിതരായ യുവാക്കൾക്ക് വിദഗ്ദ്ധ പരിശീലനം നൽകി അവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ച പ്രധാനമന്ത്രി കൗശൽ വികാസ് യോജനയുടെ അസിസ്റ്റന്റ് ഇലക്ട്രീഷൻ കോഴ്സ് ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ആരംഭിച്ചു. പ്രസ്തുത പരിശീലന പരിപാടിയുടെ ഉദ്ഘാടനം കോളേജ് മാനേജർ മോൺ. തോമസ് കാക്കശ്ശേരി നിർവ്വഹിച്ചു. പ്രിൻസിപ്പൽ ഡോ. കെ. കെ. ബാബു അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോണി മണിച്ചിറ, വള്ളത്തോൾനഗർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി പത്മജ, കോളേജ് അഡ്മിനിസ്ട്രേററർ എഞ്ചിനീയർ തോമസ് മാത്യു, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം മേധാവി പ്രൊഫ. രത്നൻ.പി., അസി. പ്രൊഫ. ശ്രീതുമോൾ. എം.വി എന്നിവർ പ്രസംഗിച്ചു. അസി. മാനേജർ ഫാ. ജിന്റൊ പെരേപ്പാടൻ, പ്ലേസ്മെന്റ് ഡയറക്ടർ പ്രൊഫ. ഫ്രാൻസിസ് ജോർജ്ജ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

**അസി. മാനേജർ**
**ഫാ. റോയ് ജോസഫ് വടക്കൻ**
**ഫാ. ജോജു ചിരിയൻങ്കണ്ടത്ത്**
**ഫാ. ജിന്റോ പെരേപ്പാടൻ**

**മോൺ. തോമസ് കാക്കശ്ശേരി**
**മാനേജർ**

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**സെന്റ് തോമസ് കോളേജ് കോമേഴ്സ് വിഭാഗം ഡയമണ്ട് ജൂബിലി ആഘോഷിച്ചു.**

കോമേഴ്സ് ഡിപ്പാർട്ടുമെന്റ് സ്ഥാപനത്തിന്റെ 60-ാം വാർഷികാഘോഷങ്ങളുടെ സമാപനം ഫെബ്രുവരി 9ന് നടത്തപ്പെട്ടു. കാലിക്കറ്റ് യൂണിവേഴ്സിറ്റി മുൻ പ്രൊ. വൈസ് ചാൻസിലർ പ്രൊഫ. രവീന്ദ്രനാഥ സമാപന ചടങ്ങ് ഉദ്ഘാടനം ചെയ്തു. കോമേഴ്സ് ഓൾഡ് സ്റ്റുഡന്റ് അസോസിയേഷൻ പ്രസിഡണ്ട് ശ്രീ. പി.എം. തോമസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ. വേണുഗോപാൽ മുഖ്യപ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൺ സമാപന സന്ദേശം നൽകി. റവ.ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, പ്രൊഫ. മാത്യൂ കൂള, ശ്രീ. ടി.എസ്. അനന്തരാമൻ, ശ്രീ. പ്രിൻസ് തട്ടിൽ, ശ്രീ. പി. വി. ആന്റണി, ശ്രീ. സുഹാസ് നന്ദൻ, ശ്രീ. എം.കെ. രാമചന്ദ്രൻ, ശ്രീ. വിക്ടർ മഞ്ഞില, ഡോ. തോമസ് പോൾ കാട്ടൂക്കാരൻ, പ്രഫ. സിജോ ജെയ്ക്കബ്ബ് എന്നിവർ പ്രസംഗിച്ചു.

കെമിസ്ട്രി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ദേശീയ സെമിനാർ കെമിസ്ട്രി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ദ്വദിന ദേശീയ സെമിനാർ സെന്റ് തോമസ് കോളേജിൽ നടന്നു. കെ. എഫ്. ആർ. ഐ. രജിസട്രാറും വുഡ് സയൻസ് & ടെക്നോളജി വിഭാഗം തലവനുമായ ഡോ. ടി. കെ. ദാമോദരൻ സെമിനാർ ഉദ്ഘാടനം ചെയ്തു. വ്യക്തിപരമായ നേട്ടങ്ങൾക്കപുറത്ത് ഗവേഷണങ്ങൾ സമൂഹത്തിന്റെ സമഗ്രവളർച്ചയ്ക്കും സമകാലീന പ്രശ്നങ്ങൾക്കുള്ള പരിഹാരവുമാകണമെന്ന് അദ്ദേഹം പറഞ്ഞു. വൈസ് പ്രിൻസിപ്പാൾ ഡോ. തോമസ് പോൾ കാട്ടൂക്കാരൻ, ഡോ. കെ. സന്തോഷ് കുമാർ, ഡോ. ജി. ഉണ്ണികൃഷ്ണൻ എന്നിവർ പ്രബന്ധങ്ങളവതരിപ്പിച്ചു.വകുപ്പ് മേധാവി ഡോ. ജോബി തോമാസ്, ഡോ. ജോഷി സി. എൽ. കൺവീനർ -ഡോ. ജെൻസി തോമസ് എന്നിവർ പ്രസംഗിച്ചു.

**ഊർജ്ജകിരൺ - ഊർജ്ജ സംരക്ഷണ പരിപാടി**

സെന്റ് തോമസ് കോളേജിലെ സ്റ്റാറ്റിക്സ് വകുപ്പ് എനർജി മാനേജ്മെന്റ് സെന്റർ, സെന്റർ ഫോർ എൻവയർമെന്റ് & ഡവലപ്പ്മെന്റ് എന്നിവയുടെ സാമ്പത്തിക -സാങ്കേതിക സഹായത്തോടെ സംഘടിപ്പിച്ച ഊർജ്ജസംരക്ഷണ ബോധവൽക്കരണ പരിപാടിയായ ഊർജ്ജകിരൺ പ്രിൻസിപ്പാൾ ഡോ. പി. ഒ. ജെൻസൺ ഉദ്ഘാടനം ചെയ്തു. ഡോ. സിടി. സേവ്യർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കോർപ്പറേഷൻ കൗൺസിലർ കെ. മഹേഷ്, പ്രീതി എസ്. ഫാ. മാർട്ടിൻ കൊളമ്പ്രത്ത്, കോർഡിനേറ്റർ ഡോ. റാണി സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

**കാലിക്കറ്റ് യൂണിവേഴ്സിറ്റി സൈക്ലിംഗ് ചാമ്പ്യൻഷിപ്പ് 17-ാം തവണയും സെന്റ് തോമസിന്**

കാലിക്കറ്റ് സർവ്വകലാശാ സൈക്ലിംഗ് മത്സരത്തിൽ സെന്റ് തോമസ് കോളേജ് 17-ാമതും ഓവറോൾ ചാമ്പ്യൻമാരായി. 1000 മീറ്റർ സ്പ്രിന്റ്, ടീം ക്യാപ്റ്റൻ രാഹുൽ ടി. ശിവജി,1000 മീറ്റർ ടൈ ട്രയൽ, 4800 മീറ്റർ മാസ്ഡ് സ്റ്റാർട്ട് എന്നീ ഇനങ്ങളിൽ അലക്സ് ടി. എഫ്. 4000 മീറ്റർ ഇൻഡിവിജുൽ പരാസ്യൂട്ട് വരുൺ സി. വി., 1600 മീറ്റർ മാസ്ഡ് സ്റ്റാർട്ട്, ജിത്തു എൻ. ജെ., എന്നിവർ ഒന്നാമതെത്തി. 4000 മീറ്റർ ടീം പരസ്യൂട്ട് 1600 മീറ്റർ ടീം ടൈട്രയൽ ഇനങ്ങളിലായി സെന്റ് തോമസ് കോളേജ് ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കി. 13 പോയിന്റ് നേടി, അലക്സ് ടി. എസ്. യൂണിവേഴ്സിറ്റി വ്യക്തിഗത ചാമ്പ്യനായി.

ഫിസിക്സ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ പ്രൊഫ കെ.എസ്. സീതാരാമൻ മെമ്മോറിയൽ ലെക്ചർ

30 വർഷം സെന്റ് തോമസ് കോളേജിൽ അദ്ധ്യാപകനായിരുന്ന പ്രഫ. കെ.എസ്. സീതാരാമന്റെ പേരിൽ അദ്ദേഹത്തിന്റെ പ്രിയ ശിഷ്യനും ഇപ്പോൾ അമേരിക്കയിലെ ടെക്സാസ് യൂണിവേഴ്സിറ്റിയിലെ റിസർച്ച് പ്രൊഫസറുമായ ഡോ. ടി.ആർ. വിശ്വനാഥൻ ഏർപ്പെടുത്തിയ പ്രൊഫ. കെ. എസ്. സീതാരാമൻ മെമ്മോറിയൽ ലെക്ചർ ഐ. ഐ.ടി. മദ്രാസിൽ നിന്നുള്ള പ്രൊഫസർ, ഡോ. വെങ്കിട്ടരാമൻ ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പാൾ ഡോ. പി. ഒ. ജെൻസൺ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, ശ്രീ. സുബ്രഹ്മണ്യൻ സീതാരാമൻ, പ്രൊഫ. കെ. പി. അബ്രാഹം എന്നിവർ ആശംസകളർപ്പിച്ചു. വകുപ്പ് മേധാവി പ്രൊഫ. പി. എം. ജോയ് സ്വാഗതവും പി. ആർ. ഒ. ഡോ. ഡെയ്സൺ പാണേങ്ങാടൻ നന്ദിയും പറഞ്ഞു.

റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്
ബർസാർ

ഡോ. ഡെയ്സൺ പാണേങ്ങാടൻ
പി.ആർ.ഒ.

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**24 മണിക്കൂറും 7 ദിവസവും ഇനി മുതൽ ജൂബിലിയിൽ വാസ്ക്കുലർ സേവനം**

വെരിക്കോസ് വെയിനിന്റേയും ഡയബറ്റിക്ക് ഫൂട്ടിന്റേയും ചികിത്സ മുതൽ റോഡപകടങ്ങളിൽ സംഭവിക്കുന്ന രക്തധമനികളുടെ തകരാർ തുടങ്ങിയ ട്രോമ കേസുകൾ വരെ ചികിത്സിച്ച് ഭേദമാക്കാൻ ജൂബിലി മിഷൻ ആശുപത്രിയിൽ സജീകരണങ്ങൾ ഒരുങ്ങി. വാസ്ക്കുലർ സർജറി, പ്ലാസ്റ്റിക് സർജറി, കാർഡിയോ വാസ്ക്കുലാർ & തൊറാസിക്ക് സർജറി, അനസ്തേഷ്യ, റേഡിയോളജി, ഓർത്തോപീഡിക്സ്, ഫിസിയോതെറാപ്പി തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളിലെ പ്രശസ്തരായ ഡോക്ടർമാർ ഒന്നുചേർന്ന് വാസ്ക്കുലാർ, മൈക്രോ വാസ്ക്കുലാർ, പോഡിയാട്രിക്ക് ക്ലിനിക്ക് ജൂബിലിയിൽ ഫെബ്രുവരി 3-ന് പ്രവർത്തനമാരംഭിച്ചു. തൃശ്ശൂർ അതിരൂപത മെത്രാപോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പ്രസ്തുത ക്ലിനിക്കിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഇന്ത്യയിലെതന്നെ പ്രശസ്തനായ ശ്രീ. ചിത്തിര തിരുന്നാൾ ആശുപത്രിയിലെ വാസ്ക്കുലാർ സർജറി വിഭാഗം മേധാവി ഡോ. എം. ഉണ്ണികൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ ഡോ. പ്രവീൺലാൽ അനുഗ്രഹ പ്രഭാഷണം നടത്തി. ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, ഡോ. ബെന്നി ജോസഫ്, ഡോ. ആൻഡ്രൂസ് സി. വി., സി. ഫിലോ പോൾ സി.എം.സി.എന്നിവർ സന്നിഹിതരായിരുന്നു.

**വായിൽവരുന്ന 80 ശതമാനം കാൻസറുകളുംനേരത്തെ കണ്ടുപിടിച്ച് തടയാവുന്നതാണ്**

ഓറൽ ആന്റ് മാക്സിലോഫേഷ്യൽ സർജന്മാരുടെ ദിനത്തോടുബന്ധിച്ച് ജൂബിലി മിഷൻ ആശുപത്രിയിൽ സൗജന്യ കാൻസർ രോഗനിർണ്ണയ ക്യാമ്പ് നടന്നു. പ്രസിദ്ധ സംഗീതസംവിധായകൻ ശ്രീ. ഔസേപ്പച്ചൻ കാൻസർ രോഗികൾക്കായി അദ്ദേഹം സ്വയം എഴുതി ചിട്ടപ്പെടുത്തിയ ഗാനമാലപിച്ചുകൊണ്ട് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പ്രശസ്ത മാക്സിലോഫേഷ്യൽ സർജന്മാരായ ശ്രീ. മോനി കുര്യാക്കോസ്, ഡോ. വർഗ്ഗീസ് മാണി എന്നിവർ ബോധവത്കരണക്ലാസ് നയിച്ചു. ജൂബിലി മാക്സിലോഫേഷ്യൽ സർജനും, മാക്സിലോഫേഷ്യൽ സംഘടനയുടെ നാഷണൽ പ്രസിഡണ്ടുമായ ഡോ. ഫിലിപ്പ് മാത്യു സ്വാഗതം ആശംസിച്ചു. കേരളത്തിലെ സുപ്രസിദ്ധ കാൻസർ സർജനും, ജൂബിലിയിലെ കാൻസർ സർജറി വിഭാഗം മേധാവിയുമായ ഡോ. ശ്രീകുമാർ പിള്ള പാവപ്പെട്ട കാൻസർ

രോഗികൾക്കായി ജൂബിലി ഏറ്റെടുക്കാൻ പോകുന്ന പദ്ധതികൾ വിശദീകരിച്ചു. പിന്നണി ഗായകൻ ശ്രീ. ഫ്രാങ്കോ കാൻസർ രോഗികൾക്കായി ഗാനമാലപിച്ചു. ജൂബിലിയിലെ മെഡിക്കൽ ഓങ്കോളജിസ്റ്റ് ഡോ. മിഥുൻ ചാക്കോ ആശംസാപ്രസംഗം നടത്തി. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അധ്യക്ഷനായിരുന്നു. ബോധവത്കരണക്ലാസും അനുഭവവിവരണങ്ങളും കർമ്മപദ്ധതി തയ്യാറാക്കലും ഈ ക്യാമ്പിനെ വിജയകരമാക്കി മാറ്റി. പാവപ്പെട്ട രോഗികൾക്കുള്ള രോഗനിർണ്ണയക്യാമ്പ് ഫലപ്രദമായി നടന്നു.

**മെഡിക്കൽ ക്യാമ്പുകൾ**

- മുണ്ടത്തിക്കോട് എ. കെ. ജി. നഗർ
- സെന്റ് ആന്റണീസ് ചർച്ച്, വരടിയം
- ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, വില്ലടം
- സി. എം. എസ് ഹൈസ്കൂൾ, തൃശ്ശൂർ
- ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, ചേർപ്പ്, തൃശ്ശൂർ

**അഭിനന്ദനങ്ങൾ..... ആശംസകൾ.....**

- അഹമ്മദാബാദിൽ നടന്ന അസോസിയേഷൻ ഓഫ് ഓറൽ ആന്റ് മാക്സിലോ ഫേഷ്യൽ സർജൻസ് ഓഫ് ഇന്ത്യയുടെ (**AOMSI**) കോൺഫറൻസിൽ 2017-18-ലെ നാഷണൽ പ്രസിഡണ്ടായി ഡോ. ഫിലിപ്പ് മാത്യു തിരഞ്ഞെടുക്കപ്പെട്ടു.

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- സെന്റ് മേരീസ് ഫൊറോന ചർച്ച്, കണ്ടശ്ശാംകടവ്, തൃശ്ശൂർ
- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- റവ. ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ, വികാരി, സെന്റ് തോമസ് ചർച്ച്, വല്ലച്ചിറ
- ശ്രീ. മിന്റേഷ്, നടുവിൽപീടിക, തൃശ്ശൂർ

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ആൽബി ജോയ്, കൂള ഹൗസ്, ഒല്ലൂർ, തൃശ്ശൂർ (40 ഡയാലിസിസ്)
- ലീൽ തോമസ്, ചിറക്കേകാരൻ ഹൗസ്, അരിസ്റ്റോ റോഡ്, തൃശ്ശൂർ (80 ഡയാലിസിസ്)

- ജോസഫ് & ലീമ, ബ്രദേഴ്സ് പ്രസ്സ്, കണ്ടശ്ശാംകടവ്, തൃശ്ശൂർ (20 ഡയാലിസിസ്)
- സെന്റ് മേരീസ് ഫൊറോന ചർച്ച്, കണ്ടശ്ശാംകടവ്, തൃശ്ശൂർ (80 ഡയാലിസിസ്)
- സെന്റ് തോമസ് ചർച്ച്, തിരൂർ, തൃശ്ശൂർ (160 ഡയാലിസിസ്)
- സൊസൈറ്റി ഓഫ് ലേഡി ഓഫ് മേരി ഇമ്മാക്കുലേറ്റ്, നിർമ്മലാലയം, വെസ്റ്റ് ഫോർട്ട്, തൃശ്ശൂർ (100 ഡയാലിസിസ്)
- സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, മരോട്ടിച്ചാൽ, തൃശ്ശൂർ (40 ഡയാലിസിസ്)
- സോണി അഞ്ചേരി, അഞ്ചേരി ഹൗസ്, നെല്ലിക്കുന്ന്, തൃശ്ശൂർ (24 ഡയാലിസിസ്)
- സെന്റ് ആന്റണീസ് ചർച്ച്, അമ്മാടം പി. ഒ., തൃശ്ശൂർ (80 ഡയാലിസിസ്)
- നിർമ്മല മാത സെൻട്രൽ സ്കൂൾ, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ ( 100 ഡയാലിസിസ്)
- സെന്റ് ജോസഫ്സ് ചർച്ച്, കേന്ദ്രസമിതി, കുണ്ടുകാട്, തൃശ്ശൂർ (32 ഡയാലിസിസ്)
- സെന്റ് ജോസഫ്സ് ചർച്ച്, ഏകോപനസമിതി, കുണ്ടുകാട്, തൃശ്ശൂർ (32 ഡയാലിസിസ്)
- സെന്റ് ജോസഫ്സ് ചർച്ച്, തിരുന്നാൾ കമ്മിറ്റി, കുണ്ടുകാട്, തൃശ്ശൂർ (36 ഡയാലിസിസ്)
- സെന്റ് ജോൺ ബോസ്കോ ചർച്ച്, മരിയാപുരം, തൃശ്ശൂർ (80 ഡയാലിസിസ്)
- അവർ ലേഡി ഓഫ് ഡോളേഴ്സ് ചർച്ച്, അത്താണി, തൃശ്ശൂർ (50 ഡയാലിസിസ്)
- അസംപ്ഷൻ ചർച്ച്, പള്ളിക്കുന്ന്, വരന്തരപ്പിള്ളി, തൃശ്ശൂർ (80 ഡയാലിസിസ്)
- സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ചർച്ച്, കാരമുക്ക്, കണ്ടശ്ശാംകടവ്, തൃശ്ശൂർ (50 ഡയാലിസിസ്)

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**

ഡയറക്ടർ

# ബൈബിൾ അപ്പസ്തോലേറ്റ്

Ph: 0487-2320780; E-mail: trichurbibleapostolate@gmail.com

**വെരിത്താസ് ക്വിസ് 2017**

ലോഗോസ് ക്വിസ് വിപുലമാക്കണമെന്ന ചർച്ചകൾ തുടങ്ങിയിട്ട് നാളുകാളേറെയായി. "ബിബ്ലോസ് 99" എന്ന പേരിൽ 18 വർഷങ്ങൾക്കു മുമ്പ് തൃശ്ശൂർ അതിരൂപതയിൽ ആരംഭിച്ച ബൈബിൾ ക്വിസ് മത്സരമാണ് ഇന്ന് അന്തർദ്ദേശീയതലത്തിൽ പടർന്നു പന്തലിച്ചതെന്നതിൽ നമുക്കഭിമാനിക്കാം. സമർപ്പിത ലോഗോസും, ഫമീലിയ ലോഗോസും സംസ്ഥാനത്തിന് സമ്മാനിച്ച നാം തന്നെ പുതിയ വിപുലീകരണത്തിന് ആരംഭം കുറിക്കുന്നത് എന്തുകൊണ്ടും ഉചിതമാണെന്നു തോന്നുന്നു. ഇതിന്റെ ഫലമാണ് ഇത്തവണ നാമൊരുക്കുന്ന "വെരിത്താസ് ക്വിസ് -2017".

വചനത്തിനുവേണ്ടി വിലയേറിയ സമയവും ഊർജ്ജവും മാറ്റിവയ്ക്കുന്നവരെ പരമാവധി പ്രോത്സാഹിപ്പിക്കാനും, ഇനിയും ഒത്തിരിപേരെക്കൂടി വചനവീഥിയിലേയ്ക്ക് ആകർഷിക്കാനും ഉതകുന്ന തരത്തിൽ ഇടവക, ഫൊറോന, അതിരൂപതതലങ്ങളിലായി 5000ത്തിലധികം പേർക്ക് സമ്മാനങ്ങളും, 300ലധികം പേർക്ക് ക്യാഷ് അവാർഡുകളും ലഭിക്കുന്ന തരത്തിൽ വിപുലമായി ഒരുക്കുന്ന ഈ വചനവിരുന്ന് ഏവർക്കും ആസ്വാദ്യകരമാകട്ടെ എന്ന് അഭിലഷിക്കുന്നു. ബഹു. വൈദീകരുടെയും, സമർപ്പിതരുടെയും, ആനിമേറ്റേഴ്സിന്റെയും, മതാദ്ധ്യാപകരുടെയും, സന്മനസ്സുകളുടെയും എല്ലാ വചനസ്നേഹികളുടെയും ദൈവജനം മുഴുവന്റെയും സമ്പൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു.

**പ്രായവിഭാഗം:**

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി എ, ബി, സി, ഡി, ഇ, എഫ് എന്നീ 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണ്ണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും

A **വിഭാഗം** :1-1-2006 നു ശേഷം ജനിച്ചവർ

B **വിഭാഗം** :1-1-2001 നും 31-12-2005 നും ഇടയിൽ ജനിച്ചവർ

C **വിഭാഗം** :1-1-1986 നും 31-12-2000 നും ഇടയിൽ ജനിച്ചവർ

D **വിഭാഗം** :1-1-1966 നും 31-12-1985 നും ഇടയിൽ ജനിച്ചവർ

E **വിഭാഗം** :1-1-1953 നും 31-12-1965 നും ഇടയിൽ ജനിച്ചവർ

F **വിഭാഗം** :31-12-1952ന് മുമ്പ് ജനിച്ചവർ

**പഠിക്കേണ്ട വിഷയം:**

(1) സംഖ്യ 22-36 അദ്ധ്യായങ്ങൾ

(2) സുഭാഷിതങ്ങൾ 21-31 അദ്ധ്യായങ്ങൾ

(3) വി.മത്തായിയുടെ സുവിശേഷം 1-9 അദ്ധ്യായങ്ങൾ
(4) വെളിപാടിന്റെ പുസ്തകം 4-9 അദ്ധ്യായങ്ങൾ

**ഉപയോഗിക്കേണ്ട ബൈബിൾ:**

മലയാളം- POC ബൈബിൾ; ഇംഗ്ലീഷ്- NRSV ബൈബിൾ

**രജിസ്ട്രേഷൻ:**

രജിസ്ട്രേഷൻ മുൻകൂട്ടി നിർബന്ധമായും ചെയ്തിരിക്കേണ്ടതാണ്. ഒരു ഇടവകയേയോ ഒരു കത്തോലിക്കാ സ്ഥാപനത്തേയോ ഒരു പരീക്ഷ സെന്ററായി അംഗീകരിക്കുന്നതും അവിടെ നിങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതുമാണ്. രജിസ്ട്രേഷൻ മെയ് 1 തിങ്കളാഴ്ച ആരംഭിച്ച് ജൂൺ 15 വ്യാഴാഴ്ച അവസാനിക്കുന്നു. അവസാന തിരക്ക് ഒഴിവാക്കാൻ, കഴിയുന്നതും നേരത്തെ രജിസ്ട്രേഷൻ നടത്തുക.

വെരിത്താസ് രജിസ്ട്രേഷൻ ഓൺലൈൻ രജിസ്ട്രേഷനാണ്. ഓരോ വ്യക്തിക്കും ഇടവകയിലെ/സെന്ററിലെ ആനിമേറ്റേഴ്സ് മുഖേന രജിസ്റ്റർ ചെയ്ത് പണം ഓഫീസിൽ അടക്കാവുന്നതാണ്.

**പരീക്ഷാഫീസ്**

10 രൂപ ഒരു പരീക്ഷാർത്ഥിക്ക്. സെന്ററിന്റെ രജിസ്ട്രേഷന്റെ മൊത്തം സംഖ്യ രജിസ്ട്രേഷൻ സമയത്തുതന്നെ ഓഫീസിൽ അടച്ചു രശീതി വാങ്ങേണ്ടതാണ്. ഒരു സെന്ററിൽനിന്ന് പലപ്പോഴായി രജിസ്റ്റർ ചെയ്യാതെ ഒരുമിച്ച് ഒറ്റത്തവണ രജിസ്ട്രേഷൻ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ..

**വെരിത്താസ് ക്വിസ് 2017 മത്സരങ്ങൾ**

**1. ഇടവകതലം: 2017 ജൂലൈ 30, ഞായർ 2pm - 3.30pm**

ഒരു ഇടവകയിൽനിന്ന് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിരിക്കുന്ന എല്ലാവരും അതതു സെന്ററുകളിൽ വെച്ചുതന്നെ പരീക്ഷയെഴുതുന്നു. ആയതിന്റെ റിസൾട്ടുകൾ 2017 ആഗസ്റ്റ് 15ന് ഫൊറോനതലത്തിൽ ആയിരിക്കും പ്രഖ്യാപിക്കുക.

- ❑ ഇടവകയിലെ A ഗ്രൂപ്പിൽ 50നും, B-F ഗ്രൂപ്പുകളിൽ 60നും, മുകളിൽ മാർക്ക് നേടുന്നവർക്ക് സർട്ടിഫിക്കറ്റുകളും മറ്റ് ആകർഷകമായ സമ്മാനങ്ങളും...
- ❑ ഓരോ ഫൊറോനയിലെയും ഓരോ ഗ്രൂപ്പിലെയും ആദ്യത്തെ 3 റാങ്കുകാർക്ക് സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡും മറ്റ് ആകർഷകമായ സമ്മാനങ്ങളും...

**2. ലോഗോസ് ക്വിസ്: 2017 സെപ്റ്റംബർ 24, ഞായർ 2pm**

ഇടവകതല മത്സരത്തിലെ ഓരോ ഫൊറോനയിലെ ഓരോ ഗ്രൂപ്പിലെയും ആദ്യത്തെ മൂന്ന് റാങ്കുകാരും, A ഗ്രൂപ്പിൽ 80ഉം, B-F ഗ്രൂപ്പുകളിൽ 85ഉം, അതിൽ കൂടുതലും മാർക്ക് നേടുന്നവർ അതിരൂപത സെന്ററിൽ ലോഗോസ് ക്വിസ് മത്സരത്തിന് പങ്കെടുക്കുന്നു.

- ❑ ലോഗോസ് ക്വിസ് മത്സരത്തിലെ ഓരോ ഗ്രൂപ്പിലേയും ആദ്യത്തെ 10 സ്ഥാനക്കാർ അതിരൂപത വെരിത്താസ് ക്വിസ് 2-ാം റൗണ്ടിലേയ്ക്ക് അർഹത നേടുന്നു
- ❑ അതിരൂപതതല രണ്ടാം റൗണ്ട് മത്സരത്തിലേക്ക് അർഹത നേടാത്തവരെല്ലാം അതിരൂപതതല മത്സരത്തിലെ 5-ാം റാങ്കുകാരായിരിക്കും.

**3. അതിരൂപതതലം: 2017 ഒക്ടോബർ 22, ഞായർ**

ലോഗോസ് ക്വിസ് മത്സരത്തിലെ ഓരോ ഗ്രൂപ്പിലെയും ആദ്യത്തെ പത്ത് സ്ഥാനക്കാർക്ക് അതിരൂപതയിൽ 6 റൗണ്ടുകളിലായി മത്സരം നടത്തുന്നു. വിജയിക്കുന്ന ആദ്യത്തെ 3 റാങ്കുകാരായിരിക്കും അതിരൂപതയെ പ്രതിനിധീകരിച്ചുകൊണ്ട് സംസ്ഥാനതലമത്സരത്തിൽ പങ്കെടുക്കുക.

- ❑ ഓരോ ഗ്രൂപ്പിലെയും ആദ്യത്തെ 3 റാങ്കുകാർക്ക് സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡും മറ്റ് ആകർഷകമായ സമ്മാനങ്ങളും...
- ❑ മറ്റെല്ലാവരും 4-ാം റാങ്കുകാരായി പരിഗണിക്കപ്പെടുന്നു. അവർക്ക് സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡും മറ്റ് ആകർഷകമായ സമ്മാനങ്ങളും...
- ❑ ഓരോ ഗ്രൂപ്പിലെയും 1-ാം റാങ്കുകാർ വെരിത്താസ് ക്വിസ് ഗ്രാന്റ് ഫിനാലെയിലേയ്ക്ക് അർഹത നേടുന്നു.

**4. ഗ്രാന്റ് ഫിനാലെ: 2017 നവംബർ 5, ഞായർ**

വെരിത്താസ് ക്വിസ് അതിരൂപതതല മത്സരത്തിലെ ഓരോ ഗ്രൂപ്പിലെയും ഒന്നാം റാങ്കുകാർക്കായി വിവിധ റൗണ്ടുകളിലായി മത്സരം നടക്കുന്നു. വിജയിക്കുന്നയാളായിരിക്കും **വെരിത്താസ് പ്രതിഭ.**

- ❑ ഗ്രാന്റ് ഫിനാലെയിലെ വിജയിക്ക് **വിശുദ്ധനാട് തീർത്ഥാടനം**

**ഇതര വെരിത്താസ് ക്വിസ് മത്സരങ്ങൾ**

കഴിഞ്ഞ വർഷങ്ങളിൽ നടന്നു വന്നിരുന്നപോലെ തന്നെ ഇതര മത്സരങ്ങൾ ഇത്തവണയും നടക്കുന്നു.

- ❑ ഇതര വെരിത്താസ് ക്വിസ് മത്സരങ്ങൾക്ക് പങ്കെടുക്കുന്നവർ വെരിത്താസ് ക്വിസിന് രജിസ്റ്റർ ചെയ്തവരായിരിക്കണം. മത്സരങ്ങൾക്ക് മുൻകൂട്ടി രജിസ്റ്റർ ചെയ്തിരിക്കണം.

- എല്ലാ ഇതര വെരിത്താസ് ക്വിസ് മത്സരങ്ങളും തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ മെഡ്‌ലികോട്ട് ഹാളിൽവെച്ച് അതതുദിവസം ഉച്ചയ്ക്ക് 2 മണി മുതൽ 4വരെയായിരിക്കും നടത്തപ്പെടുക.
- ഓരോ മത്സരത്തിലെയും ആദ്യത്തെ 3 റാങ്കുകാർക്ക് സർട്ടിഫിക്കറ്റുകളും മറ്റ് ആകർഷകമായ സമ്മാനങ്ങളും...
- ഓരോ മത്സരത്തിലെയും 50% മാർക്ക് ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റുകളും മറ്റ് ആകർഷകമായ സമ്മാനങ്ങളും...

**1. സമർപ്പിത വെരിത്താസ് ക്വിസ്: 2017 ജൂൺ 11, ഞായർ**

അതിരൂപതയിലെ വൈദീകർ, സമർപ്പിതർ, വൈദീക-സന്യാസ വിദ്യാർത്ഥികൾ എന്നിവർക്കു പങ്കെടുക്കാം. പരീക്ഷയ്ക്ക് 3 പേരടങ്ങുന്ന ടീമുകളായിരിക്കണം.

**2. ഫാമിലി വെരിത്താസ് ക്വിസ്: 2017 ജൂൺ 18, ഞായർ**

അതിരൂപതയിലെ കുടുംബരജിസ്റ്ററിലുള്ള കുടുംബങ്ങൾക്കു പങ്കെടുക്കാവുന്നതാണ്. ദമ്പതികൾ ഉൾപ്പെടുന്ന മൂന്ന് അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. അംഗങ്ങളുടെ എണ്ണം കൂടുന്നതിന് കുഴപ്പമില്ല.

**3. യൂത്ത് വെരിത്താസ് ക്വിസ്: 2017 ജൂൺ 25, ഞായർ**

പങ്കെടുക്കുന്ന മത്സരാർത്ഥികൾ 18നും 30നും ഇടയ്ക്ക് പ്രായമുള്ള യുവജനങ്ങളായിരിക്കണം. ഒരു ഇടവകയിൽനിന്ന് 3 ടീമുകൾക്കു മാത്രമേ പങ്കെടുക്കാനാവൂ. ഓരോ ടീമിലും 3 അംഗങ്ങൾ ഉണ്ടായിരിക്കണം.

**4. ടീച്ചേഴ്സ് വെരിത്താസ് ക്വിസ്: 2017 ജൂലൈ 9, ഞായർ**

അതിരൂപതയിലെ മതബോധന അദ്ധ്യാപകരാണ് പങ്കെടുക്കേണ്ടത്. ഒരു ഇടവകയിൽനിന്ന് 3 അംഗങ്ങളുള്ള 3 ടീമുകൾക്കു പങ്കെടുക്കാം.

**5. കാറ്റിക്കിസം വെരിത്താസ് ക്വിസ്: 2017 ജൂലൈ 16, ഞായർ**

അതിരൂപതയിലെ മതബോധന വിദ്യാർത്ഥികളാണ് പങ്കെടുക്കേണ്ടത്. ഓരോ ഇടവകയിൽനിന്ന് 3 ടീമുകൾക്കു മാത്രമേ പങ്കെടുക്കാനാവൂ. ഓരോ ടീമിലും 3 അംഗങ്ങൾ ഉണ്ടായിരിക്കണം.

**6. വചനമെഴുത്ത് മത്സരം: 2017 ജൂലൈ 23, ഞായർ**

ഒരു ഇടവക/സെന്ററിൽനിന്ന് ആർക്കു വേണമെങ്കിലും വചനമെഴുത്ത് മത്സരത്തിൽ പങ്കെടുക്കാം. വെരിത്താസ് ക്വിസിന്റെ പ്രായവിഭാഗത്തിനനുസരിച്ചായിരിക്കും മത്സരം. വെരിത്താസ് ക്വിസിന്റെ പഠനഭാഗത്തുനിന്നുള്ള വചനങ്ങളാണ് മത്സരത്തിനായി പഠിക്കേണ്ടത്. പരീക്ഷഹാളിൽ ചോദിക്കുന്നതിനനുസരിച്ചാണ് വചനങ്ങൾ എഴുതേണ്ടത്.

***വെരിത്താസ് / ലോഗോസ് ക്വിസ് പഠനസഹായി - 2017***

അന്തർദ്ദേശീയതലത്തിൽ നടക്കുന്ന ലോഗോസ് മത്സരത്തിൽ ചോദിക്കുവാൻ സാധ്യതയുള്ളതും, അതിരൂപതതല വെരിത്താസ് ക്വിസിലെ ഭൂരിഭാഗം ചോദ്യങ്ങളും ഉൾക്കൊള്ളുന്ന ഈ പുസ്തകത്തിന്റെ വില 60 രൂപയാണ്. കോപ്പികൾ വേണ്ടവർക്ക് ബൈബിൾ അപ്പസ്തൊലേറ്റിലോ, ആനിമേറ്റേഴ്സ് വഴിയോ, ബുക്ക്സ്റ്റാളുകളിൽ നിന്നോ കൈപ്പറ്റാവുന്നതാണ്. വചന പഠനത്തിനുള്ള ബൈബിൾ ഭാഗങ്ങൾകൂടി ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

***നോമ്പുകാല വിചിന്തനങ്ങൾ***

അനുതാപത്തിന്റെയും പരിത്യാഗത്തിന്റെയും സന്ദേശങ്ങളുമായി -കുരിശിന്റെ വഴിയെ...- എന്ന പേരിൽ തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ റാഫേൽ തട്ടിൽ പിതാവും ബൈബിൾ പണ്ഡിതൻ ബഹു. മൈക്കിൾ കാരിമറ്റത്തച്ചനും നല്കുന്ന 50 ദിവസത്തെ 2.30 മിനിറ്റ് നീളുന്ന വീഡിയോ വചനസന്ദേശങ്ങൾ ഓരോ ദിവസവും Whats App, Facebook, Youtube മാധ്യമങ്ങൾ വഴി ലോകമെമ്പാടുമുള്ള വിശ്വാസികൾക്ക് അയച്ചുകൊടുക്കുന്നു. ഉത്ഥാനത്തിന്റെ മഹത്വത്തിലേക്ക് ഈ 50 ദിവസവും കുരിശിന്റെ വഴിയെ.... നമുക്കൊരുമിച്ച് യാത്രാ ചെയ്യാം...

ഈ സന്ദേശങ്ങൾ ലഭിക്കാൻ ആഗ്രഹിക്കുന്നവർക്ക് Whats App നമ്പറിൽ (+919447721976) ബന്ധപ്പെടാവുന്നതാണ്.

***ബൈബിൾ കോഴ്സ്***

ബൈബിൾ കോഴ്സുകളിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ബൈബിൾ അപ്പസ്തൊലേറ്റ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.....

***തീർത്ഥാടനങ്ങൾ***

അടുത്ത വർഷത്തെ റോം - യൂറോപ്പ് തീർത്ഥാടനങ്ങൾ 2017 മെയ് 2, ഒക്ടോബർ 1, വിശുദ്ധനാട് തീർത്ഥാടനങ്ങൾ 2017 ഏപ്രിൽ 18, മെയ് 2, 16, സെപ്റ്റംബർ 5, ഒക്ടോബർ 3, നവംബർ 7, ഡിസംബർ 20 എന്നീ തിയ്യതികളിൽ പുറപ്പെടുന്നു.

റോമ- യൂറോപ്പ് തീർത്ഥാടനത്തിനും വിശുദ്ധനാട് തീർത്ഥാടനത്തിനും പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ..

ഫോൺ: 0487-2320780, 7558937090

**ഫാ. ലിജോ ചിരിയങ്കണ്ടത്ത്**
**അസി. ഡയറക്ടർ**

**ഫാ. ഫ്രാൻസീസ് കൂത്തൂർ**
**ഡയറക്ടർ**

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

**തയ്യൽ മെഷീൻ വിതരണം ചെയ്തു.**

സാന്ത്വനം സ്വയം സഹായസംഘങ്ങളിൽ പ്രവർത്തിക്കുന്ന നിർദ്ധനരായ 25 അംഗങ്ങൾക്ക് സൗജന്യമായി തയ്യൽമെഷീനുകളും നിർദ്ധനരായ 10 യുവതികളുടെ വിവാഹത്തിന് 10000രൂപയുടെ വസ്ത്രങ്ങളും വിതരണം ചെയ്തു. പുളിമൂട്ടിൽ സിൽക്ക്സിന്റെ 10–ാം വാർഷീകത്തോടനുബന്ധിച്ച് സ്പോൺസർ ചെയ്ത പരിപാടിയിൽ, തയ്യൽ തൊഴിലായി സ്വീകരിക്കുന്നതിന് തയ്യാറായ അംഗങ്ങളെയാണ് തയ്യൽ മെഷീനുകൾ നല്കുന്നതിനായി തിരഞ്ഞെടുത്തത്. ശ്രീ. അബി പുളിമൂട്ടിൽ അധ്യക്ഷത വഹിച്ച പരിപാടി അഭിവന്ദ്യ മാർ. റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. റവ. ഡോ. ഫ്രാൻസീസ് ആലപ്പാട്ട്, ഫാ.തോമസ് പൂപ്പാടി എന്നിവർ സന്നിഹിതരായിരുന്നു.

**സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു.**

പുറനാട്ടുകര ഇടവകയിൽ വിവിധ മേഖലകളിലായി 4 പുതിയ സ്വയം സഹായ സംഘങ്ങൾ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ചു. രൂപീകരണയോഗങ്ങൾക്ക് ആനിമേറ്റർ ശ്രീമതി. ജോയ്സി സ്റ്റീഫൻ നേതൃത്വം നൽകുകയും കോ–ഓർഡിനേറ്റർ ശ്രീ. സി.പി. ജോർജ്ജ് ക്ലാസ്സുകൾ നയിക്കുകയും ചെയ്തു.

**സ്നേഹനിധി**

സ്നേഹനിധി അംഗങ്ങൾക്കുവേണ്ടിയുള്ള കരുതൽ ക്ഷേമപദ്ധതി, ജനുവരി 1–ാം തിയ്യതി മുതൽ പ്രാബല്യത്തിൽ വന്നു. ജനുവരിയിൽ വിവിധ അംഗങ്ങൾക്കായി 65000/–രൂപ കരുതൽ സഹായധനം നല്കി. മാർച്ച്മാസത്തിൽ കരുതൽ ക്ഷേമപദ്ധതി റജിസ്ട്രേഷൻ പുതുക്കുന്നതിനായി അതാത് യൂണിറ്റുകളിൽ കമ്മിറ്റി അംഗങ്ങൾ വരുന്നതായിരിക്കും.

**സ്നേഹനിധി രൂപീകരണം**

സാന്ത്വനത്തിന്റെ ആഭിമുഖ്യത്തിൽ, കൂനംമൂച്ചി ഇടവകയിൽ സ്നേഹനിധി രൂപീകരിക്കുന്നതിന് വേണ്ടി കോ–ഓർഡിനേറ്റർ ശ്രീമതി. ബീന വർഗ്ഗീസ് ക്ലാസ് നയിച്ചു. കരുതൽ ക്ഷേമപദ്ധതി, SHG, JLG

എന്നിവയെക്കുറിച്ചും അതിലൂടെ ലഭിക്കാവുന്ന നേട്ടങ്ങളെക്കുറിച്ചും ക്ലാസ്സിൽ വിവരിക്കുകയുണ്ടായി. വികാരി റവ. ഫാ. ജോൺ കിടങ്ങൻ, സിസ്റ്റർ. ആനീസ് കാടപറമ്പിൽ, സാന്ത്വനം ആനിമേറ്റർ ഷീല വിൻസന്റ് എന്നിവർ സന്നിഹിതരായിരുന്നു.

**ഗോഡ്സ് ഓൺ ഫാമിലി**

ഗോഡ്സ് ഓൺ ഫാമിലിപദ്ധതിയിൽ അംഗങ്ങളായവർക്ക് ജാതിമതഭേദമെന്യേ, വിവിധ ആവശ്യങ്ങൾക്കായി സഹായങ്ങൾ വിതരണം ചെയ്തു. ഗോഡ്സ് ഓൺ ഫാമിലി മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.

മരത്താക്കര-5000, പറപ്പൂര്-10,000, അഞ്ചേരി-5000, പൊന്നൂക്കര-5000, അരിമ്പൂര്-15,000, വില്ലടം-10,000, കോനിക്കര-13200, പെരിങ്ങോട്ടുകര -10,000.

**സമൃദ്ധി കുടിവെള്ള പദ്ധതി**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ചേലക്കര പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നൽകിയ ബോർവെൽ പദ്ധതിയുടെ കുറുമല(വാർഡ് നമ്പർ 16)വാർഡിന്റെ ഉദ്ഘാടനം 2017 ജനുവരി 6-ാം തിയ്യതി ചേലക്കര MLA യു.ആർ. പ്രദീപ് ഉദ്ഘാടനം ചെയ്തു. ചേലക്കര ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ആർ. ഉണ്ണിക്കൃഷ്ണൻ, വൈസ് പ്രസിഡണ്ട് ശ്രീമതി. ഗായത്രി ജയൻ, സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീ. നിവിൻ ജോസഫ്, ആനിമേറ്റർ ശ്രീമതി. സുമി കെ.എസ്. തുടങ്ങിയവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

**ട്യൂഷൻ ക്ലാസ് സന്ദർശിച്ചു.**

വിദ്യാഭ്യാസ സഹായ പദ്ധതിയുടെ ഭാഗമായി പടവരാട് യൂണിറ്റിലെ കുട്ടികളുടെ ട്യൂഷൻ ക്ലാസ് കോ-ഓർഡിനേറ്ററും ആനിമേറ്ററും ചേർന്ന് സന്ദർശിക്കുകയും കുട്ടികളുടെ പഠനവിവരങ്ങൾ അന്വേഷിക്കുകയും ചെയ്തു. മധ്യവേനലവധിക്കാലത്ത് കുട്ടികൾക്കായി വിവിധ വിഷയങ്ങളെപ്പറ്റി ക്ലാസ്സുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു. പദ്ധതിയുടെ ഭാഗമായി പെരിങ്ങോട്ടുകര യൂണിറ്റ് സന്ദർശിച്ച് യൂണിറ്റിലെ 15 വിദ്യാർത്ഥികൾക്കും റ്റ്യൂഷൻ ഫീസ് വിതരണം ചെയ്തു.

**പുതിയ കുടുംബങ്ങളെ കണ്ടെത്തി.**

SAVE A FAMILY PLAN ന്റെ മാനദണ്ഡപ്രകാരം അർഹരായ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി ഡയറക്ടർ, കോ-ഓർഡിനേറ്റർ,

ആനിമേറ്റർ എന്നിവർ അടങ്ങുന്ന ടീം അംഗങ്ങൾ വീടുകൾ സന്ദർശിക്കുകയും Family Development Program ലേയ്ക്ക് മറ്റം, എറവ്, ഒളരി എന്നീ ഇടവകകളിൽ നിന്നുള്ള 15 കുടുബങ്ങളെ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കുവാൻ നാഷണൽ ഓഫീസിലേയ്ക്ക് ശുപാർശ ചെയ്യുകയും ചെയ്തു.

**മീറ്റിംഗ് സംഘടിപ്പിച്ചു.**

Family Development Program ന്റെ ഭാഗമായി മറ്റം ഇടവകയിൽ Family Action Team ന്റെ ഒരു മീറ്റിംഗ് നടത്തി. ഇടവക വികാരി, കോൺവെന്റ് സുപ്പീരിയർ, സാമൂഹ്യ ക്ഷേമ സമിതി അംഗങ്ങൾ, സാന്ത്വനം ഡയറക്ടർ, കോ-ഓർഡിനേറ്റർ എന്നിവർ പങ്കെടുത്ത മീറ്റിങ്ങിൽ FDP ലേയ്ക്ക് പുതിയതായി തെരഞ്ഞെടുത്ത കുടുബങ്ങളെക്കുറിച്ച് വിശദമായ ചർച്ച നടത്തി. സ്വയം തൊഴിൽ ചെയ്യുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിൽനിന്നും ലഭിക്കുന്ന വരുമാനത്തിലൂടെ കുടുംബങ്ങൾക്കുണ്ടാകുന്ന പുരോഗതിയെക്കുറിച്ചും FDP കോ-ഓർഡിനേറ്റർ വിവരിക്കുകയുണ്ടായി. പുതിയ കുടുംബങ്ങൾ വളരെ അർഹതയുള്ള കുടുബങ്ങളാണെന്ന് FAT അംഗങ്ങൾ അഭിപ്രായപ്പെടുകയുണ്ടായി. എല്ലാവർക്കും നന്ദി പറഞ്ഞു കൊണ്ട് മീറ്റിംഗ് അവസാനിച്ചു.

FDP മുഖേന സഹായം ലഭിച്ച ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു.

കൂനംമൂച്ചി - Rs.7000/- പൊങ്ങണം കാട് - Rs.8500/- മനക്കൊടി - Rs.13000/-

**മംഗല്യനിധി സഹായങ്ങൾ വിതരണം ചെയ്തു.**

മാർ ജേക്കബ് തൂങ്കുഴിയുടെ 60-ാം പൗരോഹിത്യ ജൂബിലിയോടും ബോൺനത്താലെയോടുമനുബന്ധിച്ച് 60 നിർദ്ധനയുവതികൾക്കായുള്ള വിവാഹ സഹായ വിതരണ പദ്ധതിയുടെ ആദ്യഘട്ടത്തിൽ 20 യുവതികൾക്ക്, അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി 50,000 രൂപ വീതം വിതരണം ചെയ്തു. സാന്ത്വനം ഹാളിൽ വെച്ച് നടന്ന ചടങ്ങിൽ സാന്ത്വനം ഡയറക്ടർ, വൈസ് പ്രസിഡണ്ട് ടോജോ മാത്യു എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. മാഗല്യനിധിയുടെ മുഖ്യ ഉപകാരിയായ ശ്രീ.എം.വി. തോമസിനെ പ്രതിനിധീകരിച്ച് ബ്രാഡോക്ക് ഇൻഫോടെക്ക് മാനേജർ ശ്രീ. ഫ്രാൻസി ആന്റണി സന്നിഹിതനായിരുന്നു. ആർത്താറ്റ്, ആളൂർ, കുറ്റൂർ, കൊഴുക്കുള്ളി, പനമുക്ക്, വിയ്യൂർ, കല്ലൂർ ഈസ്റ്റ്, പുറത്തൂർ, വില്ലടം, മറ്റം, വരാക്കര നോർത്ത്, ഒളരിക്കര, പുതുക്കാട്, ചേലക്കര, പുലക്കാട്ടുകര, കിള്ളിമംഗലം, പറപ്പൂർ, എറവ് എന്നീ ഇടവകകളിലെ നിർദ്ധന യുവതികൾക്കാണ് ആദ്യഘട്ടത്തിൽ സഹായം ലഭിച്ചത്.

**സ്വയം തൊഴിൽ ആരംഭിച്ചു.**

സോഷ്യൽ വെൽഫെയർ സെന്ററിന്റെ കീഴിലുള്ള വരടിയം പാപ്പാ നഗറിലെ നിവാസികൾക്കായി, ഫോസ്റ്റർ ബിസ്ക്കറ്റ് കമ്പനിയുമായി സഹകരിച്ച് ബിസ്ക്കറ്റ് പായ്ക്കിങ്ങ് ആരംഭിച്ചു. വരടിയം കമ്മ്യൂണിറ്റി സെന്ററിൽ വെച്ച് സാന്ത്വനം ഡയറക്ടർ സ്വയം തൊഴിൽ ആരംഭകർമ്മം ഉദ്ഘാടനം ചെയ്തു.

**സാമൂഹ്യ ക്ഷേമസമിതി മീറ്റിങ്ങ് നടത്തി.**

മറ്റം, നിർമ്മലപുരം ഇടവകകളിൽ സാമൂഹ്യക്ഷേമസമിതിയുടെ മീറ്റിങ്ങ് നടത്തി. ഇടവക വികാരിമാർ, സാന്ത്വനം ഡയറക്ടർ, ആനിമേറ്റർമാർ, സാമൂഹ്യക്ഷേമസമിതിയംഗങ്ങൾ എന്നിവർ മീറ്റിങ്ങുകളിൽ സന്നിഹിതരായിരുന്നു. ഓരോ ഇടവകയിലേയും സാമൂഹ്യപ്രവർത്തനങ്ങൾ മീറ്റിങ്ങുകളിൽ ചർച്ച ചെയ്യുകയും പുരോഗതി വിലയിരുത്തുകയും ചെയ്തു.

**വാർഷികപൊതുയോഗം നടത്തി.**

അതിരൂപതയുടെ സോഷ്യൽ അപ്പസ്തോലേറ്റ് സെന്ററായ സാന്ത്വനത്തിന്റെ വാർഷികപൊതുയോഗം നടത്തുകയും വാർഷിക കണക്കുകൾ വായിച്ച് അംഗീകരിക്കുകയും ചെയ്തു. സാന്ത്വനത്തിന്റെ കീഴിലുള്ള സോഷ്യൽ ആക്ഷൻ, സോഷ്യൽ വെൽഫെയർ സെന്റർ, സോഷ്യൽ സെന്റർ ഹൗസിങ്ങ്, സാന്ത്വനം, സേവ് എ ഫാമിലി എന്നീ പ്രസ്ഥാനങ്ങളുടെ പ്രവർത്തന അവലോകനം നടത്തുകയും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. തദവസരത്തിൽ ഈ വർഷത്തെ CA ഓഡിറ്റേഴ്സിനെ തീരുമാനിക്കുകയും ചെയ്തു.

**യാത്രമംഗളങ്ങൾ**

സാന്ത്വനത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറായി രണ്ട് വർഷത്തോളം സേവനമനുഷ്ഠിച്ച റവ.ഫാ.ടെഡ്സ് കുന്നപ്പിള്ളിയ്ക്ക് ഹൃദ്യമായ യാത്രയയപ്പു നൽകി. സാന്ത്വനം ഓഫീസിൽ വെച്ച് നടത്തിയ യാത്രയയപ്പു യോഗത്തിൽ സാന്ത്വനം ഡയറക്ടർ, ഗവേണിംഗ് ബോഡി പ്രതിനിധി, സ്നേഹനിധി പ്രതിനിധി, സ്റ്റാഫ് പ്രതിനിധി എന്നിവർ അച്ചന്റെ സേവനത്തെ പ്രകീർത്തിച്ചുകൊണ്ട് സംസാരിക്കുകയും സാന്ത്വനത്തിന്റെ നന്ദിയുടെയും കടപ്പാടിന്റെയും പ്രതീകമായി ഉപഹാരസമർപ്പണം നടത്തുകയും ചെയതു. മറുപടി പ്രസംഗത്തിൽ ഫാ. ടെഡ്സ് കുന്നപ്പിള്ളി എല്ലാവരുടെയും സഹകരണത്തിനു നന്ദി പറയുകണ്ടായി.

**ഫാ.പോൾ മാളിയമ്മാവ്**
അസി.ഡയറക്ടർ

**ഫാ.തോമസ്പൂപ്പാടി**
ഡയറക്ടർ

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**പുസ്തക പ്രകാശനം : കുടുംബം ഭൂമിയിലെ സ്വർഗ്ഗം :**

**വിവാഹിതരും വിവാഹത്തിനൊരുങ്ങുന്നവരും വായിച്ചിരിക്കേണ്ട പുസ്തകം - എഡിറ്റർ : ഫാ. ഡെന്നി താണിക്കൽ**

അതിരൂപതയിലെ വിവാഹ ഒരുക്ക കോഴ്സിന് നേതൃത്വം കൊടുക്കുന്ന അദ്ധ്യാപകരൊന്നു ചേർന്ന് തയ്യാറാക്കിയ പുസ്തകം. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ പ്രസിദ്ധീകരണ വിഭാഗം പ്രസിദ്ധീകരിച്ചത്.

വിവാഹത്തിന്, വിവാഹ ജൂബിലിക്ക് സമ്മാനമായി കൊടുക്കാൻ അനുയോജ്യമായ പുസ്തകം. ഫാമിലി അപ്പൊസ്റ്റൊലേറ്റ്, ഡി.ബി.സി.എൽ. സി., കാത്തലിക് സെന്റർ ബുക്ക്സ്റ്റാൾ എന്നിവിടങ്ങളിൽ ലഭ്യമാണ്.

**നവദമ്പതിസംഗമം - മാർച്ച് 26 ഞായർ**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ നവദമ്പതികളുടെ നാലാമത്തെ കൂട്ടായ്മയാണ് മാർച്ച് 26-ാം തിയ്യതി ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നത്. 2016 നവംബർ, ഡിസംബർ 2017 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വിവാഹിതരായവരാണ് ഈ കൂട്ടായ്മയിൽ പങ്കെടുക്കേണ്ടത്. അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന നവദമ്പതി സംഗമത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. സമയം രാവിലെ 9.30 മുതൽ 1.00 മണി വരെയായിരിക്കും. വിശുദ്ധ കുർബ്ബാനയും ഉച്ചഭക്ഷണവും ഉണ്ടായിരിക്കുന്നതാണ്.

**ഫാ.ജിയോ തെക്കിനിയത്ത്**
അസോ.ഡയറക്ടർ

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

## മാതൃവേദി

**വജ്രജൂബിലി ഉദ്ഘാടനവും പ്രാർത്ഥനാദിനവും**
**മാർച്ച് 28 ചൊവ്വ (രാവിലെ 9.30 മുതൽ 4.00 വരെ)**

അതിരൂപതയിൽ മാതൃവേദി ആരംഭിച്ച് 60 വർഷം തികയുകയാണ്. മാർച്ച് 28-ാം തിയ്യതി രാവിലെ അഭിവന്ദ്യപിതാവ് ജൂബിലിദീപം തെളിയിച്ചുക്കൊണ്ട് ജൂബിലിവർഷം ഉദ്ഘാടനം ചെയ്യുകയാണ്. അന്നേദിനം 60 പേർക്ക്

ഡയാലിസിസിനുള്ള തുക ജൂബിലി മിഷൻ ഹോസ്പിറ്റലിന് കൈമാറുകയും ചെയ്യുന്നു. തുടർന്ന് ആരാധനയും വിശുദ്ധ കുർബ്ബാനയും ഉണ്ടായിരിക്കുന്നതാണ്. എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി. ബീന ജോഷി**
പ്രസിഡണ്ട്

**ഫാ.ബൈജു കാഞ്ഞിരത്തിങ്കൽ**
അസി.ഡയറക്ടർ

# കുടുംബകൂട്ടായ്മ

**ഫൊറോന കൺവെൻഷൻ**

അതിരൂപതയിലെ എല്ലാ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി ഫൊറോന അടിസ്ഥാനത്തിൽ മാർച്ച് ഏപ്രിൽ മാസങ്ങളിലായി ഫൊറോനതല കൺവെൻഷൻ സംഘടിപ്പിക്കുന്നു. എല്ലാ ഭാരവാഹികളും അതത് ഫൊറോന കൺവെൻഷനിൽ നിർബന്ധപൂർവ്വം പങ്കെടുക്കണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

**ചർച്ചാപഠനപരിശീലന ക്യാമ്പ് - 25.03.2017**

ഫെബ്രുവരി മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. ഏപ്രിൽ മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് മാർച്ച് 25-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാ പഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് രണ്ടുപേരെയെങ്കിലും പറഞ്ഞയക്കുമല്ലോ.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**എ. എ. ആന്റണി**
ജന.കൺവീനർ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി.ഡയറക്ടർ

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**പ്രോലൈഫ് ഡേ - മാർച്ച് 25 ശനി**

മാർച്ച് 25-ാം തിയ്യതി ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ് പ്രോലൈഫ് ഡേ ആയി ആചരിക്കുന്നു. അന്നേദിവസം പുതിയ അംഗങ്ങളെ ചേർക്കുകയും വിവിധങ്ങളായ ബോധവൽക്കരണ ക്ലാസ്സുകളും ജാഥകളും

ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ളവർ അംഗത്വമെടുക്കുവാനും ബോധവൽക്കരണ പരിപാടികളിൽ പങ്കെടുക്കുവാനും പ്രത്യേകം ക്ഷണിക്കുന്നു.

**ജെയിംസ് ആഴ്ചങ്ങാടൻ** — **ഫാ.ഡെന്നി താണിക്കൽ**
പ്രസിഡന്റ് — ഡയറക്ടർ

# വനിതാ കമ്മീഷൻ

**അന്തർദേശീയ വനിതാദിനം – മാർച്ച് 8 ബുധൻ**
**1.30 മുതൽ 4.30 വരെ**

അന്തർദേശീയ വനിതാദിനത്തോടനുബന്ധിച്ച് മാർച്ച് 8 അതിരൂപത വനിതാകമ്മീഷന്റെ നേതൃത്വത്തിൽ വനിതാ സെമിനാറും ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിക്കുന്നു. അതിരൂപതയിലെ എല്ലാ വനിതാസംഘടനകളും ഇതിൽ സംബന്ധിക്കണമെന്ന് ഓർമ്മപ്പെടുത്തുകയും സ്നേഹത്തോടെ ക്ഷണിക്കുകയും ചെയ്യുന്നു.

**പ്രൊഫ. എലിസബത്ത് മാത്യു** — **ഫാ.ഡെന്നി താണിക്കൽ**
പ്രസിഡന്റ് — ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ്

**അസംഘടിത തൊഴിലാളി യൂണിയനുകളുടെ സംയുക്ത സമ്മേളനം**

തൃശ്ശൂർ പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്ന വിവിധ അസംഘടിത തൊഴിലാളി ട്രേഡ് യൂണിയനുകളുടെ ജില്ലാതല സംയുക്ത സമ്മേളനത്തിൽ കെ. എൽ. എം. പ്രസിഡണ്ട് ശ്രീ. ജോസ് മാടാനി അദ്ധ്യക്ഷത വഹിക്കുകയും കെ. എൽ. എം. സംസ്ഥാന ഡയറക്ടർ റവ. ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. മാറിവരുന്ന സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങളും രാഷ്ട്രീയ കാഴ്ചപ്പാടുകളും അസംഘടിത തൊഴിലാളികളുടെ ജീവിതത്തെ ബാധിക്കുന്ന രീതികൾ യോഗം ചർച്ച ചെയ്തു. ഈ അടുത്ത കാലത്ത് തുടർച്ചയായി നടന്ന സാമ്പത്തിക മാറ്റങ്ങളും നികുതി പരിഷ്ക്കാരങ്ങളും തൊഴിലാളികളുടെ ജീവിതത്തിന് മേൽ ഏല്പിച്ച കനത്ത ആഘാതം ആശങ്കാജനകമാണെന്നും ഇതിന്റെ ദൂഷ്യഫലങ്ങളിൽ നിന്ന് തൊഴിലാളികൾ മുക്തരാകുവാൻ കാലങ്ങൾ എടുക്കുമെന്നും യോഗം വിലയിരുത്തി.

അസംഘടിത തൊഴിലാളികളുടെ കൺസോർഷ്യം രൂപീകരിക്കുകയും ജില്ലാ തല കൺവീനറായി ശ്രീ. ജോസ് മാടാനിയേയും ജോയിന്റെ കൺവീനറായി ശ്രീ. കെ. എൽ. പോൾസനെയും തിരഞ്ഞെടുത്തു.

ട്രേഡ് യൂണിയനുകളായി സ്വതന്ത്രനിർമ്മാണ തൊഴിലാളി യൂണിയൻ, തയ്യൽ തൊഴിലാളി ഫോറം, ഗാർഹിക തൊഴിലാളി ഫോറം. ചെറുകിട തോട്ടം തൊഴിലാളിഫോറം കൈതൊഴിലാളി വിദഗ്ദ തൊഴിലാളി ഫോറം, മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ഫോറം, പീടിക തൊഴിലാളി ഫോറം എന്നിവയുടെ പ്രതിനിധികൾ സംയുക്ത യോഗത്തിൽ പങ്കെടുത്തു. വിവിധ യൂണിയനുകളുടെ നേതാക്കളായ ശ്രീ. ജോയ് പോൾ, മിനി വിൻസെന്റ്, മോളി വർഗ്ഗീസ്, വർഗ്ഗീസ് കരുമത്ര, ബാബു ജെയ്ക്കബ്, ജോജോ ചിരിയങ്കണ്ടത്ത്, ശ്രീ. എൻ. കെ. രാജു, ശ്രീ. വി. എൽ. ലോനപ്പൻ എന്നിവർ സംസാരിച്ചു.

**വനിത ദിനം മാർച്ച് – 8**

വനിതകളുടെ ശക്തീകരണത്തിനും പ്രാപ്തീകരണത്തിനും പ്രഥമ പരിഗണന നൽകിവരുന്ന കെ. എൽ. എം. ഈ വർഷവും വനിത ദിനാചരണം സംഘടിപ്പിക്കുന്നു. എടക്കളത്തൂർ സെന്റ് മേരീസ് പള്ളി, നിർമ്മല സദൻ എന്നിവിടങ്ങളിൽ വെച്ച് നടത്തുന്ന വനിതാ ദിനാചരണത്തിൽ അതിരൂപതയിലെ വിവിധ യൂണിറ്റുകളിൽ നിന്നുള്ള വനിതകൾ പങ്കെടുക്കുന്നു. കെ. എൽ. എം. സംസ്ഥാന ഡയറക്ടർ റവ. ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ റവ. ഫാ. ബിജു ജോസ് ചാലിശ്ശേരി, കെ. എൽ. എം. സംസ്ഥാന അതിരൂപത തല നേതാക്കൾ എന്നിവരുടെ അനുഗ്രഹീത സാന്നിദ്ധ്യത്തിൽ തോളൂർ പഞ്ചായത്ത് പ്രസിഡണ്ട് ഉദ്ഘാടനം നിർവ്വഹിക്കുന്നു. 'വനിതാ ശക്തീകരണം വിവിധ തലങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി സംസ്ഥാന കോർഡിനേറ്റർ സി. ആനിസ് (എസ്. കെ.ഡി.)സെമിനാർ നയിക്കുന്നു. വനിത സുഹൃത്തുക്കളെ സാദരം സ്വാഗതം ചെയ്യുന്നു.

**പതാക ദിനം മാർച്ച് 19**

ഈ വർഷത്തെ അതിരൂപത തല പതാക ദിനാചരണവും അംഗത്വവിതരണവും എളവള്ളി സെന്റ് ആന്റണീസ് പള്ളിയിൽവെച്ച് നടത്തപ്പെടുന്നു. ഏവരേയും സഹർഷം സ്വാഗതം ചെയ്യുന്നു.

**ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ,**
അതിരൂപത ഡയറക്ടർ

**ശ്രീമതി മോളി ജോബി**
ജനറൽ സെക്രട്ടറി

# കലാസദൻ

**കലാസദൻ ഭാരവാഹികളെ തെരഞ്ഞെടുത്തു**

തൃശ്ശൂർ കലാസദന്റെ പുതുതായി തെരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് കമ്മിറ്റിയംഗങ്ങളുടെ യോഗം 11.02.17 (ശനി)ന് വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരിയുടെ അദ്ധ്യക്ഷതയിൽ കൂടി അടുത്ത രണ്ടുവർഷത്തേയ്ക്കുള്ള ഭാരവാഹികളായി വി. പി. ജോസഫ് (പ്രസിഡന്റ്) ബേബി മൂക്കൻ (വൈ. പ്രസിഡന്റ്) റവ. ഡോ. പോൾ പുളിക്കൻ (സെക്രട്ടറി) ആൻസൻ ആലപ്പാട്ട് (ജോ. സെക്രട്ടറി) ജോമോൻ ചെറുശ്ശേരി (ട്രഷറർ) എന്നിവരേയും വിവിധ സബ്കമ്മിറ്റി കൺവീനർ, ജോ. കൺവീനർമാരായി ജേക്കബ് ചെങ്ങലായ്, ലിയോ പി. ജോർജ്ജ് (സംഗീതം) ഫാ. ജെയ്സൺ വടക്കേത്തല, എം. ജെ. തോമസ് (സാഹിത്യം) മേഴ്സി ബാബു, ജാൻസി പോൾ (നൃത്തം), ബാബു ചിറ്റിലപ്പിള്ളി, ബിനോജ് പെല്ലിശ്ശേരി (നാടകം) ബാസ്റ്റിൻ ചെറുവത്തൂർ, തോമസ് കൊള്ളന്നൂർ (ലളിതകല) ഡോ. എ.ടി. ഫ്രാൻസീസ് (പ്രൊജക്ട് ഓഫീസർ) സി.ജെ. ജോൺ എന്നിവരെ തെരഞ്ഞെടുത്തു.

**കലാസദൻ -ഇസൈ നിലാവ് -സംഗീത വിരുന്ന്**

'കലാസദൻ തേൻതുള്ളികൾ' സംഗീത കൂട്ടായ്മയുടെ രണ്ടാമത് പ്രോഗ്രാം - ഇസൈനിലാവ് ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു.

ഇതിഹാസ സംഗീതപ്രതിഭകളായ ഇളയരാജ, എം. എസ്. വിശ്വനാഥ് - ഏ. ആർ റഹ്മാൻ എന്നിവരുടെ തമിഴ് മെലഡിഗാനങ്ങൾ ആസ്വാദകർക്ക് നവ്യാനുഭവമായി.

കലാസദൻ കലാകാരന്മാർക്കൊപ്പം പ്രശസ്ത ഗായകരായ ജ്ഞാനശേഖർ, കോവൈ പ്രദീപ്, മനോജ് കുമാർ, റീന മുരളി, റഷീക്, സിൽഡ ജോയ്, റൂഷൈൻ റോയ്, കൃഷ്ണേന്ദു എന്നിവർ ഗാനങ്ങൾ ആലപിച്ചു.

മോൺ തോമസ് കാക്കശ്ശേരി, റവ. ഡോ. പോൾ പുളിക്കൻ, മേയർ അജിത ജയരാജൻ എ.സി.പി. ഷാഹുൽ ഹമീദ്, ഫാ. ജോയ് മൂക്കൻ, ജെയ്ക്കബ് ചെങ്ങലായ്, സി.ജെ. ജോൺ എന്നിവർ സംബന്ധിച്ചു.

കൺവീനർ

ജെയ്ക്കബ് ചെങ്ങലായ്

# കെ.സി.ബി.സി. മദ്യവിരുദ്ധ മിതി, തൃശ്ശൂർ

**തൃശ്ശൂർ അതിരൂപതയ്ക്ക് സംസ്ഥാന അവാർഡ്**

കെ.സി.ബി.സി. മദ്യവിരുദ്ധ സംസ്ഥാനസമിതിയുടെ മൂന്നാം സമ്മാനത്തിന് തൃശ്ശൂർ അതിരൂപത മദ്യവിരുദ്ധ സമിതി അർഹമായി. പാലാരിവട്ടം പി.ഒ. സിയിൽ 03..02.17ന് ചേർന്ന സമ്മേളനത്തിൽ സംസ്ഥാന ചെയർമാൻ മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ പിതാവിൽ നിന്ന് അതിരൂപതാ ഭാരവാഹികൾ ട്രോഫി ഏറ്റുവാങ്ങി ഡയറക്ടറച്ചനോടൊപ്പം പ്രസിഡണ്ട് എം. കെ. ബാബു, സെക്രട്ടറി റപ്പായി മേച്ചേരി, മുൻ സംസ്ഥാന സെക്രട്ടറി ജെയിംസ് മുട്ടിക്കൽ തുടങ്ങിയവർ സംസ്ഥാന യോഗത്തിൽ സംബന്ധിച്ചു.

**ജോസ് ചെമ്പിശ്ശേരി സംസ്ഥാന സെക്രട്ടറി**

കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന സെക്രട്ടറിമാരിൽ ഒരാളായി ശ്രീ. ജോസ് ചെമ്പിശ്ശേരിയെ തെരഞ്ഞെടുത്തു. എരനെല്ലൂർ ഇടവകാംഗവും വേലൂർ ഫൊറോന മദ്യവിരുദ്ധ സമിതിയുടെ പ്രസിഡണ്ടുമായ ഇദ്ദേഹം ദീർഘകാലമായി മദ്യവിരുദ്ധ പ്രവർത്തനങ്ങളിൽ നേതൃത്വനിരയിലുണ്ട്. സ്ഥാനമൊഴിഞ്ഞ മുൻസെക്രട്ടറി ജയിംസ് മുട്ടിക്കലിന്റെ സേവനങ്ങൾക്ക് നന്ദി.

**മദ്ധ്യമേഖലാ സമ്മേളനം**

തൃശ്ശൂർ, ഇരിഞ്ഞാലക്കുട, പാലക്കാട്, കോട്ടപ്പുറം എന്നീ രൂപതകൾ ഉൾകൊള്ളുന്ന മദ്ധ്യമേഖലാ മദ്യവിരുദ്ധ സമിതിയുടെ സമ്മേളനം ഫെബ്രുവരി 8ന് പാലക്കാട് പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. മേഖലാ ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ തൃശ്ശൂർ അതിരൂപതാംഗമായ ശ്രീ. ജോസ് ചെമ്പിശ്ശേരി മേഖലാ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഫാ. പോളി കണ്ണൂക്കാടൻ, ഫാ. ജീജോ പാറയിൽ, ഫാ. ഗിൽബർട്ട്, എം.കെ. ബാബു, റപ്പായി മേച്ചേരി, റവ. സി. റോസ്‌ലിൻ എഫ്. സി. സി., സുനീഷ് സ്രാമ്പിക്കൽ, ശ്രീമതി ക്ലാര ടീച്ചർ തുടങ്ങിയവർ പങ്കെടുക്കുകയുണ്ടായി.

**ധ്യാനവും എക്സിക്യൂട്ടീവ് യോഗവും**

മദ്യവിരുദ്ധ പ്രവർത്തകരുടെ നോമ്പുകാല ധ്യാനം 26.02.2017 ഞായറാഴ്ച പാസ്റ്ററൽ സെന്ററിൽ അരങ്ങേറുന്നതാണ്. അംഗങ്ങൾ കുടുംബസമേതം പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. അന്നേദിവസം ഉച്ചകഴിഞ്ഞ് പ്രതിമാസം പതിവുള്ള എക്സിക്യൂട്ടീവ് യോഗം ചേരുന്നതായിരിക്കും.

**ഹിറ്റ്ലസ് ചാക്കുണ്ണി**
പി. ആർ.ഒ.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

# ഫ്രാൻസിസ്കൻ അല്മായസഭ

**സമാധാനവും സൗഭാഗ്യവും**

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ നേതൃത്വത്തിൽ കുറുമാൽ ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽവെച്ച് 11.02.2017 ശനിയാഴ്ച നേതൃ സംഗമം - പ്രവർത്തന കലണ്ടർ പ്രകാശനം -വ്രതവാഗ്ദാനം എന്നിവ സംഘ ടിപ്പിച്ചു. അതിരൂപതാ പ്രസിഡണ്ട് സണ്ണി വടക്കന്റെ അദ്ധ്യക്ഷതയിൽ കൂടിയ സംഗമം അതിരൂപത വികാരി ജനറാൾ മോൺ തോമസ് കാക്കശ്ശേരി ഉദ്ഘാ ടനം ചെയ്തു. ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ബെന്നി പീറ്റർ അനുഗ്രഹ പ്രഭാ ഷണം നടത്തി. പി.ഐ. സൈമൺ, ഡോ. എം.എ. ബാബു, ജോസ് പീറ്റർ, കെ. കെ. ജേക്കബ്, വി. എൽ. സൈമൺ, സെലീന ജോൺ, സി. റോസ്‌ലിൻ എന്നിവർ സംസാരിച്ചു. ഫാ. ഫ്രാങ്കോ വടക്കൻ ക്ലാസ്സ് നയിച്ചു. ഫാ. പോൾ അടമ്പുകുളം ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. 147 അംഗങ്ങൾ വ്രത വാഗ്ദാനം നടത്തി. 2017 വർഷത്തെ പ്രവർത്തന കലണ്ടർ മോൺ. തോമസ് കാക്കശ്ശേരി പ്രകാശനം ചെയ്തു.

2016 പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ അതിരൂപതയിലെ ഏറ്റവും നല്ല യൂണിറ്റുകളായി പുത്തൻപീടിക, പുതുക്കാട്, കുണ്ടന്നൂർ എന്നിവർ യഥാ ക്രമം ഒന്നും, രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. റീജിയൺ തലത്തിൽ കണ്ടശ്ശാംകടവ്, ഒല്ലൂർ, വടക്കാഞ്ചേരി എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. വി. ഫ്രാൻസീസ് അസ്സീസിയുടെ ജീവിത ചരിത്രം അടിസ്ഥാനമാക്കി നടത്തിയ ക്വിസ് മത്സരത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടി. ഷീബ പോൾസൺ മറ്റം ഒന്നാം സ്ഥാനം നേടി. റാണി തോമസ് ഏനാമാക്കൽ, റീത്ത ജോസ് പുതുക്കാട് എന്നിവർ രണ്ടുംമൂന്നും സ്ഥാനങ്ങൾ നേടി. മാർച്ച് മാസത്തിൽ നോമ്പുകാല പരിത്യാഗ സംഖ്യ ശേഖ രിച്ചു ഏതെങ്കിലും അഗതി മന്ദിരം സന്ദർശിക്കുവാൻ നിർദ്ദേശം നൽകി.

യേശുവിൽ എളിയ സഹോദരൻ

**സണ്ണി വടക്കൻ**

അതിരൂപത പ്രസിഡണ്ട്

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

രോഗിദിനമായ ഫെബ്രുവരി 11ന് ആതുരാലയങ്ങളിൽ വിവിധ പരിപാടി കളോടെ പ്രാർത്ഥനാപൂർവ്വം ആചരിച്ചു.

കാത്തലിക് നേഴ്സസ് ഗിൽഡിന്റെ മുൻകാല പ്രസിഡന്റ് ആയിരുന്ന ബ. മദർ ബ്ലസീല എഫ്. സി. സി. ജനുവരി 21ന് നിര്യാതയായി. സി.എൻ. ജി. ഐ. ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ട്, പ്രസിഡന്റ്, റവ. സി. ദെപ്പാസി സി. എസ്. സി., എക്സിക്യൂട്ടീവ് അംഗങ്ങൾ, ആദരാഞ്ജലികൾ അർപ്പിച്ച് അനുശോചനം രേഖപ്പെടുത്തി. സി.എൻ. ജി. ഐ.യുടെ വളർച്ചയുടെ പാത യിൽ സിസ്റ്ററിന്റെ സേവനം എടുത്ത് പറയത്തക്കതായിരുന്നു.

ആതുര ശുശ്രൂഷ രംഗത്ത് സേവനം ചെയ്യുന്നവർക്കായി നടത്താൻ നിശ്ച യിച്ച രണ്ട് ബാച്ച് ധ്യാനം പ്രത്യേക കാരണങ്ങളാൽ ഒരു ബാച്ച് ആയി മാറ്റി യിരിക്കുന്നു. 2017 മാർച്ച് 19 മുതൽ 24 വരെ അട്ടപ്പാടി സെഹിയോൻ ധ്യാന കേന്ദ്രത്തിൽ ധ്യാനം നടത്തുന്നു. ഈ ആത്മീയ വിരുന്നിലേയ്ക്ക് സി.എൻ. ജി. ഐ. അംഗങ്ങളെ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു. ധ്യാനത്തിന്റെ മുൻ ഒരുക്കങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നതിനായി. ഫെബ്രുവരി 15-ാം തിയതി ജൂബിലി മിഷൻ ഹോസ്പിറ്റലിൽ വെച്ച് കാത്തലിക് നേഴ്സസ് ഗിൽഡിന്റെ അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു.

| | |
|---|---|
| **ഫാ. സിജോ അരിക്കാട്ട്** | **സി. റൊസീന ഡേവീസ് എഫ്. സി. സി.** |
| ഡയറക്ടർ | സെക്രട്ടറി |

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 679-ാമതും തൃശ്ശൂർ കൂരി യായുടെ 720-ാമതും സമ്മേളനം 2017 ഫെബ്രുവരി 5 ഞായറാഴ്ച കമ്മീസിയം പ്രസിഡന്റ് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിലും ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലന്റെ സാന്നിദ്ധ്യത്തിലും പാസ്റ്ററൽ സെന്റ റിലുള്ള ഓഫീസിൽ വെച്ച് പ്രാരംഭപ്രാർത്ഥനയോടും ജപമാലയോടും കൂടി ആരംഭിച്ചു.

നിയമഗ്രന്ഥത്തിൽ നിന്ന് ബ്ര. പ്രസിഡന്റ് ജ്ഞാനവായന നടത്തി. സെക്ര ട്ടറി ബ്ര. പി.സി. കുരിയപ്പൻ മുൻ മാസ റിപ്പോർട്ടും വരവ്-ചിലവ് കണക്കും അവതരിപ്പിച്ചത് യോഗം പാസാക്കി. വൈസ് പ്രസിഡന്റ് സി. എൽസി ചുമ്മാർ ഹാജർ വിളിച്ചു. ഒല്ലൂർ, പറവട്ടാനി, പാവറട്ടി, കുരിയച്ചിറ, പഴുവിൽ, ചേർപ്പ്, മരത്താക്കര, കണ്ടശ്ശാംകടവ്, പടിഞ്ഞാറെകോട്ട, ലൂർദ്ദ്, ഏനാമാക്കൽ, കൂരി

യായും, വടക്കാഞ്ചേരി, കരുമത്ര, മച്ചാട്, കുണ്ടന്നൂർ, പുറനാട്ടുകര, പ്രസീദിയങ്ങളും ഹാജരുണ്ടായിരുന്നു. പ്രാതിനിധ്യം ഇല്ലാതിരുന്ന കൂരിയ -പുതുക്കാട്, കാഞ്ഞിരപ്പുഴ, പള്ളിക്കുന്ന്, പ്രസീദിയങ്ങൾ, വേലൂർ, തിരൂർ, കോലഴി, അത്താണി എന്നിവയായിരുന്നു. ബ്ര. പ്രസിഡന്റ് എല്ലാ മരിയ സൈനീകരേയും സ്വാഗതമാശംസിച്ചു.

സൈനീക ജപശൃംഖലയ്ക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലൻ പ്രഭാഷണം നടത്തി. ലോകത്തിന്റെ പ്രകാശമായ യേശുവിനെക്കുറിച്ചും നിക്കദേമോസിന്റെ ഈശോയോടുള്ള ചോദ്യത്തെക്കുറിച്ചും വിശദീകരിച്ചു.

വർഷം തോറും നടത്തിവരുന്ന ആച്ചിയസ് (സൈനീക പ്രകടനം) 2017 മാർച്ച് 12ന് ഏകദിന പരിപാടിയോടെ സെന്റ് മേരീസ് കോളേജിൽ വെച്ച് നടത്തുന്നതിന് തീരുമാനിച്ചു. പ്രാരംഭപ്രാർത്ഥന, ധ്യാനം, വി. കുർബ്ബാന, ഉച്ചഭക്ഷണത്തിന് ശേഷം ആച്ചിയസ് വികാരി ജനറാൽ ഉദ്ഘാടനം ചെയ്യുന്നതും, കേരള സെനാത്തൂസ് പ്രസിഡന്റ്, സി. നിർമ്മല സ്കറിയ കാഞ്ഞിരത്തിങ്കൽ അദ്ധ്യക്ഷപദം അലങ്കരിക്കുന്നതുമാണ്. ധ്യാനപ്രസംഗം ബ്ര. പോൾ നീണ്ടശ്ശേരി, കരുമത്ര ലീജിയൻ ഓഫ് മേരി പ്രസിഡന്റ് നടത്തുന്നതായിരിക്കും. മരിയ സൈനീകരുടെ പ്രധാന ചടങ്ങായ പ്രതിജ്ഞാ വാചകം ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലൻ നിർവ്വഹിച്ചതിനുശേഷം ജപമാല റാലിയായി ബസലിക്ക പള്ളിയിൽ ചെല്ലുന്നതും ബസലിക്ക റെക്ടർ റവ. ഫാ. ജോർജ്ജ് എടക്കളത്തൂർ ലഘുപ്രഭാഷണവും , ആശീർവ്വാദവും നല്കുന്നതുമാണ്. ലീജിയന്റെ ഫെബ്രുവരി മാസ ന്യൂസ് ലെറ്റർ വിതരണം ചെയ്തു. ഉദ്യോഗനിയമനം തിരുത്തി പറമ്പ് ഇടവകയിൽ ലീജിയൻ ഓഫ് മേരി സംഘടന ഭാരവാഹികളായ പ്രസിഡന്റ് ബ്ര. സി. പി. ദേവസ്സി, വൈസ് പ്രസിഡന്റ് സി. നിഷ ബാബു, സെക്രട്ടറി സി. ലിനി തലക്കോട്ടൂർ, ട്രഷറർ ബ്ര. ജോബി സി.കെ. എന്നിവരുടെ നിയമനം കമ്മീസിയം അംഗീകരിച്ചു.

സംഘടനാപ്രവർത്തന മാനദണ്ഡമനുസരിച്ച് 2017 ജനുവരി മുതൽ നവംബർ മാസം ഉൾപ്പെടെയുള്ള സംഘടനാ പ്രവർത്തനത്തിന് ഓരോ കൂരിയായിൽ നിന്നും നല്ല ഒരു പ്രസീദിയത്തെ തിരഞ്ഞെടുക്കുന്നതിനും തീരുമാനിച്ചു. ആച്ചിയസ് പരിപാടിയിൽ എല്ലാ മരിയ സൈനീകരും പങ്കെടുത്ത് പ്രതിജ്ഞ പുതുക്കുമെന്ന് അറിയിച്ചു.

അവസാനപ്രാർത്ഥനക്കും ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവ്വാദത്തിനുശേഷം കമ്മീസിയം സമ്മേളനം 5 മണിക്ക് സമാപിച്ചു.

ദിവ്യനാഥയുടെ സേവനത്തിൽ

| | | |
|---|---|---|
| **റവ. ഡോ. ജോൺ മൂലൻ** | **കെ. പി. ജോയ്** | **പി.സി. കുരിയപ്പൻ** |
| ആദ്ധ്യാത്മിക നിയന്താവ് | പ്രസിഡണ്ട് | സെക്രട്ടറി |

# കെ.സി.എസ്. എൽ.

**കെ.സി. എസ്. എൽ. സംസ്ഥാന വാർഷീകം കലോത്സവം**

കെ.സി. എസ്. എൽ. സംസ്ഥാന വാർഷീകവും കലോത്സവവും ജനുവരി 13, 14 ദിവസങ്ങളിലായി കാഞ്ഞിരപ്പിള്ളി സെന്റ് ഡോമിനിക് എച്ച്. എച്ച്. എസിൽ വച്ച് നടന്നു. തൃശ്ശൂർ അതിരൂപതയിൽ നിന്ന് പ്രതിനിധികൾ പങ്കെടുത്തു.

**സംസ്ഥാന കലോത്സവവിജയികൾ**

**യു.പി. വിഭാഗം**

| | | |
|---|---|---|
| 1. പരിചമുട്ടുകളി | Ist | ഗോഡ്വിൻ ഷാജൻ & ടീം<br>സെന്റ് പയസ് X UPS വരന്തരപ്പിള്ളി |
| 2. മോണോ ആക്ട് | IInd | സിസ സാജ് LIGHS ചൂണ്ടൽ |
| 3. ലളിതഗാനം | IIIrd | ദിയ ബെന്നി,<br>ഹോളി ചൈൽഡ് യു.പി. എസ്. ചിറളയം |

**എച്ച്. എസ്. വിഭാഗം**

| | | |
|---|---|---|
| 1. സ്റ്റഡി സർക്കിൾ | IInd | ജെസ്രിൻ മരിയ & ടീം<br>HFCGHSS ചെമ്പൂക്കാവ് |
| 2. പരിചമുട്ടുകളി | IInd | മിഥുൻ ബേബി &ടീം<br>സെന്റ് ജോസഫ് HSS വേലൂപ്പാടം |
| 3. മാർഗ്ഗംകളി | IIIrd | അമല വി.ടി. & ടീം<br>HFCGHSS ചെമ്പൂക്കാവ് |

**എച്ച്.എസ്. എസ്. വിഭാഗം**

| | | |
|---|---|---|
| 1. കെ.സി.എസ്. എൽ ഗാനം: | Ist | മേരി റോസ് & ടീം<br>സെന്റ് റാഫേൽ CGHSS ഒല്ലൂർ |
| 2. കയ്യെഴുത്തു മാസിക | Ist | SHCGHSS തൃശ്ശൂർ |
| 3. മാർഗ്ഗം കളി | Ist | SHCGHSS തൃശ്ശൂർ |
| 4. മോണോ ആക്ട് | Ist | സോന സണ്ണി LF H.S.S. ചേലക്കര |
| 5. നാടോടിനൃത്തം | IInd | നിഫ്ന ജോസഫ് LF H.S.S. മമ്മിയൂർ |
| 6. മലയാളം പ്രസംഗം | IInd | ആഷ്മി ജോയ്, SHCGHSS തൃശ്ശൂർ |
| 7. ഇംഗ്ലീഷ് പ്രസംഗം | IIIrd | നേഹ ജോഷി, SHCGHSS തൃശ്ശൂർ |
| 8. ലളിത ഗാനം | IIIrd | റോസ്ബെല്ല,<br>HSS സെന്റ് ആന്റണീസ് പുതുക്കാട് |

പങ്കെടുത്തവർക്കും വിജയികൾക്കും അനുമോദനങ്ങൾ

**KCSL Best Unit**

2016-17 അദ്ധ്യയന വർഷത്തെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന യൂണിറ്റുകളെ ബസ്റ്റ് യൂണിറ്റുകളായി തിരഞ്ഞെടുത്തു.

| | |
|---|---|
| UP Boys | - LFCUPS, Mammiyoor |
| UP Girls | - St.Pius Xth Varantharappilly |
| HS Boys | - Deepthi HS, Thalore |
| HS Girls | - HFCGHSS, Chembukkavu, SHCGHSS, Tsr. |
| HSS Boys | - Nirmalamatha Central School, Thrissur |
| HSS Girls | - SHCGHSS, Thrissur |

**അതിരൂപതാ നേതൃത്വപരിശീലന ക്യാമ്പ്**

അതിരൂപതാ നേതൃത്വ പരിശീലന ക്യാമ്പ് മാർച്ച് 11 ശനിയാഴ്ച തൃശ്ശൂർ ഫാമിലി അപ്പോസ്തോലേറ്റിൽ വച്ച് നടക്കുന്നു. രജിസ്ട്രേഷൻ ഫീ. ഒരു കുട്ടിക്ക് 100/- ആയിരിക്കും. കഴിയുന്നത്ര അംഗങ്ങളെ ഏപ്രിൽ മാസത്തിൽ സംസ്ഥാനതലത്തിൽ നടക്കുന്ന ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതിനുവേണ്ടി അതിരൂപതാ ക്യാമ്പ് ഒരു ദിവസമായി ക്രമീകരിച്ചിരിക്കുന്നു. കാലത്ത് 9 മണിക്ക് ആരംഭിക്കുന്ന ക്യാമ്പ് വൈകീട്ട് 4.30ന് സമാപിക്കും. ഒരു വിദ്യാലയത്തിൽനിന്ന് നാല് പ്രതിനിധികൾക്ക് പങ്കെടുക്കാം. വിശദവിവരങ്ങൾക്ക് ബ്ലോഗ് കാണുക.

**ബൊക്കെ ഓൺലൈൻ**

അതിരൂപതാ KCSL ന്റെ പ്രസിദ്ധീകരണമായ ബൊക്കെ മാസിക ജനുവരി ലക്കം ഓൺലൈനായാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. സംഘടനയുടെ ബ്ലോഗിൽ മാസിക ലഭ്യമാണ്.

**ഡോ. ജോൺ റാഫേൽ**
പ്രസിഡന്റ്

**റവ. ഫാ. ഡോ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

**സി.സി. വാർത്തകൾ**

1. എരുമപ്പെട്ടി ഏരിയ കൗൺസിൽ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ബ്ര. ബിജു വർഗ്ഗീസ് പി. സി. സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റു. മുൻ എ. സി. പ്രസിഡണ്ടായിരുന്ന ബ്ര. കെ.എം. ഫ്രാൻസീസിന് സെൻട്രൽ കൗൺസിലിന്റെ കൃതജ്ഞത രേഖപ്പെടുത്തി.

2. സംഘടനയുടെ കേരള റീജിയൺ കോ-ഓർഡിനേഷൻ കമ്മിറ്റി (KRCC) ഓഫീസ് തൃശ്ശൂർ വിൻസെൻഷ്യൻ കോംപ്ലക്സിൽ 26.01.2017 മുതൽ പ്രവർത്തനം ആരംഭിച്ചു. സി.സി. ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഡോ. ആന്റണി ചെമ്പകശ്ശേരി ഓഫീസിന്റെ ആശീർവ്വാദവും സംഘടനയുടെ നാഷണൽ കൗൺസിൽ പ്രസിഡണ്ട് പ്രൊഫ. ജോൺസൺ വർഗ്ഗീസ് ഉദ്ഘാടനവും നിർവ്വഹിച്ചു.

3. സംഘടനയുടെ ഇന്റർനാഷണൽ പ്രസിഡണ്ട് ജനറൽ, ബ്രസ്സീലിൽ നിന്നുള്ള ഡോ. റെനാറ്റോ ലിമ ഡി ഒലിവൈറയ്ക്ക് മാർച്ച് 8ന് ഇന്ത്യ സന്ദർശിക്കുന്നതിന്റെ ഭാഗമായി എറണാകുളത്തുള്ള കലൂർ റിന്യൂവൽ സെന്ററിൽവെച്ച് സ്വീകരണം നൽകുന്നു.

4. KRCC തല മത്സരത്തിൽ (ക്വിസ്സ് മത്സരത്തിൽ) 3-ാം സ്ഥാനത്തിന് അർഹ നായ മുല്ലശ്ശേരി കോൺഫ്രൻസ് അംഗം ബ്ര. സിൻജോ ജോസിന് സി. സിയുടെ അനുമോദനങ്ങൾ നേർന്നു.

5. മാർച്ച് 12ന് ഏരിയ കൗൺസിൽ (ഫൊറോന) തലത്തിൽ നടത്തുന്ന പ്രാർത്ഥന ഉപവാസ ദിനത്തിൽ എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരും പങ്കെടുക്കണമെന്ന് സി. സി. പ്രസിഡണ്ട് അറിയിച്ചു.

6. വിൻസെൻഷ്യൻ അഭയകേന്ദ്രത്തിന്റെ മുകൾ ഭാഗം ട്രസ്സ് വർക്ക് ചെയ്യു വാൻ തീരുമാനിച്ചു.

7. സെൻട്രൽ കൗൺസിലിന്റെ 69-ാം വാർഷികാഘോഷം ഓക്ടോബർ 1ന് പാവറട്ടി സെന്റ് ജോസഫ് ദൈവാലയത്തിൽ വെച്ച് നടത്തുവാൻ തീരു മാനിച്ചു.

8 03.03.2017 വെള്ളിയാഴ്ചയിൽ പാലയൂർ ജാഗരണ തീർത്ഥാടനത്തിന് പര മാവധി വിൻസെൻഷ്യൻ പ്രവർത്തകരും പങ്കെടുക്കണമെന്ന് യോഗത്തിൽ തീരുമാനിച്ചു.

9. ഓരോ ഏരിയ കൗൺസിലുകളും അവരവരുടെ എസിയിലെ കോൺഫ്രൻസുകൾ ഏറ്റവും വേഗത്തിൽ സന്ദർശിച്ച് സെൻട്രൽ കൗൺസിലിന് റിപ്പോർട്ട് നൽകണമെന്നും തീരുമാനിച്ചു.

| | | |
|---|---|---|
| സി.സി. ആദ്ധ്യാത്മികോപദേഷ്ടാവ് | പ്രസിഡണ്ട് | സെക്രട്ടറി |
| റവ. ഡോ. ആന്റണി ചെമ്പകശ്ശേരി | ബ്ര. കെ. എ. ഷിബു | ബ്ര. കെ. കെ. പോൾസൺ |

# ചിൽഡ്രൻസ് മിനിസ്ട്രി

ഫോൺ 0487 2325336, 9947582522, 8547250833

**തിരുബാലസംഖ്യം, അൾത്താരസംഘം, ജൂനിയർ സി. എൽ. സി., ക്രിസ്റ്റീൻ**

**തൃശ്ശൂർ അതിരൂപത കലാമത്സര സമ്മാനദാനം** – തൃശ്ശൂർ അതിരൂപത തിരുബാലസംഖ്യം, അൾത്താരസംഘം, ജൂനിയർ സി. എൽ. സി. എന്നീ സംഘടനകളുടെ 2016 – 2017 വർഷത്തെ കലാമത്സര സമ്മാനദാനം ജനുവരി 28, 2017 ന് ഡി. ബി. സി. എൽ.സി.യിൽ വച്ച് നടന്നു. നിലവിളക്കു തെളിച്ച് ആദ്യത്തെ വിഭാഗം തിരുബാലസഖ്യ സംഘടനയുടെ കലാമത്സര സമ്മാനദാന ചടങ്ങ് വികാരി ജനറാൾ മോൺ. ജോർജ് കോമ്പാറ ഉൽഘാടനം ചെയ്യുകയും സന്ദേശം നൽകുകയും ചെയ്തു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. മതബോധന ഡയറക്ടർ റവ. ഫാ. റാഫേൽ ആക്കമറ്റത്തിൽ അദ്ധ്യക്ഷത നിർവ്വഹിക്കുകയും, റവ. ഫാ. ഡെയ്സൻ മുണ്ടോപുറം അനുഗ്രഹ പ്രഭാഷണം നടത്തുകയും ചെയ്തു. റവ. സി. ജോസി, ജീന, ജോസ്, സിബി ബിജു എന്നിവർ പ്രസംഗിച്ചു. കോഡിനേറ്റർ സി. റെജി, ആനിമേറ്റർമാരായ സി. ബിൽജി, ശോഭ ജോൺസൺ, ബ്രദർ ലിവിൻ, ജീവൻ ജോയ്, പ്രിൻസി ഫ്രാൻസീസ്, അജി ജോസ്, ആനീസ് ജോയ്, പ്രീത വിൽസൺ, ബിന്ദു ജോബി എന്നിവർ നേതൃത്വം നൽകി. നവവൈദികരുടെ കുർബ്ബാനയർപ്പണവും ഉണ്ടായിരുന്നു. ഉച്ചകഴിഞ്ഞ് നടന്ന അൾത്താരസംഘം, ജൂനിയർ സി എൽ സി മീറ്റിംങ് റവ ഫാ റാഫേൽ ആക്കമറ്റത്തിൽ ഉദ്ഘാടനം ചെയ്യുകയും വിജയികൾക്കുള്ള സമ്മാനദാനം നടത്തുകയും ചെയ്തു. അതിരൂപതാ ഭാരവാഹികളും കുട്ടികളും സന്നിഹിതരായിരുന്നു. നന്ദിയോടെ യോഗം അവസാനിച്ചു. അന്നേ ദിവസം സെയിൻസ് ക്വിസ് മൽസര വിജയികൾക്കും, ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ നടത്തിയ സംസ്ഥാനതല കലാമത്സര വിജയികൾക്കും, ബെസ്റ്റ് യൂണിറ്റ്, മോഡൽ യൂണിറ്റ്, ബെസ്റ്റ് മിഷൻ കളഷൻ, ബെസ്റ്റ് പ്രയർ ഫ്രെണ്ട് കളക്ഷൻ, ബെസ്റ്റ് ജീസസ് ബർത്ത് ഡേ കളക്ഷൻ എന്നീ സമ്മാനങ്ങളും നൽകി.

**തിരുബാലസംഖ്യം**

**Best Unit** ;- Basilica Forane - Sacred Heart Convent Eng. Med.L.P.S.TSR, **Best Animator**;- Preema Paily,

**Best Student;-** Mebin Thomas, Parents Thomas & Mini

**Model Units**

| | |
|---|---|
| 1) Chelakkara | Our Lady of Grace Church, **Mayannur** |
| 2)Erumapetty | Mary Matha Church, **Marathenkode** |
| 3)Kandasankadav | St Theresa's Chruch, **Eravu** |
| 4)Mattom | St Sebastians Church, **Chittattukara** |
| 5)Ollur | St Rocky's Church, **Poothrakkal** |
| 6)Palayoor | Christ King Convent, **Pavaratty** |
| 7)Parappur | St Joseph's Church, **Amalanagar** |
| 8)Pazhuvil | St Mary's Church, **Peringottukara** |
| 9)Pudukkad | St Mary's Church**, Chittissery** |
| 10) Puthur | St Joseph Church , **Ponnukkara** |
| 11) Trichur Lourd | St John Bosco Church, **Mariapuram** |
| 12) Velur | St John Evangelist Chruch, **Kuttamkulam** |
| 13) Wadakkanchery | Arogya Matha Church, **Karumathara** |

**Best Mission Collection - St. John Bosco church - Mariyapuram**

## JUNIOR C L C -2016-17

**Best Unit** ;- Parappur Forane – St Joseph Church, **Amalanagar**, **Best Animator**;- Jeena Jose C, **Best Student;-** Jasmin Rovlet , Parents - Rovlet & Sini Rovlet

**Model Units**

| | |
|---|---|
| 1) Chelakkara | Our Lady of Grace Church, **Mayannur** |
| 2) Mattom | Nativity of Our Lady Church, **Pudussery** |
| 3) Ollur | St Mary's Church, **Anchery** |
| 4)Pazhuvil | St Antony's Chruch**, Pazhuvil** |
| 5) Pudukkad | St Mary's Church, **Chittissery** |
| 6) Trichur Lourd | Vimalanatha Church, **Paravattani** |

**Best Jesus B'day Collection:** St Joseph Church, **Amalanagar**

| | |
|---|---|
| 6) Pudukkad | St Mary's Church**, Chittissery** |
| 7) Trichur Lourd | Vimalanatha Church, **Paravattani** |
| 8) Trichur Basilica | St Anne's Church, **West Fort** |
| 9) Velur | Mount Carmel Church, **Kiralur** |
| 10) Wadakkanchery | Our Lady of Mount Carmel Church, **Kundannur** |

## Best Prayer Friend Collection: St. George Church, Mangad

**ആദ്യ കുർബ്ബാന സ്വീകരണം :** ആദ്യ കുർബ്ബാന സ്വീകരണത്തിന് ഒരുക്കുന്ന അദ്ധ്യാപകർക്കായി അർദ്ധദിന പരിശീലന പരിപാടി മാർച്ച് 11 ശനിയാഴ്ച അതിരൂപതാമതബോധന കേന്ദ്രത്തിൽ വച്ച് നടത്തുന്നു. സമയം ഉച്ചക്ക് 1.30 മുതൽ 4 വരെ. താത്പര്യമുള്ളവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. ഫോൺ: 0487 2325336, 9947582522, 8547250833

**നേതൃത്വ പരിശീലന ക്യാമ്പുകൾ**

- **ആനിമേറ്റേഴ്സ് ഫോർമേഷൻ ക്യാമ്പ്:**

  ഏപ്രിൽ 5,6,7 (ബുധൻ, വ്യാഴം, വെള്ളി) തിയതികളിൽ

- **സ്പർശ് 2017 : തിരുബാലസംഖ്യം കുട്ടികൾക്ക്**

  ഏപ്രിൽ 5,6,7 (ബുധൻ, വ്യാഴം, വെള്ളി) തിയതികളിൽ **ആനിമേറ്റേഴ്സ് ഫോർമേഷൻ ക്യാമ്പിനോടൊപ്പം നടത്തുന്നതായിരിക്കും.**

- **ബെർക്കുമെൻസ് 2017 : അൾത്താരസംഘം കുട്ടികൾക്ക്.**

  ഏപ്രിൽ 8,9,10 (ശനി, ഞായർ,തിങ്കൾ) തിയതികളിൽ

- **ക്രിസ്ത്യൻ ലൈഫ് 2017 : ജൂനിയർ സി എൽ സി കുട്ടികൾക്ക്**

  ഏപ്രിൽ 17,18,19 (തിങ്കൾ, ചൊവ്വ, ബുധൻ) തിയതികളിൽ

ഒരു ഇടവകയിൽ നിന്ന് 2 കുട്ടികൾക്കാണ് ക്യാമ്പിൽ പങ്കെടുക്കാൻ കഴിയുക. ആദ്യം ബുക്ക് ചെയ്യുന്ന 45 പേർക്കായിരിക്കും മുൻഗണന. രജിസ്ട്രഷൻ ഫീസ് ഒരു കുട്ടിക്ക് 100/ രൂപ.

**നിർദ്ദേശങ്ങൾ**

1) ആനിമേറ്റേഴ്സിനുള്ള ക്യാമ്പ് മൂന്ന് ദിവസവും രാവിലെ 9 ന് ആരംഭിച്ച് വൈകീട്ട് 4ന് അവസാനിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. രജിസ്ട്രഷൻ ഫീ 100/ രൂപ.

2) കുട്ടികളുടെ ക്യാമ്പുകൾ(തിരുബാലസംഖ്യം,അൾത്താരസംഘം,ജൂനിയർ സി എൽ സി)1-ാം ദിവസം രാവിലെ 9 ന് ആരംഭിച്ച് 3-ാം ദിവസം രാവിലെ 10 ന് അവസാനിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഈ ക്യാമ്പിൽ വച്ചാണ് അതിരൂപതാ ഭാരവാഹികളെ നിശ്ചയിക്കുന്നത്.

3) സ്പർശ് ക്യാമ്പിൽ ഇടവകകളിലും സ്കൂളുകളിലും 4-ാം ക്ലാസ്സ് മുതൽ

7-ാംക്ലാസ്സ് വരെ പഠിക്കുന്ന തിരുബാലസംഖ്യം സംഘടനയിൽ സജീവമായി പ്രവർത്തിക്കുന്നവരെയാണ് ഉദ്ദേശിക്കുന്നത്. ഒരു യൂണിറ്റിൽ നിന്ന് 2 പേർക്ക് മാത്രമേ പങ്കെടുക്കാൻ കഴിയൂ.

4) ക്രിസ്ത്യൻ ലൈഫ് ക്യാമ്പിൽ ഇടവകകളിൽ ജൂനിയർ സി എൽ സി യിൽ സജീവമായി പ്രവർത്തിക്കുന്നവരെയാണ് ഉദ്ദേശിക്കുന്നത്. ഒരു ഇടവകയിൽ നിന്ന് 2 അംഗങ്ങൾക്ക് (1 ആൺകുട്ടി,1 പെൺകുട്ടി) മാത്രമേ പങ്കെടുക്കാൻ കഴിയൂ.

**ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗ്:** അൾത്താരസംഘം കുട്ടികൾക്കായി നടത്തുന്ന ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗിൽ പങ്കെടുക്കാൻ താത്പര്യമുള്ള യുണിറ്റുകൾ മാർച്ച് 30ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. **ഏപ്രിൽ 12 ന് രാവിലെ 10 ന് ഡി ബി സി എൽ സി യിൽ വച്ച്** നടത്തുന്ന മീറ്റിങ്ങിൽ ടീം ക്യാപ്റ്റന്മാർ പങ്കെടുക്കേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 34 ടീമുകൾക്കായിരിക്കും മത്സരിക്കാനാവുക. ഏപ്രിൽ 17 മുതൽ മത്സരം ആരംഭിക്കും.

**മരിയൻ ക്യാരംസ് ലീഗ്:** ജൂനിയർ സി എൽ സി കുട്ടികൾക്കായി നടത്തുന്ന ക്യാരംസ് ലീഗിൽ പങ്കെടുക്കാൻ താത്പര്യമുള്ള യൂണിറ്റുകൾ മാർച്ച് 30 ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഏപ്രിൽ 24 മുതൽ മത്സരം ആരംഭിക്കും.**ഏപ്രിൽ 19 ന് രാവിലെ 10 ന് ഡി ബി സി എൽ സി യിൽ** വച്ച് നടത്തുന്ന മീറ്റിങ്ങിൽ ടീം ക്യാപ്റ്റന്മാർ പങ്കെടുക്കേണ്ടതാണ്. ഏപ്രിൽ 24 മുതൽ മത്സരം ആരംഭിക്കും.

**എഞ്ചലോസ് 2017:** ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2017 മെയ് 21 -ന് അതിരൂപതാതലത്തിൽ ഈ വർഷം ആഘോഷമായ കുർബ്ബാന സ്വീകരണം നടത്തിയവർക്ക് ഉച്ചതിരിഞ്ഞ് 2 മണി മുതൽ 4 മണിവരെ കുരിയച്ചിറ, സെന്റ്ജോസഫ് സ്കൂളിൽ വച്ച് സ്വീകരണം നല്കുന്നു. എല്ലാ ഇടവകളിൽ നിന്നും സഹകരണം പ്രതീക്ഷിക്കുന്നു.

**തിരുവചന പഠനം:** "എന്നാൽ അവിടുന്ന് എന്നോട് അരുൾചെയ്തു: നിനക്ക് എന്റെ കൃപ മതി; എന്തെന്നാൽ, ബലഹീനതയിലാണ് എന്റെ ശക്തി പൂർണമായി പ്രകടമാകുന്നത്." (2 കൊറിന്തോസ് 12:**9**)

**പരിചയപ്പെടുന്ന വിശുദ്ധൻ:** വി. സിറിൽ ഓഫ് ജറുസലേം (മാർച്ച് 18)

**സുകൃതജപം:** എന്റെ ഈശോയേ എന്റെ ആശ്രയമേ

**പ്രാർത്ഥനാ നിയോഗം:** വിശ്വാസത്തെ പ്രതി സഹിക്കുന്നവർക്കായി പ്രാർത്ഥിക്കുക.

| | |
|---|---|
| കോ.ഓഡിനേറ്റർ | ഡയറക്ടർ |
| സി റെജി SSPC | ഫാ ജിജോ കപ്പിലാംനിരപ്പേൽ |

# കെ. സി. വൈ. എം.

**കെ. സി. വൈ. എം. 2017 –19 വർഷത്തേക്കുള്ള പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു**

കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപത സെനറ്റ് സമ്മേളനം തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. യുവജനങ്ങളാണ് സഭയുടെ ഭാവി വാഗ്ദാനങ്ങൾ എന്നും യുവജനങ്ങൾ സമൂഹത്തിലെ വിവിധ മേഖലകളിലെ പ്രശ്നങ്ങളിൽ സജീവ ഇടപെടൽ നടത്തണമെന്നും അഭിപ്രായപ്പെട്ടു. സെനറ്റ് സമ്മേളനത്തിൽ ജോസ്മോൻ കെ. ഫ്രാൻസീസ് അദ്ധ്യക്ഷത വഹിച്ചു. ഫാ. ജിയോ കടവി, ഫാ. ജോയസ്ൺ കോരോത്ത്, സിസ്റ്റർ ടീന മരിയ, റോണി അഗസ്റ്റിൻ, അനൂപ് പുന്നപ്പുഴ, ജിയോ ജോൺ, സിന്റോ ആന്റണി, ജിനു ജോയ്, മാഫി ഡെൽസൺ, അനീഷ് മാസ്റ്റർ എന്നിവർ പ്രസംഗിച്ചു. തുടർന്ന് 2017–19 വർഷത്തേയ്ക്കുള്ള പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുകയും ചെയ്തു.

| | | |
|---|---|---|
| **ഡയറക്ടർ** | **: ഫാ. ഡിറ്റോ കൂള** | **: 9495273999** |
| **അസി. ഡയറക്ടർ** | **: ഫാ. ജെറിൻ അരിമ്പൂർ** | **: 8113991882** |
| **ആനിമേറ്റർ** | **: സി. ടീന മരിയ ഫോൺ** | **: 9544790813** |
| **പ്രസിഡന്റ്** | **: അനൂപ് പുന്നപ്പുഴ, കിള്ളിമംഗലം** | **: 9847107707** |
| **ജനറൽ സെക്രട്ടറി** | **: ജിയോ ജോൺ, പാവറട്ടി** | **: 9847678767** |
| **വൈസ് പ്രസിഡന്റ്** | **: കരോളി ജോഷ്വാ, ചിയ്യാരം** | **: 9288504709** |
| **സെക്രട്ടറി** | **: സാജൻ ജോസ്, ചിയ്യാരം** | **: 9048889131** |
| **സെക്രട്ടറി** | **: മേഫി ഡെൽസൺ, അയ്യന്തോൾ** | **: 9544545441** |
| **ട്രഷറർ** | **: സാവിയോ ജോണി, പറപ്പൂർ** | **: 9400888877** |

**കെ. സി. വൈ. എം. അതിരൂപത തലത്തിൽ മാർച്ച് മാസം നടത്തുന്ന കാര്യപരിപാടികൾ**

1. വലിയ നോമ്പിലെ ആദ്യബുധനാഴ്ച (മാർച്ച് 1), പാവറട്ടി വി. യൗസേപ്പിതാവിന്റെ തീർത്ഥകേന്ദ്രത്തിൽ രാവിലെ 10.00 മണിയ്ക്ക് വി. കുർബ്ബാന, നേർച്ച ഭക്ഷണ വിതരണവും

2. ലോക വനിതാദിനാഘോഷം മാർച്ച് 5ന് മുണ്ടൂർ മൗണ്ട് കാർമ്മൽ പള്ളിയിൽ വെച്ച് നടത്തുന്നു.

3. കെ. സി.വൈ.എം. സംസ്ഥാന സമിതിയുടെ യൂത്ത് ലീഡേഴ്സ് ക്യാമ്പ് “സ്പാർക്ക് 2017” തൃശ്ശൂർ അതിരൂപത സമിതിയുടെ ആതിഥേയത്വത്തിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ മാർച്ച് 10, 11, 12 തിയതികളിൽ

**കെ.സി.വൈ.എം. പ്രതിഷേധിച്ചു**

ബിയർ, വൈൻ, കള്ള് മുതലായവ മദ്യമല്ലെന്നുള്ള കേരള സർക്കാരിന്റെ വാദത്തിലൂടെ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചെന്നും സർക്കാർ അബ്കാരി മുതലാളിമാരുടെ വക്താക്കളായി മാറിയെന്നും കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപത സമിതിയോഗം കുറ്റപ്പെടുത്തി. സർക്കാർ നിലപാട് വരും തലമുറയെക്കൂടി കൂടുതൽ മദ്യപാനികളാക്കാനേ ഉപകരിക്കൂ. സർക്കാർ ഈ തെറ്റിദ്ധാരണ ജനകമായ നിലപാട് തിരുത്തണമെന്നും യോഗം ആവശ്യപ്പെട്ടു. അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള ഉദ്ഘാടനം ചെയ്ത യോഗത്തിൽ അതിരൂപത പ്രസിഡണ്ട് അനൂപ് പുന്നപ്പുഴ അദ്ധ്യക്ഷത വഹിച്ചു. ജോൺ പാവറർട്ടി, കരോളി ജോഷ്വാ, സാവിയോ സാജൻ, മേഫി ഡെൽസൺ, വില്യംസ്, പിൻസി ബാബു, അനീഷ് മാസ്റ്റർ, സിജോ എം. പി. എന്നിവർ പ്രസംഗിച്ചു.

കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപത സമിതിയുടെ ആഭിമുഖ്യത്തിൽ ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിനുവേണ്ടി പ്രാർത്ഥനായജ്ഞം നടത്തി. കേന്ദ്രസംസ്ഥാന സർക്കാരുകൾ ഭീകരരുടെ തടവിൽ കഴിയുന്ന ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിന് നടപടികൾ സ്വീകരിക്കണമെന്ന് കെ.സി.വൈ. എം. അതിരൂപതാ സമിതിയാവശ്യപ്പെട്ടു. കെ.സി.വൈ. എം. പ്രസിഡണ്ട് അനൂപ് പുന്നപ്പുഴ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അതിരൂപത ജനറൽ സെക്രട്ടറി ജിയോ ജോൺ, സിന്റോ പുതുക്കാട്, കരോളിൻ ജോഷ്വാ, സാവിയോ സാജൻ ജോസ്, മേഫി ഡെൽസൺ, വില്യംസ്, അനീഷ് മാസ്റ്റർ, സിജോ എം. പി. എന്നിവർ നേതൃത്വം നൽകി

**ഫാ. ഡിറ്റോ കൂള**
ഡയറക്ടർ

**അനൂപ് പുന്നപ്പുഴ**
പ്രസിഡന്റ്

**ജിയോ ജോൺ**
ജനറൽ സെക്രട്ടറി

# പാസ്റ്ററൽ കൗൺസിൽ

16-ാം പാസ്റ്ററൽ കൗൺസിലിനെ സാന്നിദ്ധ്യം കൊണ്ടും ആശയങ്ങൾ കൊണ്ടും സമ്പന്നമാക്കിയ എല്ലാ അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

**17-ാം പാസ്റ്ററൽ കൗൺസിലിന്റെ ഉദ്ഘാടനയോഗം 2017 മാർച്ച് 11-ാം തിയതി ശനിയാഴ്ച** (രാവിലെ 10 മണി മുതൽ ഉച്ച തിരിഞ്ഞ് 4 മണി വരെ) ഡി.ബി. സി. എൽ. സിയിൽ സമ്മേളിക്കുന്നു. ഏതെങ്കിലും ഇടവകയിൽ നിന്നും പാസ്റ്ററൽ കൗൺസിൽ അംഗത്തിന്റെ പേരും വിശദാംശങ്ങളും അതിരൂപത കാര്യാലയത്തിൽ എത്തിച്ചിട്ടില്ലെങ്കിൽ എത്രയും വേഗം അത് ഏല്പിക്കുക.

*17-ാം പാസ്റ്ററൽ കൗൺസിലിന്റെ 2017 വർഷത്തിലെ സമ്മേളനങ്ങൾ താഴെപ്പറയുന്ന തിയതികളിലായിരിക്കും നടത്തപ്പെടുന്നത്.*

| | | |
|---|---|---|
| **മാർച്ച്** | **11** | **ശനി** രാവിലെ 10 മുതൽ ഉച്ചതിരിഞ്ഞ് 1 വരെ |
| **ജൂൺ** | **10** | **ശനി** രാവിലെ 10 മുതൽ ഉച്ചതിരിഞ്ഞ് 1 വരെ |
| **സെപ്തംബർ** | **9** | **ശനി** രാവിലെ 10 മുതൽ ഉച്ചതിരിഞ്ഞ് 1 വരെ |
| **നവംബർ** | **11** | **ശനി** **അവാർഡ് ദിനം** ഉച്ചതിരിഞ്ഞ് 2 മുതൽ 5 വരെ |

ഈ വർഷത്തെ അതിരൂപതാ ദിനത്തോടനുബന്ധിച്ച് ജൂബിലി മിഷ്യൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടക്കുന്ന ഡയാലിസിസ് പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ സ്പോൺസർ ചെയ്യുന്നതിന് ഉദാരമായി സഹകരിക്കുവാൻ അംഗങ്ങളെ ക്ഷണിക്കുന്നു. ഡയാലിസിസ് ഒന്നിന് 500 രൂപയാണ് സ്പോൺസർ സംഖ്യ. മെയ് 15ന് മുമ്പായി സംഖ്യ ഏല്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

***ഫാ. മാത്യു കുറ്റിക്കോട്ടയിൽ***

*ജനറൽ സെക്രട്ടറി*

Registered R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.02.2017
Mar. 2017



Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005